# ടെൻസിങ്ങ്

ഗ്രന്ഥകർത്താ

ടി. പി. സി. കിടാവ്

Prescribe as non-detailed Malayalam for Std. VIII
Vide Govt. Notification No. 3 1165/63/ TBO Dated 8th. April 1963

പ്രസാധകൻ

ടി. പി. സി. കിടാവ്

വില 80 ന.പ.

മൂന്നാം പതിപ്പ് 1964

*Copyright Reserved*

*Title: Tensing (Malayalam)*

*Author: T. P. C. Kidav*

*Printed by Kurur Neelakandhan Nimbudiripad*
*at the Mathrubhumi Press, Calicut-1*

*Publisher*

*T. P. C. Kidav*

*May 1964*

# പ്രസ്താവന

ഇംഗ്ലീഷിൽ പർവ്വതാരോഹണം വിവരിക്കുന്ന അനേകം ഗ്രന്ഥങ്ങളുണ്ട്. അവയിൽ ചിലതിൻെറ സാരാംശം ഈ ചെറുഗ്രന്ഥത്തിലൂടെ നിങ്ങൾക്കാസ്വദിക്കാം. പർവ്വതാരോഹണത്തിൽ നമ്മുടെ രാജ്യക്കാർക്കു താല്പര്യമുളവാക്കാൻ ഇതുപകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ വിഷയത്തിൽ തുടർന്നുള്ള പരിശ്രമത്തിന്നു്, അങ്ങിനെ, ഇതു കാരണമായേക്കുമെന്നാണ് എൻെറ ആശ. എവറസ്റ്റിൻെറ നെറുകയിൽ ആദ്യമെത്തിയ രണ്ടു മനുഷ്യരിൽ ഒരാൾ ഭാരതീയനാണ് എന്ന വസ്തുത ഏതൊരു ഭാരതീയനെയാണ് പുളകം കൊള്ളിക്കാത്തത്? എവറസ്റ്റാരോഹണം വാസ്തവത്തിൽ പുതിയ ഇന്ത്യയുടെ ഒരു വിജയമാണ്. സ്ഥിരപ്രയത്നംകൊണ്ട് മനുഷ്യമഹത്വത്തിൻെറ ഏതു മണ്ഡലവും നമുക്കു കയ്യടക്കാൻ കഴിയുമെന്ന് ഒരിക്കൽക്കൂടി അതു തെളിയിച്ചിരിക്കുന്നു. അതിനാൽ ഏതു ഭാരതീയയുവാവും എവറസ്റ്റാരോഹണത്തിൻെറ ചരിത്രം അറിയുകയും ആ ചരിത്രത്തിന്നു പിന്നിലുള്ള സാഹസികതയുടെ അന്തസ്സത്ത ഉൾക്കൊള്ളുകയും വേണം. ഈ പുസ്തകം അതിന്നു് അല്പമെങ്കിലും ഉപകരിച്ചാൽ, ഈ ഗ്രന്ഥകാരന്നു് അതിൽപ്പരം കൃതാർത്ഥത വേറെയില്ല.

കോഴിക്കോട്,
15—8—'56.

ഗ്രന്ഥകാരൻ

# വിഷയവിവരം


പേജ്

പർവ്വതാരോഹണം

ഒരു സാഹസികവിനോദം .... 1

ലോകപ്രശസ്തിയിലേയ്ക്ക് ഉയർന്ന ചുമടുപേറി 11

മഞ്ഞിലും മലയിലും .... 29

ഷേർപ്പമാർ .... 58

പരാജയപ്പെട്ട പരിശ്രമങ്ങൾ .... 79

ലോകത്തിൻെറ നെറുകയിൽ

പതിനഞ്ചു നിമിഷം 103

ലണ്ടനിലെ സ്വീകരണം .... 124

# ടെൻസിങ്ങ്

## പവ്വതാരോഹണം ഒരു സാഹസിക വിനോദം

പവ്വതാരോഹണം ഒരു സാഹസിക വിനോദമാണ്. അപകടം നിറഞ്ഞ ഈ വിനോദം നാനാ രാജ്യക്കാരേയും ആകർഷിക്കാൻ തുടങ്ങീട്ട് നൂററാണ്ടിലധികമായി. ആദ്യം യൂറോപ്പിലും പിന്നീട് അമേരിക്ക, ആഫ്രിക്ക, ന്യൂസിലണ്ട്, കനഡ തുടങ്ങിയ രാജ്യങ്ങളിലുമാണ് ഇതിന്നു പ്രചാരം സിദ്ധിച്ചത്. യൂറോപ്പിൽ ആൽപ്പ് പവ്വതനിരയിലെ വെററർഹോൺ കൊടുമുടി 1854—ലും മെജെറോസ 1855—ലും കയറി. 1857—ൽ ലണ്ടനിൽ പവ്വതാരോഹകന്മാരുടെ ഒരു ആൽപൈൻ ക്ലബ്ബ് സ്ഥാപിതമായി. ഇത്തരം ക്ലബ്ബുകൾ പിന്നീട് യൂറോപ്പിൽ പല രാജ്യങ്ങളിലും സ്ഥാപിക്കപ്പെട്ടു. 1865—ൽ മാററർഹോൺ കയറിയതോടുകൂടി ആൽപ്പ് പവ്വതനിരകളിലെ എല്ലാ പ്രധാന കൊടുമുടികളും കീഴടക്കപ്പെട്ടുകഴിഞ്ഞിരുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങളുടേയും പര്യ

ന്വേഷണങ്ങളുടേയും കാലമായിരുന്നു അത്. അന്നാണ്, മലകയററത്തിൽ ഇന്നുപയോഗിച്ചുവരുന്ന മിക്ക സാമഗ്രികളും കണ്ടുപിടിച്ചതും കയററക്കാക്ക് അത്യാവശ്യമായ പരിശീലനം നല്കിത്തുടങ്ങിയതും. ആൽപ്പിന്നുശേഷം മലകയററക്കാർ പിറണീസ്സ്, കോക്കസെസ്സ് എന്നീ മലകളെ നേരിട്ടു. 1888 ആകുമ്പോഴേക്കും കോക്കസെസ്സിൻെറ എല്ലാ കൊടുമുടികളും കയറിക്കഴിഞ്ഞു. അതേ വർഷത്തിൽ നല്ല പരിചയം നേടിയ ഒരു സംഘം വടക്കെ അമേരിക്കയിലേക്കു പുറപ്പെട്ടു. അവർ വൈ. ഡബ്ലിയു. എസ്. ഗ്രീസിൻെറ നേതൃത്വത്തിൽ സെല്ക്കക്ക്സ് പവ്വതം കയറി. അദ്ദേഹത്തിൻെറ നേതൃത്വത്തിൽതന്നെയാണ് ന്യൂസിലണ്ടിലെ ആൽപ്പ് കയറാനുള്ള ഒന്നാമത്തെ പരിശ്രമവും നടന്നത്. അവിടെയും ഒരു ആൽപൈൻ ക്ലബ്ബ് സ്ഥാപിക്കപ്പെട്ടു. 1889—ൽ ആഫ്രിക്കയിലെ പ്രധാന കൊടുമുടികളിലൊന്നായ കിലിമഞ്ചറോ ഡോ. ഹാൻസ്മേയറും അതെ കൊല്ലത്തിൽ മൌണ്ട്കെനിയ ജെ. ഇ. എസ്സ്. മാക്കിൻഡറും കയറി. ഫ്രാൻസ്, ജമ്മനി, കനഡ എന്നിവിടങ്ങളിലെ മലകയററവും ഇക്കാലത്തായിരുന്നു. മെക്കാർത്തി, ഹോവേർഡ് പാമർ, ഹോഠംവെ തുടങ്ങിയവർ കനഡയിൽ നടത്തിയ ധീരപരിശ്രമങ്ങരം പ്രസിദ്ധങ്ങളാണ്. കനഡയിൽ റോക്കിസ്സിലെ മൌണ്ട് റോബ്ബ്സൺ, മൌണ്ട് സർസാൻഫോർഡ്, മൌണ്ട് അഡമൻട്, മൌണ്ട് ആൽബെട്ട് മൌണ്ട് വൂളി തുടങ്ങിയ കൊടുമുടികഠം 1913—ൽ കീഴടക്കപ്പെട്ടു. 19,850 അടി പൊക്കമുള്ള കനഡയിലെ ഏററവും വലിയ മൌണ്ട്ലോഗൻ എന്ന കൊടുമുടി 1925—ൽ

ടെൻസിങ്ങ്

കനഡക്കാരും ഐക്യരാജ്യക്കാരുമടങ്ങിയ ഒരു സംഘം കയറി.

ഏഷ്യയിലെ പൎവ്വതങ്ങളിൽ പ്രധാനപ്പെട്ട പലതും ഇന്നു കയറിക്കഴിഞ്ഞിരിക്കുന്നു. 1892–ൽ സർ മാട്ടിൻ കോൺവേയുടെ നേതൃത്വത്തിൽ ഒരു സംഘം ഹിമാലയത്തിലെ കാറക്കോറ പ്രദേശങ്ങളിൽ നിരീക്ഷണയാത്ര നടത്തുകയും അതിലെ 23,000 അടി ഉയരമുള്ള ഒരു കൊടുമുടി കയറുകയും ചെയ്തു. 1895–ൽ നംഗ പൎവ്വതത്തിൽവെച്ചു ഏ. എഫ്. മമ്മറിസ്സു ജീവഹാനി നേരിട്ടു. 1899–ൽ സിക്കിമിലെ ഹിമതലത്തിൽ സഞ്ചരിച്ച ഡി. ഡബ്ലിയു. ഫ്രഷ്ഫീൽഡ് പല പ്രധാന വസ്തുതകളും രേഖപ്പെടുത്തി. 1899, 1903, 1906, 1908 ഈ കൊല്ലങ്ങളിൽ ഡോക്ടർ വൎക്ക്മാനും പത്നിയും ഹിമാലയത്തിൽ ഏതാനും ചെറുതരം കൊടുമുടികൾ കയറുകയുണ്ടായി. 1907–ൽ ഡി. ജി. ബ്രൂസ്, ടി. ജി. ലോങ്ങ്സ്റ്റാഫ്, ഏ. എൽ. മം എന്നിവർ ഗഢ്വാളിലെയും കുമായൂങ്ങിലെയും പൎവ്വതപ്രദേശങ്ങളിൽ നിരീക്ഷണ പര്യടനം നടത്തി.

ലോകത്തിൽ ഏററവും ഉയരമുള്ള കൊടുമുടി ഹിമാലയത്തിലെ എവറസ്റ്റാണ്. അതു നേപ്പാളിലാണ്. അതിന്നു 29,002 അടി പൊക്കമുണ്ട്. 1841–ൽ ഹിമാലയം സൎവ്വേ ചെയ്ത സർ ജോർജ്ജ് എവറസ്റ്റിൻെറ പേരാണ് അതിന്നു നല്കപ്പെട്ടത്. എവറസ്റ്റാരോഹണത്തിന്നുള്ള ആദ്യത്തെ പരിശ്രമം നടന്നത് 1921–ലാണ്. കഴിഞ്ഞ മുപ്പതുകൊല്ലമായി ഇതിലേക്കു അനേകം പരിശ്രമങ്ങൾ നടക്കുകയുണ്ടായി. അവയെല്ലാം തിബത്തിൽ

ക്കൂടി, വടക്കൻ വഴിക്കായിരുന്നു. 1951—ലാണ് എറിക്ക് ഷിപ്ടൺ എന്ന പ്രസിദ്ധ മല കയററക്കാരൻ പടിഞ്ഞാറൻ ഹിമതടം വഴി തെക്കുനിന്നു എവറസ്റ്റിലേക്കു ഒരു വഴി കണ്ടുപിടിച്ചത്. 1952—ൽ ഒരു സ്വിസ്സ് സംഘം നേപ്പാളിൽക്കൂടിയുള്ള ഈ തെക്കൻ വഴിയിലൂടെ എവറസ്റ്റ് കയറാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. 1953—ൽ കേണൽ ജോൺ ഹണ്ടിൻെറ നേതൃത്വത്തിൽ പുറപ്പെട്ട ബ്രിട്ടീഷ് സംഘമാണ് വിജയം വരിച്ചത്. സംഘത്തിൽ ബ്രിട്ടീഷുകാരും ന്യൂസിലണ്ടുകാരുമുണ്ടായിരുന്നു.

എവറസ്റ്റ് കീഴടക്കിയതോടുകൂടി പവ്വതാരോഹണത്തിൻെറ പരമലക്ഷ്യം കൈവന്നുവെന്നു പലരും ധരിച്ചിരിക്കും. അതോടുകൂടി മലകയററക്കമ്പം നിലച്ചുകാണുമെന്നും! എന്നാൽ വാസ്തവം അതല്ല. പവ്വതാരോഹണ പരിശ്രമങ്ങൾ ഇപ്പോഴും തുടർന്നു വരുന്നുണ്ട്. ഹിമാലയത്തിലും കാറക്കോറത്തിലും മനുഷ്യൻ കാൽവെക്കാത്ത അനേകം വൻകൊടുമുടികൾ ഇനിയുമുണ്ട്. അവയ്ക്കുനേരെ അത്യാശയോടെ നോക്കി കാലം കഴിക്കുന്ന എത്രയോ സാഹസികരുമുണ്ട് ലോകത്തിൻെറ നാനാഭാഗങ്ങളിലും. സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിബന്ധങ്ങളാണ് അവരെ തടഞ്ഞുനിത്തുന്നത്. ആയിരത്തഞ്ഞൂറോളം നാഴിക നീളമുള്ള ഹിമാലയ പവ്വതനിരകളിൽ അറിഞ്ഞതും അറിയാത്തതുമായി 20,000 അടിയിലധികം പൊക്കമുള്ള അനേകശതം കൊടുമുടികളുണ്ട്. അവയ്ക്കിടയിലുള്ള അഗാധമായ അടിവാരങ്ങളും വിസ്തൃതമായ ഹിമപ്പരപ്പുകളും പരുപരുത്ത പാറക്കൂട്ടങ്ങളും ശാസ്ത്രജ്ഞ

ന്മാരെയും ഗവേഷകരേയും സദാ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

''വിജയത്തെപ്പോലെ വിജയിക്കുന്നതായി മററൊന്നില്ല'' എന്നൊരു പഴഞ്ചൊല്ലുണ്ട്. കഴിഞ്ഞ ആറു വർഷത്തിനിടയിൽ ഹിമാലയത്തിൽ ഏററവും ഉയരമുള്ള ഒമ്പതു കൊടുമുടികൾ കീഴടക്കപ്പെട്ടു. ഒന്നാമതു 1950—ൽ ഫ്രഞ്ചുകാർ അന്നപൂർണ്ണ കീഴടക്കി. ഇരുപതു കൊല്ലത്തോളം നടന്ന നിരന്തര പരിശ്രമങ്ങൾക്കുശേഷം 1953—ൽ ഒരു ബ്രിട്ടീഷുസംഘം എവറസ്റ്റ് കയറി. ഏതാനും ആഴ്ചകൾക്കു ശേഷം ജർമ്മൻകാരും ആസ്ട്രിയക്കാരുമടങ്ങിയ ഒരു സംഘം നംഗപർവ്വതാരോഹണം നടത്തി. പതിനഞ്ചുകൊല്ലം നീണ്ടുനിന്ന ആ അവിശ്രമസമരത്തിൽ അനേകം ജർമ്മൻകാർക്കു ജീവഹാനി നേരിട്ടു. 1954—ൽ ഇററലിക്കാരാണ് ആ കൊടുമുടിയെ ആക്രമിച്ചു വിജയം നേടിയത്. രണ്ടു കൊല്ലം മുമ്പ് ഒരു ബ്രിട്ടീഷുസംഘത്തെ പരാജയപ്പെടുത്തിയ ചോ ഓയു ശിഖരം അക്കൊല്ലം തന്നെ ആസ്ട്രിയക്കാർക്കു തലകുനിച്ചു. അതുവരെ മനുഷ്യർക്കു അപ്രാപ്യമെന്നു കരുതിയിരുന്ന മഹാ ശിഖരങ്ങളായ കാഞ്ചനജംഘയും മകാലുവും യഥാക്രമം ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും 1956—ൽ കീഴടക്കി. കാഞ്ചനജംഘ അരനൂററാണ്ടോളം മനുഷ്യൻെറ എതിർപ്പിനെ ചെറുത്തുനിന്നുവെങ്കിലും ഒടുവിൽ വഴങ്ങേണ്ടിവന്നു. മകാലു കഴിഞ്ഞ അഞ്ചു കൊല്ലമായി പല സംഘങ്ങളേയും അങ്ങോട്ടാകർഷിച്ചുകൊണ്ടിരുന്നു. ഈയ്യിടെ ജീൻ ഫ്രാങ്കോവിൻെറ നേതൃത്വത്തിൽ പോയ ഫ്രഞ്ചുസംഘം വിജയംനേടി.

**പർവ്വതാരോഹണം**

—— : ——

1956–ൽ ഇതാ മഹാഗിരികളിൽ പലതും ഒന്നിന്നു പിൻപെ മററൊന്നായി പരാജയം വരിച്ചുതുടങ്ങിയിരിക്കുന്നു! അടുത്ത കാലത്തു ജപ്പാൻകാർ നടത്തിയ മൂന്നാമത്തെ പരിശ്രമത്തിൽ മാനസലു കീഴടങ്ങി. അവക്കു നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളിൽ പ്രധാനം ആ പ്രദേശക്കാരുടെ എതിപ്പ്പായിരുന്നു. പവ്വതശിഖരങ്ങളിൽ സ്വൈരവിഹാരം ചെയ്യുന്ന മലദേവതകളെ അലട്ടാൻ അവരനുവദിച്ചില്ല. ഒടുവിൽ നേപ്പാറം ഗവമ്മെണ്ട് ഇടപെടേണ്ടിവന്നു. ഈ പ്രാവശ്യം അവർ വിജയിച്ചു. 1956–ൽ സ്വിസ്സ്കാർ 28,000 അടി പൊക്കമുള്ള ലോട്ട്സെ കയറി. എവറസ്റ്റിനു നേർ കിഴക്ക് ഏതാണ്ടുതന്നെ ഗാംഭീര്യമുള്ളൊരു കൊടുമുടിയാണത്. അതു കയറാൻ കഴിഞ്ഞ കൊല്ലം വിവിധ രാജ്യക്കാരടങ്ങിയ ഒരു സംഘം നോർമൻ ഡൈറൻഫത്തിൻെറ നേതൃത്വത്തിൽ ശ്രമം നടത്തി. കാലാവസ്ഥ അനുകൂലമല്ലാഞ്ഞയാൽ അവർ മടങ്ങി. 1500 അടികൂടി മാത്രമേ അന്നു കയറാൻ ബാക്കിയുണ്ടായിരുന്നുള്ളു.

കഴിഞ്ഞ ആറു കൊല്ലത്തിനിടയിൽ ഹിമാലയത്തിലെ 26,000 അടിയിലധികം പൊക്കമുള്ള പതിനേഴു കൊടുമുടികളിൽ ഒമ്പതെണ്ണം കയറിക്കഴിഞ്ഞു. ഇനി പ്രധാനമായി മൂന്നെണ്ണമേ ബാക്കിയുള്ളു. അവയിലൊന്നു ധവളഗിരി (26,795 അടി) ആണ്. സ്വിസ്സ്കാരും അർജൻടീനക്കാരും അതിൻ മുകളിലെത്താൻ തുടച്ചയായി ചെയ്ത പരിശ്രമങ്ങൾ വിഫലമായി. ഒടുവിലത്തെ 750 അടി ഇന്നും മനുഷ്യപാദസ്പർശമേല്ക്കാതെ കിടക്കുന്നു. ഇക്കൊല്ലം പോയ അർജൻടീന സംഘം കഠിനമായ

**ടെൻസിങ്ങ്**

ഹിമവഷംമൂലം തിരിച്ചുപോന്നു; രണ്ടു പോർട്ടർമാർ മരണപ്പെട്ടുകയുംചെയ്തു. ഗോസയിന്തൻ (26,291 അടി) കൊടുമുടിയും ഇതേവരെ ആരും കയറീട്ടില്ല. ഇതു ചീനയുടെ അധീനതയിലുള്ള തിബത്തിലാണ്. വെള്ളക്കാക്കിവിടെ പ്രവേശമില്ല. കഴിഞ്ഞ കൊല്ലം വെൽഷ് ഹിമാലയാരോഹണ സംഘത്തിലെ രണ്ടംഗങ്ങളെ അതിർത്തിലംഘിച്ചു എന്ന കുററത്തിന്നു അവിടെവെച്ച് അറസ്റ്റ്ചെയ്യുകയുണ്ടായി. ഈ ജനവരിയിലാണ് അവരെ വിട്ടയച്ചത്. രണ്ടാം അന്നപൂർണ്ണ(26,041 അടി)യും ആരോഹകരെ വെല്ലുവിളിച്ചുകൊണ്ടു് നിലക്കൊള്ളുന്നു. 1950—ൽ ടിൽമാൻ അതിന്മേൽ 24,000 അടിവരെ എത്തിയിരുന്നു.

ബാക്കി അഞ്ചു ശിഖരങ്ങൾ അനേകശതം നാഴിക പടിഞ്ഞാറ് കാറക്കോറത്തിലാണ്. ഇവയിൽ നാലെണ്ണം ഗാഷൽബ്രം കൂട്ടത്തിൽ പെടുന്നു. അവ ബാൾട്ടോറോ പ്രദേശത്തു അടുത്തടുത്തായി കിടക്കുന്നു.

പർവ്വതാരോഹണം പുരുഷൻെറ കുത്തകയാണെന്നൊരു ധാരണ പൊതുവെയുണ്ടു്. എന്നാൽ സ്ത്രീകൾക്കു് ഇതിലുള്ള പങ്ക് മഹനീയമാണ്. ഇക്കൊല്ലം പ്രസിദ്ധ സ്വിസ്സ് പർവ്വതാരോഹകനായ ലാംബെട്ടൊന്നിച്ചു മാഡം ക്ലോഡ് കോഗൻ എന്ന ബ്രിട്ടീഷു വനിത 24,300 അടി പൊക്കമുള്ള ഗണേശഹിമാലയം കയറുകയുണ്ടായി. 1954—ൽ ചൊ ഓയുവിലേക്കു പോയ സംഘത്തിലും ക്ലോഡ് കോഗൻ ഉണ്ടായിരുന്നു. അന്നു അവർ 25,400 അടിവരെ കയറി. അത്ര ഉയരത്തിൽ മററൊരു സ്ത്രീക്കും

ഇതുവരെ എത്താൻ കഴിഞ്ഞിട്ടില്ല. സംഘത്തിലെ ഒരംഗമായ എറിക്ക് ഗൌഷ്ടാട്ട് കാൽ തെററി അഗാധമായൊരു വിടവിൽ വീണു മരിച്ചതോടെ എല്ലാവരും മടങ്ങി. 1956—ൽ മൂന്നു സ്കോട്ടിഷ് സ്ത്രീകളുള്ള ഒരു സംഘം ഹിമാലയത്തിലേക്കു പുറപ്പെട്ടു. തുല്യ യോഗ്യതകളുള്ള തങ്ങളിൽ ആരെ നേതാവാക്കണമെന്ന സംശയം നേരിടുകയാൽ അവർ നേതാവു വേണ്ടെന്നുവെച്ചു! കാഠ്മാണ്ടുവിൻെറ വടക്കുള്ള ജഗൽഹിമാലയമായിരുന്നു അവരുടെ ലക്ഷ്യം.

അവർ നേപ്പാരം—തിബത്ത് അതിർത്തിയിൽ രണ്ടു ഉന്നത ഹിമപഥങ്ങളിൽക്കൂടി മേലോട്ടു ചെന്നു നോക്കിയപ്പോരം ജഗൽ കൊടുമുടിക്കു 23,000 അടി പൊക്കമേ ഉള്ളുവെന്നു കണ്ടു. അതിൻെറ നിറുകയിലെത്താനുള്ള ക്ലേശമോ ദുസ്സഹവും. തങ്ങളുടേതുപോലുള്ള മികച്ച ഒരു സംഘം അതിനുവേണ്ടി മിനക്കെടുക ബുദ്ധിപൂർവ്വമല്ലെന്നു കണ്ടു അവർ മടങ്ങി! എന്നാൽ മടക്കത്തിൽ 22,000 അടി ഉയരമുള്ള ഒരു പുതിയ കൊടുമുടി അവർ കയറി; അതിന്നു ഗ്യാരംഹൻ എന്നു പേർ കൊടുത്തു. സ്ത്രീകളുടെ മറെറാരു സംഘം അങ്ങോട്ടുപോയത് ഏതാനും മാസങ്ങരംക്ക് മുമ്പാണ്. 1955—ൽ ആർ. എ. എഫ്. ആരോഹണസംഘത്തിൻെറ ആഭിമുഖ്യത്തിൽ കുളു അതിർത്തിയ്ക്കു വടക്കുകിഴക്ക് സ്ഥിതിലാഹോരം ജലതട പ്രദേശങ്ങളിലേക്കുപോയ മറെറാരു മഹിളാസംഘം പറയത്തക്കതായി ഒന്നും സാധിക്കാതെ കുരംട്ടിഹിമാലയത്തിൽ ഒരു വിനോദയാത്ര നടത്തി തിരിച്ചുപോന്നു. ഇക്കഴിഞ്ഞ മാർച്ചിൽ മാദം ഡറിയാസ്സ് എന്ന സ്ത്രീ ആർതർ ബോംഗാട്ടനറൊ

**ടെൻസിങ്ങ്**

ന്നിച്ച കാഠ്മാണ്ടുവിന്നു വടക്ക് 21,000 അടി പൊക്കമുള്ള ഖാട്ടണ്ട്കാണ്ട് എന്ന കൊടുമുടി കയറുകയുണ്ടായി.

1953—ന്നുശേഷം ഈ ചുരുങ്ങിയ കാലത്തിന്നുള്ളിൽ ഇത്രയധികം കൊടുമുടികഠം കീഴടക്കപ്പെടാനുണ്ടായ പ്രേരകശക്തി എവറസ്റ്റാരോഹണം ഒന്നുമാത്രമാണ്. എവറസ്റ്റ് കയറുക മനുഷ്യസാദ്ധ്യമല്ലെന്നായിരുന്നു അതുവരെ ഉണ്ടായിരുന്ന വിശ്വാസം. അതു സാധിച്ചപ്പോഠം അതിനെക്കാഠം ഉയരം കുറഞ്ഞ മററു കൊടുമുടികളെയും കീഴടക്കാമെന്നുവന്നു. അടുത്ത കാലത്തായി കണ്ടുപിടിയ്ക്കപ്പെട്ട ജീവവായു യന്ത്രം, തണുപ്പു തട്ടാതിരിക്കാനുള്ള വസ്ത്രം, മടക്കാവുന്ന പാലം, കട്ടിമഞ്ഞിൽ നടക്കാനുള്ള മുള്ളടിബൂട്ട്സ്, മററുപകരണങ്ങഠം എന്നിവയും ഇതിലേക്കു സഹായമായിട്ടുണ്ട്.

പർവ്വതാരോഹണം വെറുമൊരു വിനോദം മാത്രമല്ല. ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, പ്രാണിശാസ്ത്രം മുതലായ വിജ്ഞാനശാഖകളിലേക്കു പർവ്വതാരോഹകർ നല്കിയ സംഭാവന അമൂല്യമത്രേ. ഈ സംഭാവനകളൊന്നും ഉണ്ടായിട്ടില്ലെങ്കിൽത്തന്നെ പർവ്വതാരോഹണത്തിന്നുവേണ്ടി ചെയ്ത കണക്കററ പരിശ്രമങ്ങഠം വെറുതെയാകുന്നില്ല. കാരണം, ഈ പരിശ്രമങ്ങഠം മനുഷ്യാത്മാവിൻെറ മഹിമയേറിയ ഒരു വശത്തെ ആവിഷ്ക്കരിയ്ക്കുന്നു. മനുഷ്യൻ ഇതുവരെ ജീവിച്ചതു പ്രകൃതിയുടെ അടിമയായാണെങ്കിൽ അവൻെറ നില മൃഗങ്ങളുടേതിൽനിന്നു ഒട്ടും മെച്ചമാകുമായിരുന്നില്ല. പ്രകൃതിയെ മനസ്സിലാക്കാനും കീഴടക്കാനുമുള്ള പരിശ്രമങ്ങളിലത്രേ മനുഷ്യൻെറ മനുഷ്യത്വം കുടികൊള്ളുന്നതു്. അടക്കാനാവാത്ത ഈ ഉത്സാഹവും സാഹ

സികതയുമാണ് എല്ലാ മനുഷ്യപുരോഗതിയുടെയും ഉറവിടം. ഉയന്ന മഞ്ഞുമൂടിയ പവ്വതശിഖരങ്ങരം മനുഷ്യൻെറ സാഹസികതയോടുള്ള പ്രകൃതിയുടെ വെല്ലുവിളിയാണ്. ആ വെല്ലുവിളിയെ നേരിടാനുള്ള മനുഷ്യപ്രയത്നത്തിൻെറ ചരിത്രം യഥാത്ഥത്തിൽ മഹത്തായൊരിതിഹാസമാകുന്നു. ഈ ഇതിഹാസത്തിൻെറ ഒരു ഭാഗം തുടന്നുവരുന്ന അദ്ധ്യായങ്ങളിൽ നിങ്ങരംക്ക വിയിയ്ക്കാം.

ടെൻസിങ്ങ്

# ലോകപ്രശസ്തിയിലേയ്ക്ക് ഉയർന്ന ചുമടുപേറി

1953 മെയ് 29-ാംനു- ഒരിയ്ക്കലും മറക്കാനാവാത്ത ചരിത്രപ്രാധാന്യമുള്ള ഒരു സുദിനമാണ്. അതുവരെ അസാദ്ധ്യമെന്നു തോന്നിയ ഒരു വൻകാര്യം—എവറസ്റ്റാരോഹണം—അന്നാണ് മനുഷ്യൻ സാധിച്ചത്. നേരം ഉച്ചയോടടുത്തു. രണ്ടു സാഹസികന്മാർ, നേപ്പാൾക്കാരനായ ടെൻസിങ്ങും ന്യൂസിലണ്ടുകാരനായ എഡ്മണ്ട് ഹില്ലാരിയും, ഹിമവാൻെറ ഏററവുമുയർന്ന കൊടുമുടിയിൽ നില്ക്കുന്നു. അവർ ആ ഗിരിശൃംഗത്തിൽനിന്നു തങ്ങൾക്കു കൈവന്ന വിജയത്തെ പരിതസ്ഥിതികൾക്കൊത്ത നിലയിൽ കൊണ്ടാടി. ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളുടേയും പതാകകൾ അവരവിടെ നാട്ടി. ചുററുപാടും കണ്ട ഗംഭീരങ്ങളായ കാഴ്ചകളുടെ ഫോട്ടോ എടുത്തു. ഒടുവിൽ വന്നവഴി കീഴ്പ്പോട്ടിറങ്ങുകയും ചെയ്തു.

അവരുടെ അവസാനസങ്കേതം ഒമ്പതാം ക്യാമ്പായിരുന്നു; സമുദ്രതലത്തിൽനിന്നു 28,000 അടി ഉയരത്തിൽ മനുഷ്യരാരും പണ്ടുറങ്ങീട്ടില്ലാത്ത അത്ര ഉരയത്തിൽ രാത്രി

കഴിച്ചുകൂട്ടി, പ്രഭാതത്തിന്നു മുമ്പ് ഇരുവരും ഉണൎന്നു. തണുപ്പകററുവാനുള്ള എല്ലാ ഉപകരണങ്ങളും ഉണ്ടായിട്ടും ദേഹമാസകലം മരവിച്ചിരുന്നു. മങ്ങിയ പുലർവെളിച്ചത്തിൽ രണ്ടുപേരും മെല്ലെ ഇഴഞ്ഞു പുറത്തേയ്ക്കു കടന്നു. രാത്രിയിൽ വിടാതെ വീശിയിരുന്ന കാററ് അപ്പോഴേയ്ക്കു നിലച്ചിരുന്നു. എവിടെയും നിശ്ശബ്ദം. ചുററും തെളിഞ്ഞുവിളങ്ങുന്ന ആകാശം. മുകളിലേയ്ക്കൊന്നു നോക്കി. വളരെ ആഴ്ചകളായി, മാസങ്ങളായി, അവർ മറെറാന്നും ചെയ്തിരുന്നില്ല, ആകാശത്തിലേയ്ക്കു നോക്കുകയല്ലാതെ. അതാ, വീണ്ടും എവറസ്റ്റ് ശിഖരം. ഒരു വ്യത്യാസം മാത്രം. ഇപ്പോളതു വളരെ അടുത്തെത്തിയിരിയ്ക്കുന്നു. ഏതാണ്ട് ആയിരം അടിമാത്രം അകലെ. നന്നായി ഒന്നേന്തിനിന്നാൽ തൊടാമെന്ന മട്ടിൽ! അപ്രാപ്യമായൊരു സ്വപ്നം. ആകാശത്തിലെ അത്യുന്നതമായൊരു കിനാവ്, എന്ന നില പോയിരിയ്ക്കുന്നു. പാറയും മഞ്ഞും കൂടിയിണങ്ങി ഉരുണ്ടുയൎന്ന് ആകാശത്തുരുമ്മുന്ന ഒരു മഹായാഥാൎത്ഥ്യം. അതിന്മേൽ തീൎച്ചയായും ആളുകൾക്കു കയറാം. ഈ പ്രാവശ്യം അതിൻെറ അററം കാണാതെ മടങ്ങുകയോ? ഇരുവരുടേയും ഉള്ളിൽ അഹങ്കാരത്തിൻെറ നേരിയൊരു നിഴൽ പാഞ്ഞു. അതോടുകൂടി രണ്ടാളും കീഴ്പ്പോട്ടൊന്നു നോക്കി. ഒരു അസാധാരണ ലോകം അഗാധതയിൽ പരന്നുകിടക്കുന്നു. പടിഞ്ഞാറു നപ്സേ, തെക്കുവശം ലോട്ട്സേ, കിഴക്കു മകാലു—എല്ലാം വിശ്രുതങ്ങളായ കൂററൻ കൊടുമുടികൾ. അവയ്ക്കപ്പുറം എണ്ണമററ മററു പൎവ്വതങ്ങളും. എല്ലാം തലയുയൎത്തി മേലോട്ട് അവരെത്തന്നെ നോക്കിനില്ക്കുകയാണ്! അവർ നില്ക്കുന്ന

കിഴക്കാന്തുക്കായ മഞ്ഞുഭിത്തിയിൽനിന്നു രണ്ടായിരമടി താഴെ ''തെക്കെ കോളി''ലാണ് ചങ്ങാതിമാരിൽ കുറേ പേർ, ലോറും ഗ്രഗറിയും മററും. അതിന്നു കീഴിലാണ് ലോട്ട്സേ കൊടുമുടിയുടെ വെൺചുമർ. പിന്നേയും നാലായിരമടിയിറങ്ങിയാൽ ''പടിഞ്ഞാറെകമ്മി'' ൻെറ അടിവാരത്തിലെത്താം. അവിടെയാണ് സംഘത്തിലെ ബാക്കി അംഗങ്ങൾ സ്ഥാനമുറപ്പിച്ചിട്ടുള്ളത്. കമ്മിന്നു കീഴിലാണ് ഹിമപ്രപാതം. അതിന്നു ചുവടെ ഖുംബുഹിമാനിയും. ഹിമാനിയ്ക്കപ്പുറം 16,000 അടി താഴെ അതാ, ആ ചാമ്പൽവെളിച്ചത്തിൽക്കൂടി കാണുന്നത് പൌരാണികമായ ത്യാങ്കബോഷേ വിഹാരമാണ്.

അവർ വീണ്ടും കയറാൻ തുടങ്ങി.

ടെൻസിങ്ങിന്നു് അതൊരു നീണ്ട വഴിയാണ്. അതേ, എവറസ്റ്റിൻെറ അടിവാരത്തിൽനിന്നു കൊടുമുടിയോളമുള്ള വഴി—സോളാഖുംബുവിൽ ചമരിമൃഗങ്ങളുടെ മേച്ചിൽ മൈതാനത്തുനിന്നു് പണ്ഡിററ് നെഹ്റുവിൻെറ വസതിയിലേയ്ക്കും ബക്കിങ്ങാം കൊട്ടാരത്തിലെ സ്വീകരണശാലയിലേയ്ക്കുമുള്ള വഴി—മലകളിലെ ഒരു വെറും കൂലിവേലക്കാരനിൽനിന്നു്, ഒരു ചുമടുപേറിയിൽനിന്നു്, മാറുനിറയെ ബഹുമതിമുദ്രകൾ തൂക്കിയ വിലപിടിച്ച കോട്ടുകൾ ധരിച്ചുംകൊണ്ടു് ആകാശവിമാനങ്ങളിൽ സഞ്ചരിയ്ക്കുന്ന, ആദായനികുതിക്കാരെ ഓർത്തു മനസ്സമാധാനമില്ലാതായ, ഒരു കീർത്തിമാനിലേയ്ക്കുള്ള വഴി—എല്ലാ പെരുവഴികളെപ്പോലെയും വിഷമമേറിയതായിരുന്നു. കാരണം അതൊരുയർന്ന വഴിയായിരുന്നു. ഒരു പർവ്വതപഥം.

**ലോകപ്രശസ്തിയിലേയ്ക്കു്**

''ഷേപ്പ്'' എന്ന പദം പൎവ്വതാരോഹണം സംബ ന്ധിച്ചു പറയുമ്പോഴൊക്കെ കേരംക്കാം. പൎവ്വതം കയറു ന്നവൎക്ക് വഴികാട്ടാനും അവരുടെ സാമാനങ്ങരം വഹി ക്കാനും ഉപയോഗപ്പെടുന്ന ഒരു വൎഗ്ഗക്കാരാണ് ഷേപ്പുകരം. ഭാരം ചുമക്കുന്നവൻ, വഴികാട്ടുന്നവൻ എന്നാണ് ഈ വാ ക്കിൻെറ അൎത്ഥമെന്നു പലരും ധരിച്ചുവെച്ചിട്ടുണ്ട്. അത് അബദ്ധമാണ്. അതൊരു വൎഗ്ഗത്തിൻെറ, ജനസമൂഹ ത്തിൻെറ പേരാണ്. ഹിമാലയത്തിൻെറ കിഴക്കൻ പ്രദേശങ്ങളിൽ ഏതാണ്ടൊരു ലക്ഷം ഷേപ്പുകരം ഇന്നു താമസിയ്ക്കുന്നുണ്ട്. ''ഷേപ്പ്'' എന്നതിൻെറ ശരിയായ അൎത്ഥം ''കിഴക്കൻ പ്രദേശത്തുകാരൻ'' എന്നാണ്. മം ഗോരം വൎഗ്ഗക്കാരാണെന്നതിൽ കവിഞ്ഞ് ഇന്ന് അവരെ ക്കുറിച്ച് ആൎക്കും അറിവില്ല. പണ്ട് അവർ തിബത്തിൽ നിന്നു വന്നു നേപ്പാളിൽ താമസമാക്കിയതാണ്. അവ രുടെ ഭാഷയും വസ്ത്രധാരണ രീതിയും ഭക്ഷണവുമെല്ലാം തിബത്തുകാരുടേതാണ്. അവരും ബുദ്ധമതക്കാർതന്നെ. ഇന്നു തിബത്തിൽ ഷേപ്പുകളുടെ ഗ്രാമങ്ങളില്ലെങ്കിലും അവരിലധികംപേരും റോങ്ങ്ബക്ക് മഹാവിഹാരവു മായി ബന്ധം പുലൎത്തിപ്പോരുന്നു.

ഇതു വമ്പിച്ച മാററങ്ങളുടെ കാലമാണെങ്കിലും ഹി മാലയച്ചുരങ്ങരംക്കു ഈ മാററങ്ങരം ബാധകമല്ല. ആയി രമായിരം കൊല്ലം മുമ്പുള്ള സ്ഥിതിതന്നെയാണ് അവി ടെ ഇപ്പോഴും. വണിക് സംഘങ്ങരം ചുരങ്ങളിൽക്കൂടെ ചരക്കുകളുമായി സഞ്ചരിയ്ക്കുന്നതു ഇന്നും കാണാം. ഷേപ്പു കളുടെ പ്രപിതാമഹന്മാർ അനേകനൂററാണ്ടുകരംക്കു മുമ്പു തിബത്തിൽനിന്നിറങ്ങി തെക്കോട്ടു നീങ്ങുകയും, നേപ്പാ

**ടെൻസിങ്ങ്**

ളിൻെറ വടക്കുകിഴക്ക് അവരുടെ ജന്മഭൂമിയായി ഇപ്പോഠം കരുതപ്പെടുന്ന സോളോഖുംബുവിൽ താവളമുറപ്പിക്കുകയും ചെയ്തു. അതിലേയാണ് ദുശ്ധകോശി, അഥവാ 'പാൽ നദി' ഒഴുകുന്നത്. ഇതിനു് എവറസ്റ്റിന്നു ചുററുമായി ഒട്ടേറെ ഉപനദികളുണ്ടു്. അഗാധമായ അടിവാരങ്ങളിൽ കൂടിയും മലയിടുക്കുകളിൽക്കൂടിയുമാണ് തെക്കൻ പ്രദേശങ്ങളിലേയ്ക്കുള്ള ഒററവഴി. ശീതകാലത്ത് എവിടേയും കട്ടിമഞ്ഞ്, ഉഷ്ണകാലത്ത് കഠിനമായ മഴയും—ഈ സമയങ്ങളിൽ ഇവിടെ യാത്ര തീരെ സാദ്ധ്യമല്ല. ഇന്നു് ഇന്ത്യയിൽനിന്നു് കാഠ്മണ്ടുവിലേയ്ക്കു പോകാൻ രണ്ടു മാർഗ്ഗങ്ങളേയുള്ളു. ഒന്നുകിൽ നടക്കുക, അല്ലെങ്കിൽ പറക്കുക.

സോളോഖുംബു ഒരു പാറപ്രദേശമാണ്. കാലാവസ്ഥ ദുസ്സഹം. എന്നാലും അവിടുത്തുകാർ തങ്ങഠക്കാവശ്യമായ ഭക്ഷണസാധനങ്ങഠ കൃഷിചെയ്തുണ്ടാക്കുന്നു. എണ്ണായിരമടിയ്ക്കും പതിനായിരമടിയ്ക്കുമിടയിൽ ഗോതമ്പവും അതിന്നുമീതെ പതിനാലായിരം അടിവരെ ബാർളിയും ഉരുളക്കിഴങ്ങും അവിടെ ഉണ്ടാക്കുന്നു. അന്നാട്ടിലെ പ്രധാന സമ്പത്തു ചെമ്മരിയാടും കോലാടും ചമരിമൃഗവുമാണ്. ചമരിമൃഗത്തിൽനിന്നു വസ്ത്രത്തിന്നു രോമവും ചെരിപ്പിന്നു തോലും വിറകിന്നു ചാണകവും ഭക്ഷണത്തിന്നു പാൽ, വെണ്ണ മുതലായവയും കിട്ടുന്നു. സോളോഖുംബുവിലെ വലിയ ഗ്രാമം നംചേ ബസാറാണ്. അതിന്നു ചുററുമാണ് ടെൻസിങ്ങിൻെറയും മററു ഷേർപ്പകളുടേയും ഗ്രാമങ്ങഠ.

ടെൻസിങ്ങ് ഏതാണ്ടു് നാല്പതുകൊല്ലം മുമ്പ് മകാലു

**ലോകപ്രശസ്തിയിലേയ്ക്കു്**

പൎവ്വതത്താഴ്വാരത്തിൽ സാമു എന്ന സ്ഥലത്തു ജനിച്ചു. സഹോദരന്മാരും സഹോദരിമാരുമായി പതിമൂന്നു പേരുണ്ടായിരുന്നതിൽ അയാളും മൂന്നു സഹോദരിമാരും മാത്രമേ ഇപ്പോഠം ജീവിച്ചിരിപ്പുള്ളു. ടെൻസിങ്ങിനെ, നാലഞ്ചു വയസ്സായപ്പോഠം അടുത്തുള്ള ഒരു വിഹാരത്തിലേയ്ക്കു വിദ്യാഭ്യാസത്തിന്നയച്ചു. മകനെ ഒരു പുരോഹിതനാക്കണമെന്നായിരുന്നു അച്ഛനമ്മമാരുടെ ആഗ്രഹം. എന്നാൽ കുട്ടി അധികകാലം വിഹാരത്തിലിരുന്നില്ല. ഒരു ദിവസം എന്തോ സംഗതിയ്ക്കു് അവിടുത്തെ പുരോഹിതന്മാരിലൊരാഠം മരപ്പലകയെടുത്തു കുട്ടിയുടെ തലയ്ക്കൊരടികൊടുത്തു. കുട്ടി വീട്ടിലേയ്ക്കോടിപ്പോയി. അതോടുകൂടി വിദ്യാഭ്യാസം അവസാനിച്ചു.

സോളോഖുംബുവിൽ ചില പുരോഹിതന്മാൎക്കു് മാത്രമേ എഴുതാനും വായിയ്ക്കാനും അറിയൂ. ഷേപ്പുകളുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവർ ആരുമില്ല. അടുത്ത കാലത്തു് നാംചേബസാറിൽ ഒരു സ്കൂഠം തുറന്നിട്ടുണ്ടു്. അതു വളരെ ചെറുതാണു്.

ടെൻസിങ്ങു് കളിച്ചും, ചില്ലറ ജോലികഠംചെയ്തും കുട്ടിക്കാലം കഴിച്ചു. അന്നൊക്കെ തിബത്തിനെക്കുറിച്ചും അവിടുത്തെ പാവനമായ ലാസാ പട്ടണത്തെക്കുറിച്ചും അച്ഛനമ്മമാർ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. ക്രമേണ മററു സ്ഥലങ്ങളെപ്പററിയും കേട്ടുതുടങ്ങി. സോളോഖുംബുവിൽനിന്നു അനേകം ഷേപ്പുകഠം മലകളും കാടുകളും കടന്നു ഡാർജിലിങ്ങിലേയ്ക്കു ജോലിയന്വേഷിച്ചു പോകപതിവാണു്. ചായത്തോട്ടങ്ങളിൽ കൂലിപ്പണി, ചുമട്ടു

ചുമക്കൽ, റിക്ഷവലി എന്നിവയാണ് അവരുടെ ജോലി.

അക്കാലത്താണ്, മലകയററത്തിൽ കേളികേട്ട ഡോക്ടർ കെല്ലാസ് എന്ന ഇംഗ്ലീഷുകാരൻ ഡാർജിലിങ്ങിലെത്തി ഷേപ്പുകളെ കൂലിക്കെടുക്കാൻ തുടങ്ങിയത്. പിന്നെ ഇന്ത്യയിലെ സേനാനായകന്മാരിലൊരാളായ ഡോക്ടർ ബ്രൂസും കുറേപ്പേരെ ശേഖരിച്ച് ഹിമാലയത്തിലേയ്ക്ക് പുറപ്പെട്ടു. ഇങ്ങിനെ ഷേപ്പുകൾ അല്പകാലത്തിനുള്ളിൽ പ്രസിദ്ധരായി. അവരെക്കൂടാതെ പർവ്വതാരോഹണം സാദ്ധ്യമല്ലെന്ന നിലയായി.

1921, '22, '24 ഈ കൊല്ലങ്ങളിൽ പ്രസിദ്ധമായ മൂന്ന് എവറസ്റ്റാരോഹണ പരിശ്രമങ്ങൾ നടന്നു. അവയിൽ സോളോഖുംബുവിൽനിന്നും ഡാർജിലിങ്ങിൽനിന്നും വളരെ ഷേർപ്പകൾ പങ്കെടുത്തു. അവർ അത്ഭുതജനകമായ പല കഥകളുമായിട്ടാണ് തിരിച്ചുവന്നത്. വിദേശീയരെക്കുറിച്ചും ആകാശത്തോളമുള്ള പുരങ്ങളെക്കുറിച്ചുമായിരുന്നു കഥകൾ. അവരെല്ലാം വളരെ വലിയ ബൂട്ട്സുകളും മുമ്പൊരിയ്ക്കലും കണ്ടിട്ടില്ലാത്ത അസാധാരണ വസ്ത്രങ്ങളുമാണ് ധരിച്ചിരുന്നത്. എവറസ്റ്റ്, എവറസ്റ്റ്—എല്ലാവരുടേയും സംസാരം എവറസ്റ്റിനെക്കുറിച്ചായിരുന്നു. ''എന്താണ് ഈ എവറസ്റ്റ്'' എന്ന് ടെൻസിങ്ങ് അവരോടു ചോദിച്ചു. ''ചോമലുങ്ക്മയില്ലേ, നാം ദിവസേന കാണുന്ന ചോമലുങ്ക്മ, അതുതന്നെ എവറസ്റ്റ്. അതാണത്രേ ഏററവും വലിയ പർവ്വതം,'' അവർ മറുപടി പറഞ്ഞു. 1922—ലെ പരിശ്രമത്തിൽ ഒരു ഹിമപാതത്തിൽപ്പെട്ട് ഏഴ് ഷേപ്പകൾ മരിച്ചു. 1924—ൽ

മല്ലോറി, ഇർവിൻ എന്നീ യൂറോപ്യന്മാരെ എവറസ്റ്റ് കൊടുമുടിയിൽവെച്ചു കാണാതായി.

കുട്ടിക്കാലത്തു ടെൻസിങ്ങിന്നു് ഏററവും ഇഷ്ടപ്പെട്ട ജോലി മേയാൻ വിടുന്ന ചമരി മൃഗങ്ങളുടെ ഒന്നിച്ചു് അലഞ്ഞുതിരിയലായിരുന്നു. ശീതകാലത്തു് മലഞ്ചെരിവുകളിൽ വളരെ ഉയരെ സഞ്ചരിക്കുക പ്രയാസം. കഠിനമായ തണുപ്പും മഞ്ഞുമായിരിക്കും. മററു കാലങ്ങളിൽ ധാരാളം പുല്ലുണ്ടാകും. നടക്കാൻ സൌകര്യമാണ്. നാംചേബസാർ 10,000 അടിയും തമ്മി 12,000 അടിയും ഉയരത്തിലാണ്. ടെൻസിങ്ങ് ചമരികളെ തെളിച്ചുകൊണ്ടു് 18,000 അടിയോളം സാധാരണ പോകാറുണ്ടു്. ഇതിന്നപ്പുറം പുല്ലു വളരുകയില്ല. മഞ്ഞുകൊണ്ടു മൂടിയിരിക്കും. ഹിമമനുഷ്യൻെറ വാസസ്ഥാനമാണ് ഇതെന്നു പറഞ്ഞുവരുന്നു. ഹിമമനുഷ്യനെക്കുറിച്ചു ടെൻസിങ്ങ് ശിശുപ്രായംമുതല്ക്കേ കേട്ടുതുടങ്ങിയതാണ്. ടെൻസിങ്ങ് ജനിക്കുന്നതിന്നുമുമ്പ് അയാളുടെ അച്ഛൻ ഇത്തരമൊരു സത്വത്തെ നേരിട്ടു കണ്ടുവത്രേ. മുപ്പതു വയസ്സിന്നു ശേഷമാണ് അവൻെറ കാല്പാടുകൾ കാണാൻ ടെൻസിങ്ങിന്നു കഴിഞ്ഞതത്. മേച്ചിൽസ്ഥലങ്ങളിൽ നടക്കുമ്പോൾ ചിലപ്പൊഴൊക്കെ എലികളുടേയും പ്രാണികളുടേയും അവശിഷ്ടങ്ങളടങ്ങിയ കാഷ്ഠം അയാൾ കാണാറുണ്ടു്. അതു് എന്തുകൊണ്ടു ഹിമമനുഷ്യൻേറതായിക്കൂടാ?

ആരിലും ഭയമുളവാക്കത്തക്ക പല യക്ഷികഥകളും വിഹാരങ്ങളിലെ പുരോഹിതന്മാർ പറയാറുണ്ടു്. പർവ്വതശിഖരങ്ങൾ നിറയെ ദേവന്മാരും ഭൂതപിശാചുക്കളുമാണെന്നും, അവരാണ് അവയുടെ കാവൽഭടന്മാരെന്നും,

അവിടെ ഹിമമനുഷ്യനെക്കാരം ഭയങ്കര ജന്തുക്കരം എത്രയോ ഉണ്ടെന്നും, അങ്ങോട്ടു ചെല്ലുന്നവരെ അവ സംഹരിയ്ക്കുമെന്നും മററും പറഞ്ഞുപരത്തുക അവരുടെ പതിവാണ്. ഇതുകൊണ്ടൊന്നും ടെൻസിങ്ങ് ഭയപ്പെട്ടില്ല. എത്രയോ ഷേർപ്പകരം ഹിമാലയം കയറിയിട്ടുണ്ട്, തിരിച്ചെത്തീട്ടുമുണ്ട്. തനിയ്ക്കും ഒന്നങ്ങോട്ടു പോകണമെന്ന് അയാരം ഉറച്ചു. ഇതയാരം കുട്ടിക്കാലം മുതല്ക്കേ സ്വപ്നം കണ്ടുവന്നതാണ്. അവയെല്ലാമതാ,—മകാലു, ലോട്ട്സേ, നപ്ത്സേ, അമാഡാബ്ളം, ഗൌരീശങ്കർ, ചോ ഒയു തുടങ്ങി എണ്ണമററവ—തലയുയർത്തി നില്ക്കുന്നു! അവയ്ക്കെല്ലാം മേലേ ചോമോലുങ്മയും (എവറസ്റ്റ്). അതിൻമീതെ പക്ഷിയ്ക്കുപോലും പറക്കുക സാദ്ധ്യമല്ല.

ദിവസം കഴിയുന്തോറും വിശാലമായ ലോകമെങ്ങിനെ എന്നറിയാൻ ടെൻസിങ്ങിന്നു ആഗ്രഹം വദ്ധിച്ചുവന്നു. പതിമ്മൂന്നാമത്തെ വയസ്സിൽ ആരുമറിയാതെ അയാരം വീടുവിട്ടോടിപ്പോയി. അച്ഛനമ്മമാക്ക് കുട്ടിയോട് വലിയ സ്നേഹമാണ്. അവനെ വിട്ടുപിരിയുന്നത് സങ്കടമാണ്. അവരെ വേദനിപ്പിയ്ക്കാതെ പോവുക എളുപ്പമല്ല, വരുന്നതുവരട്ടെ എന്നുറച്ച് ഒരു ദിവസം നന്നെ രാവിലെ അവൻ ആരും കാണാതെ അങ്ങു പുറപ്പെട്ടു. നേരിട്ടു കാറ്മാണ്ടുവിലേയ്ക്കാണ് പോയത്. മകാലുവിലൂടെയുള്ള ഒരു വളഞ്ഞ വഴിയിലൂടെയായിരുന്നു യാത്ര. കൂടെ ആരുമില്ല. കുറേ ദൂരംചെന്നപ്പോരം ചില വഴിപോക്കരെ കണ്ട് അവരൊന്നിച്ചു ചേന്നു. കാറ്മാണ്ടുവിലെത്താൻ ഒരാഴ്ചയിലധികം വേണ്ടിവന്നു. ടെൻസിങ്ങ് കണ്ട ആദ്യത്തെ വലിയ പട്ടണമാണത്. അവ

ന്നു് പരിഭ്രമവും ഭയവുമായി. അതുവരെ ബുദ്ധമതക്കാരെ മാത്രമേ അവൻ കണ്ടിട്ടുള്ളു. കാഠ്മാണ്ടുവിൽ അധികവും ഹിന്ദുക്കളാണ്. അവരുടെ വേഷത്തിലും സമ്പ്രദായങ്ങളിലും വല്ലാത്തൊരു പുതുമ തോന്നി. ഒരു ബുദ്ധ വിഹാരം കണ്ടെത്തി, അവനവിടെ താമസമാക്കി. രണ്ടാഴ്ചയോളം പട്ടണം ചുററിനടന്നു കണ്ടു. ആയിരക്കണക്കിനു ബസാറുകളും കൂററൻ കെട്ടിടങ്ങളും ക്ഷേത്രങ്ങളും മററും മുമ്പെവിടെയും അവൻ കണ്ടിട്ടില്ല.

നേപ്പാളികൾക്ക് വിശേഷപ്പെട്ട ഒരു ഗൂർക്കാപട്ടാളമുണ്ടു്. അതിലെ ഭടന്മാരിലധികവും മദ്ധ്യനേപ്പാളിൽനിന്നും പടിഞ്ഞാറൻ നേപ്പാളിൽനിന്നുമുള്ളവരാണ്. അവരുടെ മാർച്ചും സംഗീതവും ടെൻസിങ്ങിന്നു വളരെ പിടിച്ചു. മംഗോളിയരിൽനിന്നു തീരെ വിഭിന്നരായ ഹിന്ദുക്കളുടെ മുഖവും വസ്ത്രവും നടപടികളും അവൻെറ ശ്രദ്ധയെ ആകർഷിച്ചു. അവൻ അവരെത്തന്നെ വളരെനേരം നോക്കിനില്ക്കും. ഇങ്ങിനെ പലതും കണ്ടുരസിയ്ക്കാനുണ്ടായിരുന്നിട്ടും അല്പദിവസത്തിന്നുള്ളിൽ സ്വന്തം വീടിനെക്കുറിച്ചോർമ്മ വന്നു. അച്ഛനമ്മമാരെ കാണാതെ ഒരു നിമിഷം കഴിച്ചുകൂട്ടുകവയ്യ എന്ന നിലയിലായി. സോളോഖുംബുവിൽനിന്നെത്തിയ ചിലരെ അവൻ കണ്ടുമുട്ടി. അവരൊന്നിച്ചു വീട്ടിലേയ്ക്കു മടങ്ങി. ആറാഴ്ചത്തെ വിദേശപര്യടനത്തിന്നുശേഷം തിരിച്ചെത്തിയ കൊച്ചുമകനെ അച്ഛനമ്മമാർ ആഹ്ലാദാശ്രുക്കളോടെ സ്വാഗതംചെയ്തു. ആശ്ലേഷചുംബനാദികൾക്കുശേഷം അവരവനെ പിടിച്ചു നന്നായി പ്രഹരിച്ചു.

പിന്നെയും അഞ്ചു കൊല്ലം അവൻ വീട്ടിൽ താമസി

ച്ചു. അക്കാലത്ത് എവറസ്റ്റാരോഹണസംരംഭങ്ങളൊന്നുമുണ്ടായിരുന്നില്ല. 1932 ഒടുവിൽ 18 വയസ്സായതോടുകൂടി ടെൻസിങ്ങ് വീണ്ടും വീടു വിട്ടു. ഇപ്രാവശ്യം ഡാർജിലിങ്ങിലേയ്ക്കാണ് പുറപ്പെട്ടത്. ഇത്തവണയും അച്ഛനമ്മമാരെ വിവരമറിയിച്ചില്ല. അവരെയോർത്ത് അവന്നു വല്ലാത്ത വ്യസനം തോന്നി. അവർ ടെൻസിങ്ങിനെ കവിഞ്ഞ നിലയിൽ സ്നേഹിച്ചിരുന്നു—പ്രത്യേകിച്ച് അമ്മ. ഇരുവരും ശുദ്ധാത്മാക്കളും ദൈവഭക്തരുമാണ്. അമ്മ നല്ല വസ്ത്രം ധരിയ്ക്കുകയോ ഭക്ഷണംകഴിയ്ക്കുകയോ അതുവരെ ഉണ്ടായിട്ടില്ല; ഉള്ളതൊക്കെ ബുദ്ധവിഹാരങ്ങളിലെ സന്യാസിമാക്കും കന്യാസ്ത്രീകൾക്കും ദാനംചെയ്യുകയാണ് പതിവ്.

1932—ൽ പതിനെട്ടാമത്തെ വയസ്സിൽ ടെൻസിങ്ങിന്റെ ജീവിതത്തിലെ രണ്ടാം ഭാഗം ആരംഭിച്ചു. ബാലികാബാലന്മാരായ പന്ത്രണ്ടുപേരൊന്നിച്ചാണ്, പല ഗൂഢാലോചനകൾക്കുശേഷം, അവൻ സ്വദേശം വിട്ടത്. അവർ വഴിയാത്രയ്ക്കാവശ്യമായ ഭക്ഷണവും വസ്ത്രങ്ങളും കുറെയൊക്കെ കരുതിയിരുന്നു. ടെൻസിങ്ങിന്നു വീട്ടിൽനിന്നു മോഷ്ടിച്ച ഒരു കമ്പിളി മാത്രമേ ഉണ്ടായിരുന്നുള്ളു. പണം ആരുടെ കയ്യിലുമില്ല. അവർ മലകളും താഴ്വരകളും തോടുകളും പുഴകളും കടന്നു വഴിയില്ലാത്ത വൻകാടുകളിലൂടെ വളഞ്ഞുതിരിഞ്ഞു വളരെ ദിവസങ്ങൾക്കുശേഷം ഒരു വിധം ഇന്ത്യയുടേയും നേപ്പാളിന്റേയും അതിർത്തിയിലെത്തിച്ചേർന്നു. അവിടെവെച്ചു സംഘാംഗങ്ങൾതമ്മിൽ ചെറിയൊരു വഴക്കുണ്ടായി. മററുള്ളവർ ടെൻസിങ്ങിനെ കൂടാതെ സ്ഥലംവിട്ടു. ഭക്ഷണസാധനങ്ങളെല്ലാം അവ

രുടെ കയ്യിലാണ്. ടെൻസിങ്ങ് വഴിയറിയാതെ, സഹായത്തിന്നാരുമില്ലാതെ വിഷമിച്ചുനില്ക്കുമ്പോാം, അടുത്തുള്ള ഹമാനാപട്ടണത്തിൽനിന്നു് അവിടെ എത്തിയ റിങ്കലാമാ എന്ന ആാം അവനെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. അയാളും കുടുംബക്കാരും അവൻെറനേരെ വളരെ ദയയോടെ പെരുമാറി, അവിടെ താമസിപ്പിച്ചു. വീട്ടു ജോലികളും കാട്ടിൽ പോയി വിറകുകൊണ്ടുവരലുമായിരുന്നു അവൻെറ പണി. അല്പദിവസത്തിന്നുശേഷം റിങ്കലാമയൊന്നിച്ചു ടെൻസിങ്ങ് ഡാർജിലിങ്ങിലേയ്ക്കു പോയി. അവിടത്തെ കാഴ്ചകളധികവും മുമ്പെവിടെയും കാണാത്തവയായിരുന്നു. അതു കാം്മാണ്ടുവേപ്പോലെ അത്ര വലിയ പട്ടണമല്ലെങ്കിലും അതിനേക്കാളേറെ എല്ലാംകൊണ്ടും പരിഷ്ക്കരിച്ചതാണ്. പട്ടണം നിറയെ പലവിധ യന്ത്രങ്ങളും, എഞ്ചിനുകളുമുള്ളതായി അവൻ കണ്ടു. അവിടെവെച്ചാണ് അവൻ ആദ്യം തീവണ്ടി കണ്ടതു്. വിദേശീയർ, പ്രത്യേകിച്ചും ഇംഗ്ലീഷുകാർ, അവിടെ ധാരാളമുണ്ടായിരുന്നു.

ഡാർജിലിങ്ങിന്നടുത്തു് ആലുബാറി എന്ന ഗ്രാമത്തിൽ റിങ്കലാമയുടെ മച്ചുനനായ പൌരി എന്ന ഒരാളുടെ കൂടെ അവൻ താമസമാക്കി. അയാളുടെ പതിനഞ്ചു പശുക്കളെ നോക്കുകയായിരുന്നു ഉദ്യോഗം. അവിടെ വെച്ചു നീപ്പാളി, യാൽമോ എന്നീ ഭാഷകാം പഠിയ്ക്കാൻ തുടങ്ങി. അക്കാലത്തു് ടെൻസിങ്ങ് ഡാർജിലിങ്ങിൽ പാൽ വില്ക്കാൻ പോയിരുന്നു. പട്ടണം സ്ഥിതിചെയ്യുന്നതു് വടക്കു മുഖമായി ഒരു മലയുടെ ചെരിവിലാണ്. അവിടെനിന്നു് ഏതാണ്ടു് അമ്പതു നാഴിക അകലെ

സിക്കിം താഴ്വാരത്തിന്നപ്പുറം കാഞ്ചനജംഘ ഉൾപ്പെടെയുള്ള ഹിമാലയത്തിൻെറ കിഴക്കൻനിരകൾ കാണാം. മലയുടെ അടിവാരത്തിലാണ് ബസാറുകളും ക്ഷേത്രങ്ങളും ഇടുങ്ങിയ റോഡുകളുമുള്ള പഴയ പട്ടണം. മേലോട്ടുപോകുന്തോറും പട്ടണം പാടേ മാറുന്നു. ഇംഗ്ലീഷുകാരുടേയും ധനികരായ ഇന്ത്യക്കാരുടേയും വാസസ്ഥലമാണത്. അവിടത്തെ ഷാപ്പുകളും ചായക്കടകളും സിനിമാഹാളുകളും രാജധാനികളും കൊട്ടാരങ്ങൾപോലുള്ള ഹോട്ടലുകളും ടെൻസിങ്ങിനെ ആശ്ചര്യപ്പെടുത്തി.

1933–ൽ അവിടെ പ്രധാനമായൊരുസംഭവമുണ്ടായി. അക്കൊല്ലവും ആദ്യം ഇംഗ്ലണ്ടിൽനിന്നു് ഒരു സംഘം പർവ്വതാരോഹകന്മാർ ഡാർജിലിങ്ങിലെത്തി. അവിടത്തെ ഷേർപ്പകളിലധികം പേരും ജോലിയന്വേഷിച്ചു സംഘം നേതാവായ ഹ്യൂറട്ട്ലജിനെ ചെന്നുകണ്ടു. ടെൻസിങ്ങിന്നും അവരൊന്നിച്ചു പോകാൻ ഒരാശ തോന്നി. അവൻ സ്നേഹിതന്മാരായ ചില ഷേർപ്പകളെ ഇതറിയിച്ചു. നന്നെ കുട്ടിയാണെന്നു് പറഞ്ഞ് അവർ അവന്നു ഒരു സഹായവും ചെയ്തില്ല. അവൻതന്നെ ഒരു ശ്രമം നടത്തിനോക്കി. ചെല്ലുന്നേടത്തെല്ലാം ''നീ ഈ ജോലി മുമ്പ് ചെയ്തിട്ടുണ്ടോ?'' എന്നായിരുന്നു ചോദ്യം. ''ഇല്ല'' എന്നറിയിച്ചാൽ ''പരിചയമുള്ളവരെ മാത്രമേ വേണ്ടൂ'' എന്നു പറഞ്ഞു മടക്കിയയയ്ക്കും. അങ്ങിനെ 1933 കഴിഞ്ഞു. ടെൻസിങ്ങിന്നു ഒന്നും കിട്ടിയില്ല. പിന്നെ 1935 വരെ യാതൊരനക്കവുമില്ല. അക്കൊല്ലമാദ്യം മറെറാരു സംഘം വരുന്നുവെന്ന വർത്തമാനം ഡാൽജിലിങ്ങിൽ പരന്നു. സംഘനേതാവ് എറിക്ക്ഷിപ്ടൺ

അധികം താമസിയാതെ എത്തി. വരവ് അല്പം താമസിച്ചതുകൊണ്ടു് പൎവ്വതാരോഹണം മഴക്കാലം കഴിഞ്ഞിട്ടാവാം, തല്ക്കാലം സ്ഥലനിരീക്ഷണം കഴിയ്ക്കാമെന്നു അദ്ദേഹം നിശ്ചയിച്ചു.

ഈ പ്രാവശ്യവും ടെൻസിങ്ങ് ശ്രമം തുടങ്ങി. മി. ഷിപ്‌ടനും ഹിമാലയൻക്ലബ്ബിൻെറ സെക്രട്ടരി മി. ക്ലിഡ്ഡും ഷേൎപ്പകളെ തിരഞ്ഞെടുക്കാൻ തുടങ്ങി. അവൎക്കും മുമ്പ് മല കയറിയവരെ മാത്രമേ കണ്ണിൽ പിടിച്ചുള്ളു. ടെൻസിങ്ങ് വിഷമത്തിലായി. രണ്ടുപേരെക്കൂടി ആവശ്യമുണ്ടെന്നു പിന്നെയൊരറിയിപ്പുണ്ടായി. ഇരുപതോളം അപേക്ഷകരുണ്ടായിരുന്നു. ടെൻസിങ്ങ് കാക്കി ബുഷ് കോട്ടും കാലുറയും ധരിച്ചു ആരും ആവശ്യപ്പെടാതെ അവരുടെ അണിയിൽ ചെന്നുനിന്നു. ഓരോരുത്തരെ വിളിച്ചു ചോദ്യംചെയ്യാൻ തുടങ്ങി. ടെൻസിങ്ങിൻെറ ഊഴമെത്തി. സൎട്ടിഫിക്കററു കാണിയ്ക്കാനാവശ്യപ്പെട്ടു. എന്തു സൎട്ടിഫിക്കററ്! സായ്പന്മാരുമായി ഒരു വാദപ്രതിവാദം നടത്താൻ ടെൻസിങ്ങ് ആഗ്രഹിച്ചു. എന്നാൽ ഇംഗ്ലീഷോ ഹിന്തുസ്ഥാനിയോ നിശ്ചയമില്ലാത്ത അയാരം എങ്ങിനെ വാദിയ്ക്കും? സൎട്ടിഫിക്കററ് കയ്യിലില്ലെന്നു് അയാരം ആംഗ്യംകൊണ്ടു് അവരെ ധരിപ്പിച്ചു. അല്പനേരം അവർ എന്തോ തമ്മിൽ സംസാരിച്ചതിന്നുശേഷം അയാളെ ഒരു വിധം സംഘത്തിലേയ്ക്കെടുത്തു.

മുൻപതിവനുസരിച്ചു സംഘം ഡാർജിലിങ്ങിൽ നിന്നു സിക്കിംവഴി വടക്കോട്ടു തിബത്തിലേയ്ക്കു പുറപ്പെട്ടു. നേരെ പോവുകയാണെങ്കിൽ ഡാർജിലിങ്ങിൽനിന്നു നൂറു നാഴികയേ ദൂരമുള്ളു. കുന്നും മലകളും കയറി ആദ്യം

വടക്കോട്ടും പിന്നീട്ട പടിഞ്ഞാട്ടും വളഞ്ഞുതിരിഞ്ഞു പോകേണ്ടിവന്നതുകൊണ്ട മുന്നൂറുനാഴികയോളം യാത്ര ചെയ്യേണ്ടിവന്നു. കാട്ടപ്രദേശങ്ങറം കടന്നു, കാററും പൊടിയും ഏററുകൊണ്ടുള്ള ആ ദീഘ്ഘയാത്ര ക്ലേശകരമായിരുന്നു. ഈ പഴയ വടക്കൻവഴിയ്ക്കു് ഒരു ഗുണമുണ്ട്: സാമാനങ്ങളെല്ലാം കോവർകഴുതകളുടെ പുറത്തു് കയററിക്കൊണ്ടുപോകാം. എന്നാൽ നേപ്പാളിലൂടെയുള്ള പുതിയ വഴിയിൽ പുഴകളും കയർപ്പാലങ്ങളും വളരെയുണ്ട്. സാമാനങ്ങറം യാത്രക്കാർ പുറത്തേററിക്കൊണ്ടുപോകതന്നെ വേണം.

ഈ സംഘത്തിൽ 12 ഷേപ്പ്കറംമാത്രമേ ഉണ്ടായിരുന്നുള്ളു. തിബത്തിലൂടെയുള്ള യാത്ര സാവധാനത്തിൽ പല നിരീക്ഷണങ്ങളും നടത്തിക്കൊണ്ടുള്ളതായിരുന്നു. റോങ്ങ്ബ:ക്കിൽ എത്തിയതോടെ അവർ നേരിട്ട് എവറസ്റ്റിലേയ്ക്കു പോയില്ല. ചെറുശിഖരങ്ങളും ചുരങ്ങളും മററും പരിശോധിയ്ക്കുകയാണുണ്ടായതു്. വടക്കൻ ചുരത്തിന്നു കീഴെ, മൂന്നാം ക്യാമ്പിന്നടുത്തു്, അവർ കണ്ട കാഴ്ച വ്യസനകരമായിരുന്നു. അടുത്തു മുമ്പത്തെ കൊല്ലം മോറിസ് വിൽസൻ എന്ന ഒരു ഇംഗ്ലീഷുകാരൻ മൂന്നു തിബത്തുകാരോടുകൂടി എവറസ്റ്റ് കയറാൻ പോയി. അദ്ദേഹത്തിൻെറ ശവമുണ്ട് അവിടെ കിടക്കുന്നു—അവടവിടെ ഉണങ്ങിച്ചുളിഞ്ഞ, തോലൊട്ടിപ്പിടിച്ച ഒരസ്ഥിക്കൂടം.

സംഘം യാത്ര തുടന്നു. താണപ്രദേശങ്ങളിൽ 60 മുതൽ 90 വരെ റാത്തൽ സാമാനങ്ങറം പുറത്തേററിനടന്നു. ഉയരം ഏറുന്തോറും ചുമടിൻെറ ഭാരം കുറയ്ക്കേണ്ടിവന്നു. നേരെ മേലോട്ടോ, കീഴ്ോട്ടോ ഉള്ള വഴിയല്ല; കുറെ മേ

ലോട്ട കയറിയാൽ മറുഭാഗത്തുകൂടി അത്രതന്നെ താഴോട്ടിറങ്ങണം. അങ്ങിനെ ദിവസങ്ങളും ആഴ്ചകളും ഒട്ടേറെ കഴിഞ്ഞു. സംഘത്തിലുള്ളവക്കെല്ലാം പ്രത്യേകവസ്ത്രങ്ങളും ബൂട്ട്സുകളും കണ്ണടകളും സ്റ്റൗവുകളും ഉറങ്ങാനുള്ള ഉറകളും കൊടുത്തിരുന്നു. ഇവയൊന്നും ടെൻസിങ്ങ് മുമ്പ് കണ്ടിട്ടില്ല.

പവ്വതാരോഹണം സംബന്ധിച്ച് പലതും അയാഠം ക്ക് പഠിക്കേണ്ടിയിരുന്നു. മഞ്ഞിൻകട്ടയും ഹിമപ്രവാഹവും സുപരിചിതമാണ്. അങ്ങിനെയല്ല പവ്വതാരോഹണം. കയറുപയോഗിക്കുക, കോടാലികൊണ്ടു മഞ്ഞിൽ ചവിട്ടുപടികഠം വെട്ടിയുണ്ടാക്കുക, തമ്പടിക്കുക, അതു പൊളിക്കുക, ആപത്തില്ലാത്ത എളുപ്പമാഗ്ഗങ്ങഠം തിരഞ്ഞുപിടിക്കുക—ഇങ്ങിനെ പലതും അയാഠംക്കു ശീലിക്കേണ്ടി വന്നു. ഒരു വെറും പോർട്ടർമാത്രമായിരുന്ന ടെൻസിങ്ങിന്നു വലിയ ഉത്തരവാദിത്വങ്ങളൊന്നും കൊടുത്തിരുന്നില്ല. എന്നാൽ നല്ലപോലെ ജോലിചെയ്യുതുകൊണ്ടു സായ്പന്മാക്കയാളെ ഇഷ്ടമായി. ''വടക്കേക്കോളിൽ'' 22,000 അടി ഉയരംവരെ അവർ ചെന്നു. ഒരു വെറും നിരീക്ഷണസംഘമായിരുന്നതുകൊണ്ട് അതിലധികം കയറാനാവശ്യമായ സാമഗ്രികളോ ആളുകളോ സംഘത്തിലുണ്ടായിരുന്നില്ല. അങ്ങിനെ അവരെല്ലാം മടങ്ങി.

ടെൻസിങ്ങ് ഡാർജിലിങ്ങിൽ തിരിച്ചെത്തി കുറച്ചു കാലം ഭാര്യയൊന്നിച്ചു താമസിച്ചു. 1935-ൽ ആദ്യത്തിലാണ് അയാഠം കല്യാണം കഴിച്ചതു്. സോളോഖുംബുവിൽത്തന്നെ പിറന്ന അവളുടെ പേർ ഭാവാഫുട്ടി എന്നാ

ണ്. ഫുട്ടി എന്നുവെച്ചാൽ ''സന്താനസൌഭാഗ്യവതി'' എന്നത്ഥം. ആ ആണ്ടിലെ ശരല്ക്കാലത്തു് അയാറം വീണ്ടും പുറപ്പെട്ടു. ഇത് വടക്കൻ സിക്കിമിൽ കാഞ്ചനജംഘയ്ക്കടുത്തു 24,000 അടി ഉയരമുള്ള കബ്രു ക്കൊടുമുടിയിലേയ്ക്കായിരുന്നു. അതു തെളിവുള്ള ദിവസങ്ങളിൽ ഡാർജിലിങ്ങിൽനിന്നു നല്ലപോലെ കാണാം. കയററക്കാർ ഇന്ത്യൻപോസ്റ്റ് ആൻഡ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെൻറിലേ ഒരു എഞ്ചിനിയറായ മി. കുക്കും, അദ്ദേഹത്തിൻെറ ഒരു ജമ്മൻസ്നേഹിതനുമായിരുന്നു—ടെൻസിങ്ങുറംപ്പെടെ നാലു ഷേപ്പ്കളും. ഏററവും വലിയ ചുമട്ട പേറിയത് അയാളാണ്. എണ്പതു റാത്തൽ അരി ചുമന്നു് ഒന്നാം ക്യാമ്പുവരെ കൊണ്ടുപോയി. കുക്കും സ്നേഹിതനും കൊടുമുടിയുടെ അററംവരെ കയറി. ഷേപ്പ്കളിലാക്കും അവരൊന്നിച്ച് എത്താൻകഴിഞ്ഞില്ല.

1936 വസന്തത്തിലാദ്യം അയാറം രണ്ടു ആരോഹണസംഘങ്ങളിൽ പങ്കുകൊണ്ടു. ആദ്യത്തേത് എവറസ്റ്റിലേയ്ക്കു്. അതിലും എറിക്ക് ഷിപ്ടൺ അംഗമായിരുന്നു. പ്രസിദ്ധരായ പല ബ്രിട്ടീഷ് മലകയററക്കാരും അതിലുണ്ടായിരുന്നു. 1933—ലെ ഹ്യൂററ്ലഡ്ജ്തന്നെ ഇതിൻെറയും നേതാവ്. വലിയൊരു സംഘമായിരുന്നു ഇത്—ഒട്ടേറെ സായ്പന്മാരും, അറുപതോളം ഷേപ്പ്കളും ഇത്തവണ ഡാർജിലിങ്ങിൽനിന്നല്ല, കാലിംപോങ്ങിൽനിന്നാണ് പുറപ്പെട്ടത്. സാമാനങ്ങറം വാഹനങ്ങറംവഴി അവിടെ എത്തിച്ചു. അവർ രണ്ടു സംഘമായിട്ടാണ് പുറപ്പെട്ടത്. സംഘമൊന്നിച്ചുള്ള ഡോക്ടരെ പരിചരിയ്ക്കുകയായിരുന്നു ടെൻസിങ്ങിൻെറ ജോലി. പ്രഥമശുശ്രൂ

ലോകപ്രശസ്തിയിലേയ്ക്കു്

ശ്രൂഷ, മുറികാംക്കുള്ള ചികിത്സ തുടങ്ങി പലതും അയാാം ക്ക് ഈ അവസരത്തിൽ പഠിയ്ക്കാൻ കഴിഞ്ഞു. ഇത്തവണ വിജയിക്കുമെന്നായിരുന്നു എല്ലാവരുടേയും പ്രതീക്ഷ. എന്നാൽ നിർഭാഗ്യവശാൽ കാലപ്പിഴ അവരെ ചതിച്ചു. ഒന്നും രണ്ടും മൂന്നും ക്യാമ്പുകാം അവർ ഹിമാനികളിൽ സ്ഥാപിച്ചു. കഠിനമായ മഞ്ഞുമഴ ഹേതുവായി അതിന്നപ്പുറം കയറാൻ സാധിച്ചില്ല. കാലാവസ്ഥ മാറുവാൻ കുറെ ദിവസം അവിടെ കാത്തുനോക്കിയിട്ടും ഫലമുണ്ടായില്ല. ആക്ഷം ജീവഹാനികൂടാതെ സംഘം ഒരുവിധം രക്ഷപ്പെട്ടു.

എന്നാൽ മടക്കയാത്രയിൽ ഒരപകടം പററി. ഗഡോങ്ങ്വാഗ എന്ന സ്ഥലത്ത് ഇരമ്പിയൊഴുകുന്ന ഒരു വലിയ പുഴ കടക്കണം. വിലങ്ങനെ ഇരുകരകളിലുമായി ഒരു കയർ കെട്ടിയിട്ടുണ്ട്. ഓരോ ആളേയും വലസഞ്ചിയിലാക്കി ഈ കയറിന്മേലൂടെ ഉരുളിൻെറ സഹായത്തോടെ അക്കരെയ്ക്കു വലിച്ചെത്തിയ്ക്കുകയാണ്. ഒരു ഷേപ്പയൊഴികെ മറെറല്ലാവരും ഇങ്ങിനെ കടന്നു. അയാളാകട്ടെ, തന്നെ സഞ്ചിയിലാക്കി വലിച്ചു കടത്തേണ്ടെന്നും, താൻ കയറിന്മേലൂടെ അക്കരയെത്താമെന്നും ശഠിച്ചു അയാാം പുറപ്പെട്ടു. പുഴയുടെ ഏതാണ്ടു പകുതിയെത്തിയപ്പോാം കൈ തളൻ്റു പുഴയിൽ വീണു. നീന്താനറിയുന്ന ചില സാഹ്ലന്മാർ പെട്ടെന്നു് കുപ്പായമൂരിയിട്ടു പുഴയിൽ ചാടിയെങ്കിലും ഒഴുക്കിൻെറ ശക്തികാരണം അവക്കു ഷേപ്പയുടെ അരികിലെത്താൻ കഴിഞ്ഞില്ല. ടെൻസിങ്ങിൻെറ ഒരു ചങ്ങാതി അങ്ങിനെ ഒലിച്ചുപോയി.

**ടെൻസിങ്ങ്**

M. UNAVIRVL ISLAM HIGH SCHOOL
Date............
ERNAKULAM.

# മഞ്ഞിലും മലയിലും

1936–ലെ എവറസ്റ്റ് പ്രയാണത്തിന്നുശേഷം ടെൻസിങ്ങ് അധികകാലം ഡാർജിലിങ്ങിൽ താമസിച്ചില്ല. എറിക്ക്ഷിപ്ടൺ ഡൽഹിക്കു വടക്ക് മദ്ധ്യഹിമാലയത്തിൽ ഗഢ്വാളിലേക്കു് പുറപ്പെട്ടപ്പോൾ ടെൻസിങ്ങിനെയും കൂടെക്കൊണ്ടുപോയി. അക്കാലത്താണു അയാൾ ഒന്നാമതായി തീവണ്ടിയാത്രചെയ്തതും കല്ക്കത്ത, ഡൽഹി മുതലായ വലിയ പട്ടണങ്ങൾ കണ്ടതും സമതലപ്രദേശങ്ങളിലെ ചൂടനുഭവിച്ചതും. റാണിഖേത്തിൽവെച്ചു ഷിപ്ടൺ അയാളെ ഇന്ത്യാസർവ്വേയിലെ പ്രധാന എഞ്ചിനീയർമാരിലൊരാളായ മേജർ ഓസ്മാസ്റ്റന്നു പരിചയപ്പെടുത്തി. അദ്ദേഹം നന്ദാദേവിക്കൊടുമുടി പ്രദേശങ്ങളിൽ സർവ്വേ നടത്താൻ പോകയായിരുന്നു. അദ്ദേഹമൊന്നിച്ചു ടെൻസിങ്ങും പോകണമെന്നു നിശ്ചയിച്ചു. നന്ദാദേവിയുടെ അററംവരെ കയറിയതും അക്കൊല്ലമാണ്. ഇത്ര ഉയരമുള്ള (25,660 അടി) പർവ്വതത്തിന്മേൽ അതിന്നു മുമ്പാരും കയറീട്ടില്ല. ഹിന്ദുക്കളും ബൌദ്ധന്മാരും ഒരുപോലെ ആരാധിക്കുന്ന പർവ്വതമാണ് നന്ദാദേവി. രണ്ടു കൊല്ലം മുമ്പുവരെ ആർക്കും അതിന്റെ അടിവാരത്തുപോലും എത്താൻ കഴിഞ്ഞിരുന്നില്ല. അതു അസാദ്ധ്യമാണെ

ന്നായിരുന്നു പൊതുവേ വിശ്വാസം. 1934-ൽ ഷിപ്ടനും എച്ച്. ഡബ്ല്യു. ടിൽമാനുംകൂടി അവിടത്തേയ്ക്കുള്ള വഴി കണ്ടുപിടിച്ചു. അവർ ഋഷിനദി വഴി മലയിടുക്കുകളിലൂടെയും ഭയങ്കരങ്ങളായ ഏററക്കങ്ങളിലൂടെയും ഒരു വഴി വെട്ടിത്തെളിയിച്ച് വിശ്രമസങ്കേതംപോലുള്ള ഒരു സ്ഥാനത്തെത്തിച്ചേർന്നു. അതൊരുന്നതതലത്തിലാണ്: കൊടുമുടിയ്ക്കുനേരെ താഴെ കാടുകളാലും മലകളാലും ചുററപ്പെട്ട ഒരു മനോഹരതടം. അതിനപ്പുറം പോകാനാവശ്യമായ ആൾക്കാരോ ഏപ്പാടുകളോ ഇല്ലാതിരുന്നതുകൊണ്ടു ആ കൊല്ലം അവർ മടങ്ങി. 1936-ൽ ടിൽമാൻെറ നേതൃത്വത്തിൽ പോയ സംഘത്തിൻെറ ദൃഢനിശ്ചയം ആ കൊടുമുടി കയറണമെന്നായിരുന്നു.

അങ്ങിനെ മേജർ ഓസ്റ്റാസ്റ്റനും ടെൻസിങ്ങും ഉൾപ്പെട്ട സംഘം പവ്വതത്തെ സമീപിച്ചപ്പോൾ ടിൽമാനും കൂട്ടുകാരും മടങ്ങിവരുന്നതു കണ്ടു. തങ്ങളുടെ ഉദ്യമം വിജയിച്ചുവെന്ന് അവർ പറഞ്ഞു. ടിൽമാനും എൻ. ഇ. ഓഡൽ എന്ന മറെറാരിംഗ്ലീഷുകാരനും ഒന്നിച്ചാണ് നന്ദാദേവി കയറിയിറങ്ങിയത്. ടെൻസിങ്ങിന്നു പെട്ടെന്നു രോഗം പിടിപെട്ടു. വഴിനീളെ മഴയുണ്ടായിരുന്നതുകൊണ്ടോ എന്തോ, കഠിനമായ പനി തുടങ്ങി. ഓസ്റ്റാസ്റ്റനും മററുള്ളവരുംകൂടി ടെൻസിങ്ങിനെ താങ്ങിയെടുത്തു നടക്കേണ്ടിവന്നു. പിത്തപ്പനിയാണെന്നു അവർ അഭിപ്രായപ്പെട്ടു. അവിടത്തെ കൽത്തുണ്ടങ്ങളിൽ ഒട്ടിപ്പിടിച്ചു കിടക്കുന്ന പൂപ്പ് തിന്നാൽ സുഖമാകുമെന്നു ആ പ്രദേശത്തുകാരിലൊരാൾ ഉപദേശിച്ചു. അയാൾ തിളയ്ക്കുന്ന വെള്ളത്തിൽ പൂപ്പ് കലക്കി കുടിച്ചു. അതോടുകൂടി ധാരാളം ഛർദ്ദിച്ചു.

പനി പെട്ടെന്നു നിലച്ചുവെങ്കിലും ദേഹത്തിനു വലിയ ക്ഷീണമുണ്ടായി. നന്ദാദേവി കയറാൻ തന്നെ തീരുമാനിച്ചു. അവർ ഋഷിഗംഗ വഴി വളരെ വിഷമിച്ച് മേൽപ്രസ്താവിച്ച മനോഹര തടത്തിലെത്തിച്ചേൎന്നു. അതൊരു മനംകുളൎപ്പിക്കുന്ന ഉദ്യാനംതന്നെയായിരുന്നു. ഹിമവാൻെറ വെൺഭിത്തിയോടുചേൎന്നു പുഷ്പലതാദികളാൽ നിബിഡമായ ആ വിശ്രമ സങ്കേതത്തിൽ സംഘാംഗങ്ങൾ കുറെ ദിവസം കഴിച്ചുകൂട്ടി. സൎവ്വേ കഴിഞ്ഞു സംഘം റാണിഖേത്തിലേക്കു മടങ്ങി, ടെൻസിങ്ങ് നേരെ ഡാർജിലിങ്ങിലേക്കുപോയി. അവിടെ അയാളുടെ ജോലി വിദേശീയ യാത്രക്കാൎക്കും മററും അടുത്തുള്ള പ്രധാന സ്ഥലങ്ങൾ കാണിച്ചുകൊടുക്കലായിരുന്നു. ഈ വഴിയുണ്ടായ തുച്ഛമായ വരുമാനംകൊണ്ടു നിത്യവൃത്തി കഴിച്ചുപോന്നു. ചിലപ്പോൾ ഈ യാത്ര അടുത്തുള്ള ടൈഗർഹിൽവരെ മാത്രമായിരിക്കും. തെളിവുള്ള ദിവസങ്ങളിൽ അവിടെനിന്നു നോക്കിയാൽ നേപ്പാൾ ചുരങ്ങൾക്കപ്പുറം ഏതാണ്ടു നൂറുനാഴിക അകലെ എവറസ്റ്റിൻെറ അററം വ്യക്തമായി കാണാം.

1937–ൽ ടെൻസിങ്ങ് വീണ്ടും ഗഢ്‌വാളിലേക്കു പോയി. ദെഹറാഡൂണിലെ ഡൂൺ സ്കൂളിലെ അദ്ധ്യാപകന്മാരായ രണ്ടിംഗ്ലീഷുകാരും കൂടെയുണ്ടായിരുന്നു. പത്തു പോർട്ടർമാർ മാത്രമുള്ള ഒരു ചെറുസംഘമായിരുന്നു അത്. കുരങ്ങൻെറ വാൽ എന്നൎത്ഥമുള്ള ''ബന്ദർപൂംഛ്'' കയറുകയായിരുന്നു ഉദ്ദേശം. അതിന്നു 20,720 അടി ഉയരമുണ്ട്. 17,000 അടി കയറുമ്പൊഴെയ്ക്കും കഠിനമായ ഹിമപാതം നിമിത്തം അവൎക്കു തിരിച്ചുപോരേണ്ടിവന്നു.

ഇതിന്നുശേഷം കുറെക്കാലം ടെൻസിങ്ങ് മലകയററം നിത്തിവെച്ചു. അന്നൊക്കെ ചില യൂറോപ്യന്മാരൊന്നിച്ചു രാജ്യം ചുററിനടന്നു കാണുകയായിരുന്നു അയാളുടെ ജോലി. ഒരു ദിവസം അവരൊരു പുഴക്കരയിൽ വിശ്രമിക്കെ ഒരു നേരംപോക്കു തോന്നി. അവർ രണ്ടു സംഘമായി പിരിഞ്ഞു; മി. ഗിബ്സനും ടെൺസിങ്ങും ഒരു വഴിക്കു നടന്നു. മാട്ടിനും മററും മറെറാരു വഴിക്കും. രണ്ടു സംഘവും രാത്രി ഒന്നിച്ചു ചേരണമെന്നായിരുന്നു നിശ്ചയം. വൈകുന്നേരമായപ്പൊഴെക്കും കലശലായ മഞ്ഞു വന്നു; തുടൻ മഴയും. ഒന്നും കാണാൻ കഴിയാതെ വിഷമിച്ച്, അവർ കൂക്കിവിളിച്ചുകൊണ്ടു എങ്ങോട്ടെന്നില്ലാതെ ചുററിനടന്നു. വഴിയിൽ ഒരു ഗുഹ കണ്ടെത്തി. രണ്ടു ദിവസം അതിൽ താമസിച്ചു. അപ്പൊഴെക്കു മഞ്ഞും മഴയും നിലക്കുകയാൽ ക്യാമ്പിലേക്കു മടങ്ങാൻ കഴിഞ്ഞു. പിന്നെയൊരവസരത്തിൽ ടെൻസിങ്ങും ഗിബ്സനും തിബത്തിൻെറ അതിത്തിയിലുള്ള ഒരു ഗ്രാമത്തിലേക്കു് യാത്രപോയി. വഴിയിൽ ഉയൎന്നൊരു പ്രദേശത്തുനിന്നു ഇറങ്ങിച്ചെന്നതു് ഒരു ഇരുളടഞ്ഞ കാട്ടിലേക്കാണു്. വഴി തെററി, കയ്യിൽ കരുതിയ ഭക്ഷണം തീൎന്നുപോയി. അവിടവിടെ ധാരാളമായി കണ്ട പല വിധം പഴങ്ങാം തിന്നുകൊണ്ടു അവർ നടന്നു. വഴിയിൽ ഭക്ഷണം കഴിക്കാനിരുന്ന ഒരു കൂട്ടം ഗ്രാമീണരെ കണ്ടെത്തി. ഭക്ഷണസാധനങ്ങളിൽ കുറച്ചുഭാഗം വിലക്കു കൊടുക്കുമോ എന്നന്വേഷിച്ചതിന്നു മറുപടിയേ കിട്ടിയില്ല. ഒരു ലോഗ്യഭാവമല്ലായിരുന്നു അവരിൽ കണ്ടതു്. അപരിചിതർ തൊട്ടാൽ ഭക്ഷണം അശുദ്ധമാകുമെന്നൊരു വി

ശ്വാസം ഇക്കൂട്ടക്കുണ്ടെന്ന ടെൻസിങ്ങിന്നറിയാം. ഭക്ഷണ പദാൎത്ഥങ്ങളിലോരോന്നും വിരൽകൊണ്ടു തൊട്ടു് അവയുടെ വിലയന്വേഷിയ്ക്കാൻ അയാരം ഗിബ്സനോടാവശ്യപ്പെട്ടു. തടയാൻ സാധിയ്ക്കുന്നതിന്ന മുമ്പ് നൊടിയിടയിൽ ഗിബ്സൻ പറഞ്ഞതുപോലെ ചെയ്തു. വിളമ്പി നിരത്തിവെച്ച ഭക്ഷണസാധനങ്ങരം അപ്പടി ഉപേക്ഷിച്ചു അവരെല്ലാം എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു അവിടം വിട്ടുപോയി. ടെൻസിങ്ങും ഗിബ്സനും സുഖമായി ഭക്ഷണം കഴിച്ചു മടക്കയാത്രയിൽ അവർ പ്രസിദ്ധ തീൎത്ഥാടനകേന്ദ്രങ്ങളായ ഗംഗോത്രിയും ഗോമുഖിയും സന്ദശിച്ചു. ബദരീനാഥ്, കാമത്ത് എന്നീ പൎവ്വതങ്ങളുടെ സമീപത്തിലൂടെ ബീർണിഘട്ടം കടന്നു. ഇതിന്നു 18,000 അടിയാണ് ഉയരം

1938—ൽ പുതിയൊരു സംഘം ടിൽമാൻെറ നേതൃത്വത്തിൽ ഡാർജിലിങ്ങിൽനിന്നു എവറസ്റ്റിലേയ്ക്കു പുറപ്പെട്ടു. ടെൻസിങ്ങും അതിലൊരംഗമായിരുന്നു. പൎവ്വതാരോഹണസംഘത്തിലെ ഷേൎപ്പമാർ ചുരം കയറുമ്പൊഴേ ഭാരം ചുമക്കേണ്ടു എന്ന നിബന്ധന ഏൎപ്പെടുത്തിയത് അദ്ദേഹമാണ്. അതുവരെ പോൎട്ടർമാർ വേണം അതു വഹിയ്ക്കുക. ഹിമാനികളിൽനിന്നു നേരിട്ടു വടക്കേ ചുരത്തിലേയ്ക്കുല്ല അവർ പോയത്. കൂടുതൽ നല്ല വല്ല വഴിയും കണ്ടുകിട്ടുമോ എന്നൊരു പരീക്ഷ നടത്തി. ടിൽമാനും ടെൻസിങ്ങും രണ്ടു ഷേൎപ്പമാരുംകൂടി ലോലാചുരംവരെ കയറിനോക്കി. ടെൻസിങ്ങിന്ന് അതൊരു ഉദ്ദീപകമായ അനുഭവമായിരുന്നു. അയാരം എവറസ്റ്റിൻെറ ഒരു വശത്തുനിന്ന് അകലെയുള്ള മനോഹരക്കാഴ്ചകരം കണ്ടാനന്ദിച്ചു.

എത്രയോ അകലെ ലുംബിഹിമാനിയുടെ ചെരിവിൽ ചമരിമൃഗങ്ങാം മേയുന്നു. അവയുടെ അരികെ ഒരാളുണ്ട്. അവിടെക്കുനേരെയങ്ങിറങ്ങിച്ചെല്ലാമെന്നാണ് ടിൽമാൻ ആദ്യം വിചാരിച്ചത്. ഏറ്റവക്കുത്തായ മഞ്ഞുമലയാണ് മുമ്പിലുള്ളതെന്നും അതു കടന്നങ്ങോട്ടു പോവുക അസാദ്ധ്യമാണെന്നും അല്പനേരത്തെ അന്വേഷണം കൊണ്ടു് അവൎക്ക് മനസ്സിലായി. മടങ്ങി വടക്കേ ചുരത്തിലേക്കുതന്നെ പുറപ്പെട്ടു. ഈ പുതിയ വഴി അപകടങ്ങാം നിറഞ്ഞതാണ്. അവിടെ ഇടക്കിടെ ഹിമപാതമുണ്ടാകാറുണ്ടു്. ഇവിടെ വെച്ചാണ് ടെൻസിങ്ങ് ആദ്യമായി ഒരു ഹിമപാതത്തിൽ കുടുങ്ങിയത്. സംഘത്തിലുള്ള ആറു പേർ രണ്ടു കയറുകാം വഴി മെല്ലെമെല്ലെ കയറിക്കൊണ്ടിരിക്കുമ്പോഴാണ് സംഭവമുണ്ടായത്. കിഴക്കാന്തൂക്കായ ആ ചുരത്തിൽ അവർ അരവരെ ആണ്ടുപോയി. പെട്ടെന്നു എന്തോ ഞെരിയുകയോ പൊട്ടുകയോ ചെയ്തതുപോലെ ഒരു ശബ്ദം കേട്ടു. അവർ നടക്കുന്ന മഞ്ഞിൻ പടലമുണ്ടു് കീഴോട്ടു നീങ്ങുന്നു. ടെൻസിങ്ങ് കാൽതെറ്റി വീണു. തല മഞ്ഞിലാണ്ടുപോയി. അയാാം കിടന്നു പിടഞ്ഞു. സംഘാംഗങ്ങളേയുമേന്തി അതിവേഗത്തിൽ താഴോട്ടു നീങ്ങുന്ന ഹിമക്കട്ടെ പെട്ടെന്നു നിന്നു. ടെൻസിങ്ങ് കയ്യിലുള്ള കോടാലി കട്ടിമഞ്ഞിൽ വെട്ടിയുറപ്പിച്ച് ഒരു വിധം എഴുനേററുനിന്നു, ആൎക്കും അപകടമൊന്നും പററിയില്ല. എന്നാൽ അതിന്നു പത്തടി താഴെ അത്യഗാധമായ ഒരു വിള്ളൽ വായപൊളിച്ചു നിന്നിരുന്നു. അതിലെങ്ങാനും അവർ വീണിരുന്നെങ്കിൽ! അവർ വടക്കേ ചുരത്തിൽ നാലാം ക്യാമ്പ് സ്ഥാപിച്ചതിന്നുശേഷം

രണ്ടു സംഘമായി പിരിഞ്ഞു. ഒന്നാം സംഘത്തിലായിരുന്നു ടെൻസിങ്ങ്. സ്ബിതേയും ഷിപ്ടനുമായിരുന്നു നേതാക്കാം. അവർ വടക്കുകിഴക്കൻ വഴിയിലൂടെ സാമാനങ്ങളും ഭേസി യാത്ര തുടന്നു. 25,800 അടി ഉയരത്തിൽ അഞ്ചാമത്തെ ക്യാമ്പടിച്ചു; മുന്നോട്ടു പോയി ആറാം ക്യാമ്പ് സ്ഥാപിയ്ക്കാനുറച്ചു. പക്ഷേ അതിന്നാവശ്യമായ സാധനങ്ങളുമായി പിന്നാലെ വരുന്ന ഷേപ്പുമാർ എത്തിച്ചേർന്നില്ല. അവരെ അന്വേഷിച്ചു ടെൻസിങ്ങ് തിരികെ പുറപ്പെട്ടു. അവർ പകുതിവഴിയ്ക്കു സാമാനങ്ങളുമിട്ട് മടങ്ങിപ്പോകാനുള്ള വട്ടമായിരുന്നു. രണ്ടു പേർ വഹിച്ചിരുന്ന ഭാരം അയാളൊരുവൻ ചുമലിലേററി വീണ്ടും കയറാൻ തുടങ്ങി. കുത്തനെ മഞ്ഞിൽ കയറാൻ ഇന്നുള്ള മാതിരി ആണി പതിച്ച ബൂട്ട്സ് അന്നുണ്ടായിരുന്നില്ല. ടെൻസിങ്ങിൻെറ കാൽ വഴുതിപ്പോയി. അതൊരു തുറന്ന സ്ഥലത്തുവെച്ചായിരുന്നു. തടഞ്ഞുനില്ക്കാൻ ഒന്നുമുണ്ടായിരുന്നില്ല. കോടാലികൊണ്ടുള്ള ഒന്നാമത്തെ വെട്ടു തന്നെ സ്ഥാനത്തു കൊണ്ടു. അതവിടെ പിടിച്ചുനിന്നതുകൊണ്ടു ടെൻസിങ്ങ് വീണില്ല. വീണിരുന്നെങ്കിൽ അയാളെത്തുക ഒരു നാഴിക താഴെയുള്ള റോങ്ങ്ബക്ക് ഹിമാനിയിലായിരിയ്ക്കും! പിറേറന്നു സംഘം 27,000 അടി ഉയരത്തിൽ ആറാം ക്യാമ്പ് സ്ഥാപിച്ചു. സ്ബിതേയും ഷിപ്ടനും അവിടെയിരുന്നു. ടെൻസിങ്ങൊപ്പട ഷേപ്പുമാരെല്ലാവരും അഞ്ചാം ക്യാമ്പിലേയ്ക്കു മടങ്ങി. അപ്പൊഴെയ്ക്കും രണ്ടാംസംഘം അവിടെ എത്തീട്ടേ ഉണ്ടായിരുന്നുള്ളു. അവരും മുകളിലേയ്ക്കു ചെന്നു. ഇരുസംഘങ്ങളും കൂടിയാലോചിച്ച് ആറാം ക്യാമ്പിന്നപ്പുറം പോ

ക്കുക ദുഷ്ക്കരമെന്നു തീരുമാനിച്ചു. കഠിനമായ തണുപ്പോ, ശക്തിമത്തായ കാററോ അക്കാലത്തുണ്ടായിരുന്നില്ല. എന്നാൽ 1924—ലും 33—ലും പാടേ നഗ്നമായിക്കണ്ട പാറ ഇപ്പോഠം ചവുട്ടിയാലാണ്ടുപോകുന്ന നനുനനുത്ത മഞ്ഞുകാംകൊണ്ടു മൂടിയിരിയ്ക്കുന്നു. ഓരോ അടി വെയ്ക്കുമ്പൊഴും കഴുത്തോളം ആണ്ടുപോയിരുന്നു. ഇടതടവില്ലാതെ മഞ്ഞു വഷിച്ചുമിരുന്നു. എല്ലാവരും മടങ്ങി. ടെൻസിങ്ങ് ജീവവായുയന്ത്രം ഒന്നാമതു കണ്ടതു ഈ അവസരത്തിലാണ്. ഷേപ്പ്മാരെയെല്ലാം അതു അത്ഭുതപ്പെടുത്തി. ''ഇംഗ്ലീഷുകാററ്'' എന്നാണ് അവരതിന്നു കൊടുത്ത പേർ.

ഷേപ്പ്യുടെ ജീവിതത്തെ കപ്പൽക്കാരൻേറതിനോടുപമിയ്ക്കാം. പ്രവൃത്തിയുള്ള കാലത്തെല്ലാം അയാഠം വീട്ടിൽനിന്നു അകലെയായിരിയ്ക്കും. 1938—ൽ സവ്വേ ആവശ്യാത്ഥം മേജർ ഓസ്റ്റാസ്റ്റനൊന്നിച്ചു ടെൻസിങ്ങ് ഗാഢ്വാഠം സന്ദശിയ്ക്കുകയുണ്ടായി. ഇപ്രാവശ്യം തിബത്തും പടിഞ്ഞാററൻ നേപ്പാളും തൊട്ടുകിടക്കുന്ന അൽമോറ പ്രദേശത്തേയ്ക്കാണ് പോയതു്. അവിടെനിന്നു നോക്കിയാൽ കൈലാസം കാണാം. അതിന്നു 22,000 അടി ഉയരമേ ഉള്ളു. അതിന്നടുത്താണ് ഹിന്ദുക്കളുടെ പുണ്യതീത്ഥമായ 'മാനസസരോവരം'. അവിടത്തെ വിശ്വവിശ്രുതമായ വിഹാരം സന്ദശിയ്ക്കാൻ ഏഷ്യയുടെ നാനാഭാഗങ്ങളിൽനിന്നും ഭക്തന്മാർ എത്തിച്ചേരാറുണ്ട്. രണ്ടു മാസത്തോളം അൽമോറയിൽ താമസിച്ചതിന്നുശേഷം ടെൻസിങ്ങ് സവ്വേപാട്ടിയൊന്നിച്ചു ഡാർജിലിങ്ങിലേയ്ക്കു മടങ്ങി. 1939—ൽ വീണ്ടും പുറപ്പെട്ടു. ഇപ്രാവശ്യം പവ്വതാരോ

ഹണത്തിന്നു ഒരുമ്പെട്ടുവെന്നത് മിസിസ് ബെറിൽ സ്റ്റീററൻ എന്ന ഒരു കനഡക്കാരിയാണ്. ഇന്ത്യയിൽ നിന്നു വളരെ അകലെയുള്ള തിരിച്ച്മിർ എന്ന കൊടു മുടിയായിരുന്നു അവരുടെ ലക്ഷ്യം. ഇതു സിന്ധുനദി ക്കപ്പുറം ഹിന്ദുക്കുഷ് നിരയിൽ അഫ്ഘാൻ അതിർത്തി യിലാണ്. ടെൻസിങ്ങ് ഏതാനും ഷേർപ്പകളുമായി അ വരൊന്നിച്ചു പോയി. ലാഹോററിൽവെച്ചു മിസിസ്സ് സ്റ്റീററൻെറ ഭർത്താവായ ക്യാപ്ടൻ സ്റ്റീററനെ കണ്ടു. എല്ലാവരുംകൂടി പാകിസ്ഥാനിലുള്ള ചിത്രാലിലേക്കു തിരിച്ചു, അവിടെനിന്നു മീറിലേക്കും. അതു 25,260 അടി പൊക്കമുള്ള ഒരു മനോഹര പർവ്വതമാണ്. എന്നാൽ കാലാവസ്ഥ അനുകൂലമായിരുന്നില്ല. 23,000 അടി ക്കപ്പുറം കയറാൻ അവക്കു കഴിഞ്ഞില്ല. അതുവരെ മിസി സ്സ് സ്റ്റീററനും കയറുകയുണ്ടായി. ഒരു സ്ത്രീ ഇത്ര ഉയര ത്തിൽ കയറിയതിനാൽ സംഘത്തിലുള്ളവർക്കെല്ലാം ആ ശ്ചര്യം തോന്നി. സംഘത്തിലെ ഷേർപ്പമാരുടെ നേതാവ് ടെൻസിങ്ങായിരുന്നു. അന്നത് അനൗദ്യോഗികമായ ഒരു സ്ഥാനം മാത്രമായിരുന്നു. 1947-ലാണ് ടെൻസി ങ്ങിന്നു സർദാർ എന്ന ഔദ്യോഗിക പദവി ലഭിച്ചത്.

ചിത്രാലിൽ ടെൻസിങ്ങ് കുറേക്കാലം കുടുംബസ ഹിതം താമസിച്ചു. അവിടെവെച്ചു ഹിന്ദുസ്ഥാനി, ചി ത്രാവലി, പശ്തോ എന്നീഭാഷകൾ പഠിക്കാനും ഇംഗ്ലീ ഷു നന്നാക്കാനും അയാൾക്കു സാധിച്ചു. ചിത്രാൽ വില പിടിച്ച രത്നങ്ങൾക്കു കേൾവിപ്പെട്ട സ്ഥലമാണെന്നു ടെൻസിങ്ങിന്നു മനസ്സിലായത് അവിടം വിട്ടതിന്നു ശേ ഷമാണ്. പലതരം കല്ലുകൾ അവിടെ മിക്ക സ്ഥലങ്ങ

ളിലും കാണാം. പക്ഷേ, അവ വിലപിടിച്ചതാണെന്നു ടെൻസിങ്ങിന്നു നിശ്ചയമില്ലായിരുന്നു. അവിടത്തുകാക്കും അതറിയില്ല. കുറെ ചായപ്പൊടിയോ, ഭക്ഷണസാധനങ്ങളോ പകരം കൊടുത്താൽ മതി. എത്ര രത്നങ്ങൾ വേണമെങ്കിലും അവർ തരും. ഡാർജിലിങ്ങിലേക്കു മടങ്ങിയപ്പോൾ ടെൻസിങ്ങിൻെറ കൈവശം കുറേ കല്ലുകളുണ്ടായിരുന്നു. ചില കച്ചവടക്കാർ അവ കണ്ടു ആശ്ചര്യപ്പെട്ടു. അവയെല്ലാം വിലപിടിച്ചവയാണെന്നു് അയാളെ അറിയിച്ചു. എല്ലാമൊന്നിച്ചു വിററു പണക്കാരനാവാൻ ചില സ്നേഹിതന്മാർ നിർബ്ബന്ധിക്കുകയുണ്ടായി. പക്ഷേ ടെൻസിങ്ങ് അതിന്നൊരുങ്ങിയില്ല.

ചിത്രാലിൽ ടെൻസിങ്ങിന്നു മേജർവൈററ്, ഡോക്ടർ ജാക്കോബ് എന്നീ രണ്ടു ബ്രിട്ടീഷ് സ്നേഹിതന്മാരാണുണ്ടായിരുന്നത്. ഇരുവരും പല സഹായങ്ങളും ടെൻസിങ്ങിന്നു ചെയ്തുകൊടുത്തു. സാധാരണ ഇംഗ്ലീഷുകാരുടെ ഗൌരവോ അന്തസ്സോ അവക്ക്, പ്രത്യേകിച്ചു ഡോക്ടർ ജാക്കോബിന്നു്, ഉണ്ടായിരുന്നില്ല. 1953–ൽ ടെൻസിങ്ങ് ലണ്ടൻ സന്ദശിച്ചപ്പോൾ, ഡോക്ടർ ജാക്കോബ് പഴയ സ്നേഹിതനെ കാണാൻ മാത്രം അഞ്ഞൂറുനാഴിക യാത്ര ചെയ്തു അവിടെ എത്തിയിരുന്നു. ചിത്രാലിൽ താമസിച്ച കാലത്തു ടെൻസിങ്ങിൻെറ ഭാര്യ മരിച്ചു. ഡോക്ടർ ജാക്കോബാണ് ചികിത്സിച്ചിരുന്നത്. രണ്ടു ചെറു കുട്ടികളുമായി അയാൾ 1945 ആദ്യത്തിൽ ഡാർജിലിങ്ങിലേക്കു തിരിച്ചുപോയി.

ഇത്രകാലത്തെ അദ്ധ്വാനഫലമായി ടെൻസിങ്ങിന്നുണ്ടായിരുന്ന ഒട്ടാകെ സമ്പാദ്യം 1,500ക.യാണ്. യുദ്ധം

മുറുകിയ കാലമായിരുന്നു അത്. യാത്രാസൌകര്യം തീരെ ഉണ്ടായിരുന്നില്ല. അയാഠം ഒരു കുതിരയെ വാടകയ്ക്കെടുത്തു ഒരു കയത്തുണ്ടിന്റെ രണ്ടററത്തും രണ്ടു വലിയ സഞ്ചികഠം കെട്ടി അവയിൽ കുട്ടികളെയിട്ട് കുതിരപ്പുറത്ത് തൂക്കി കടിഞ്ഞാൺ പിടിച്ചു മുമ്പിൽ നടന്നു. ഡിർ റെയിൽവെ സ്റ്റേഷൻവരെ അങ്ങിനെ പോയി. ആഠംത്തിരക്കുകൊണ്ടു തീവണ്ടി കയറാൻ പ്രയാസമായിരുന്നു. കുറെ ദിവസം അവിടെ താമസിച്ചു. ചെറുകുട്ടികളെ വണ്ടിയിലല്ലാതെ എങ്ങിനെ കൊണ്ടുപോകും? ഇങ്ങിനെ വിഷമിച്ചിരിയ്ക്കുമ്പോഠം ഒരു സൂത്രം തോന്നി: കുറേ മുമ്പ് മേജർ വൈററ് ടെൻസിങ്ങിന്നു ഒരു പഴയ പട്ടാളയൂനിഫോറം സമ്മാനിച്ചിരുന്നു. ഉയന്ന പട്ടാളോദ്യോഗസ്ഥന്റെ റാങ്ക് കുറിയ്ക്കുന്ന ബാഡ്ജുകഠം ചുമലിൽ തുന്നിപ്പിടിപ്പിച്ച ആ കുപ്പായം ധരിച്ചുകൊണ്ട് അയാഠം കുട്ടികളൊന്നിച്ച് ഒരു ഒന്നാംക്ലാസ്സുമുറിയിൽ ലേശവും ക്ലേശംകൂടാതെ കടന്നിരുന്നു. ആരും തടഞ്ഞില്ല. ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. അങ്ങിനെ ഒരണപോലും ചിലവു കൂടാതെ ആ ദീഘയാത്ര സുഖമായി നടത്തി. ഡാർജിലിങ്ങിന്നടുത്ത സിലിഗുറിയിലിറങ്ങി യൂനിഫോറം മാററി സാധാരണ വസ്ത്രം ധരിച്ച് ബസ്സിൽ താമസസ്ഥലത്തേയ്ക്കു പോയി. രണ്ടു ചെറുകുട്ടികളെയുംകൊണ്ട് എത്ര കാലമാണ് കഷ്ടപ്പെടുക? വീണ്ടും ഒരു നല്ല പെണ്ണിനെ വിവാഹം ചെയ്യണമെന്ന് സ്നേഹിതന്മാർ നിബ്ബന്ധിച്ചു. അതു ഏതായാലും തരക്കേടില്ലെന്നു് ടെൻസിങ്ങിന്നും തോന്നി. പണ്ടു തന്നോടു വിലപേശിക്കൊണ്ടു പതിവായി പാൽ വാങ്ങിയിരുന്ന ഓങ്ങുലാമുവെ കല്യാ

ണം കഴിച്ചു.

വിവാഹം കഴിഞ്ഞു രണ്ടാമത്തെ ആഴ്ച ടെൻസിങ്ങ് വീണ്ടും യാത്ര പുറപ്പെട്ടു. ഇപ്രാവശ്യം മല കയറാനല്ല. യുദ്ധം നടക്കുന്ന അക്കാലത്തു ധാരാളം അമേരിക്കക്കാർ ഡാർജിലിങ്ങ് സന്ദർശിച്ചിരുന്നു. അവരിലൊരാളായ ലഫ്. കേണൽ ടെയിലർ തിബത്തിൽ കടക്കാനുള്ള അനുമതിപത്രത്തോടുകൂടി ചെന്നു ടെൻസിങ്ങിനെ ക്ഷണിച്ചു. അവർ രണ്ട് കുതിരകളെയും സാമാനം ചുമക്കാൻ കുറേ കഴുതകളെയും വാങ്ങി, സിഖിം താഴ്വാരത്തിലൂടെ ചുരങ്ങൾ കടന്നു കഠിനമായി വീശിയിരുന്ന കാററിനെതിരെ യാത്ര പുറപ്പെട്ടു. തിബത്തിലെ പ്രധാന സ്ഥലങ്ങൾ ചുററിനടന്നു കാണുകയായിരുന്നു ടെയിലറുടെ ഉദ്ദേശ്യം. ഈ യാത്ര രണ്ടു മാസത്തോളം നീണ്ടുനിന്നു. ടെയിലർ ഉദാരശീലനും ദയാലുവുമായിരുന്നു. യുദ്ധമവസാനിച്ചതിന്നുശേഷം അയാൾ നാട്ടിൽചെന്നു ടെൻസിങ്ങിന്നു 200ക. അയച്ചുകൊടുത്തു. ഇക്കാലത്തധികവും ടെൻസിങ്ങ് ഡാർജിലിങ്ങിൽത്തന്നെയായിരുന്നു. അമേരിക്കക്കാർക്ക് ഒരു പ്രത്യേകതയുള്ളത് അയാൾ മനസ്സിലാക്കി. അവരധികം നടക്കാനിഷ്ടമില്ലാത്തവരാണ്. മോട്ടോർ വാഹനമോ കുതിരയോ ഇല്ലാതെ അവരെവിടെയും പോകാറില്ല. അവർക്ക് വാടകക്കു കൊടുക്കാനുദ്ദേശിച്ച് അയാൾ ചിത്രാലിൽനിന്നുണ്ടായ സമ്പാദ്യംകൊണ്ടു് രണ്ടു കുതിരകളെ വാങ്ങി. ഇവയെ പതിവായി ഉച്ചവരെ വാടകക്കു കൊടുക്കും. അതിന്നു ശേഷം വീട്ടിൽ വന്ന് അനങ്ങാതിരിക്കുകയും ചെയ്യും.

ഒരവസരത്തിൽ ടെൻസിങ്ങ് ഒരു ഇംഗ്ലീഷുകാര

നേയും ഭാര്യയേയും ടൈഗർഹില്ലിലെ കാഴ്ചകറം കാണി യ്ക്കാൻ കൊണ്ടുപോയി. കുതിരപ്പുറത്തു കയറിയാണ് അവർ പോയത്. അടുത്ത സ്ഥലങ്ങളും കാണണമെന്നു് അവരാവശ്യപ്പെട്ടു. അങ്ങിനെ ടോങ്ക്ലൂവിലേയ്ക്കു പോയി. ടെൻസിങ്ങ് സായിപ്പിനെ അത്ര ശ്രദ്ധിച്ചില്ല. അയാളുടെ മുഴുവൻ ശ്രദ്ധയുമാകർഷിച്ചതു് മദാമ്മയാണ്. എന്തൊരു സൌന്ദര്യം! അവളുടെ ചെറുപ്പവും നിറവും തിളങ്ങുന്ന പല്ലുകളുമെല്ലാം ടെൻസിങ്ങിനെ വല്ലാതെ ഭ്രമിപ്പിച്ചു. വൈകുന്നേരം എല്ലാവരും അവിടത്തെ ഡാക്ക് ബംഗ്ലാവിലേയ്ക്ക് (ടി. ബി.) പോയി. രാത്രി അവിടെ കഴിച്ചുകൂട്ടി. രാവിലെ പതിവനുസരിച്ച് ടെൻസിങ്ങ് അവരുടെ മുറികളിൽ വെള്ളവും ചായയും കൊണ്ടുവെച്ചു. അയാറം മദാമ്മയുടെ മുറിയിൽ കടന്ന ഉടനെ അവളെഴുനേററിരുന്നു. ഈശ്വരാ! മുറി തെററിപ്പോയോ എന്നു ടെൻസിങ്ങ് ഭയപ്പെട്ടു. കാരണം, അവറം യുവതിയുമായിരുന്നില്ല, സുന്ദരിയുമായിരുന്നില്ല—മഞ്ഞത്തൊലിയോടുകൂടിയ ഒരു പടുവൃദ്ധ. വായിൽ ഒരൊററപ്പല്ലുമില്ല. അയാറം പാത്രങ്ങറം അവിടെവെച്ച് ഓടാൻ ശ്രമിച്ചു. അവളുടെ അരികെ കൌതുകമുള്ള ഏതാനും അളുക്കുകളിൽ പല വിധം ക്രീമുകളും പൌഡറുകളും നിരത്തിവെച്ചിട്ടുണ്ടു്; അവയ്ക്കു സമീപം ഒരു ഗ്ലാസ് വെള്ളത്തിൽ വിശേഷപ്പെട്ട ഒരു സെററ് പല്ലും. ടെൻസിങ്ങ് സ്തംഭിച്ചുപോയി. അയാറം പുറത്തേയ്ക്കോടി. കുറേക്കഴിഞ്ഞു മദാമ്മ പുറത്തുവന്നപ്പോറം പിന്നെയും ഒരു രംഭതന്നെ.

1944—ൽ 'ബന്ദർപൂംചര്' (കുരങ്ങൻെറ വാൽ) കയറാൻ കാര്യമായ ഒരു ശ്രമം നടന്നു. സംഘം നേതാക്ക

ന്മാർ ഡൂൺ സ്കൂളിലെ മി. ഗിബ്സനും മി. മാർട്ടിനുമാ യിരുന്നു. അവരുടെ ക്ഷണം കിട്ടിയ ഉടനെ ടെൻസി ങ്ങ് ഗാഢ്വാളിലേയ്ക്കു പുറപ്പെട്ടു. പാർട്ടിയിൽ ഡൂൺ സ്കൂളിലെ മററൊരദ്ധ്യാപകനായ മി. ആർ. എൽ. ഹോാം ഡ്സ്വത്ത്, മേജർ മൂൺറോ, ലെഫ്. എൻ. ഡി. ജയാം എന്നിവരുമുണ്ടായിരുന്നു. നിരാശയായി ഫലം. കാലാവസ്ഥ മോശമായിരുന്നു. 18,000 അടിവരെ— 1937–ലേതിനേക്കാം ആയിരമടി അധികം—അവർ കയറി. ''നമുക്കിനിയും വരാം. എന്നെങ്കിലും ആ കര ങ്ങടൻെറ വാല്യ നമുക്കു പിടിയ്ക്കാം'' എന്നു മി. ഗിബ്സൻ സമാധാനിപ്പിച്ചു.

കാഞ്ചനജംഘയെക്കുറിച്ച് ഒരു വാക്ക്. ലോകത്തി ലേയ്ക്ക് ഏററവുമുയരമുള്ള ശിഖരങ്ങളിൽ മൂന്നാം സ്ഥാന മാണ് അതിന്നുള്ളത്. ആ കൊടുമുടിയതാ ഡാർജിലി ങ്ങിന്നു മീതെ, വളരെ സമീപത്ത് നമ്മെ നോക്കി നില്ക്കു ന്നു, തൻെറ ജീവകാലത്തിൽ പകുതിയും അതു നോക്കി ക്കൊണ്ടാണ് കഴിച്ചുകൂട്ടിയതെങ്കിലും ടെൻസിങ്ങിന്നു് അതിൻെറ മുകളിൽ കയറാൻ കഴിഞ്ഞിട്ടില്ല, അയാം പല പ്രാവശ്യവും എവറസ്റ്റിലേയ്ക്കു പോയിട്ടുണ്ട്, ഗാഢ്വാളി ലേയ്ക്കു പോയിട്ടുണ്ട്, വളരെ അകലെ കാശ്മീരിലും ചിത്രാ ലിലുമുള്ള മലകളിലേയ്ക്കു പോയിട്ടുണ്ട്, എന്നാൽ കാഞ്ച നജംഘയെ സമീപിയ്ക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. വളരെ കൊല്ലം മുമ്പ് പലരും അതിന്നു ശ്രമിച്ചുനോക്കീ ട്ടുണ്ട്. 1905–ൽ സ്വിററ്സർലണ്ടിൽനിന്നു വന്ന ഒരു ചെറുസംഘം അതിലേയ്ക്കു വഴി കണ്ടുപിടിയ്ക്കാൻ നട ത്തിയ ശ്രമത്തിന്നുശേഷം അവരെ കണ്ടിട്ടില്ല. 1929–ൽ

ഫാർമർ എന്നൊരമേരിക്കക്കാരൻ തനിയെ അതിന്മേൽ കയറാൻ പുറപ്പെട്ടു. അയാളെയും പിന്നീടാരും കണ്ടിട്ടില്ല. അക്കൊല്ലവും അടുത്ത രണ്ടു കൊല്ലങ്ങളിലും മൂന്നു വമ്പിച്ച സംഘങ്ങൾ അതിനെ സമീപിച്ചു. അവയിൽ രണ്ടെണ്ണം ജർമ്മനിയിൽനിന്നും ഒന്നു് സ്വിററ്സർലണ്ടിൽനിന്നുമായിരുന്നു. അവരുടെകൂടെ ഏതാനും ഇംഗ്ലീഷുകാരും ആസ്ട്രിയക്കാരുമുണ്ടായിരുന്നു. അവർ 1930–ൽ നേപ്പാളിൽനിന്നു പുറപ്പെട്ടു. അപ്പൊഴെല്ലാം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം അത്ര ഭയങ്കരമായ ഹിമപ്രവാഹമുണ്ടായി. പൎവ്വതംതന്നെ പെട്ടെന്നിടിഞ്ഞു വീഴുകയാണോ എന്നു തോന്നിപ്പോയി. അതിൽപ്പെട്ടു് ഒരു ഷേപ്പ് മരിച്ചു. ശേഷിച്ചവർ ഒടുവിൽ മററു വല്ല കൊടുമുടിയും തേടുകയാണുത്തമമെന്നു തീരുമാനിച്ചു പിൻതിരിഞ്ഞു. ജർമ്മൻ സംഘങ്ങൾ രണ്ടും 1929–ലും 31–ലും സിക്കിം വഴി സേമുഹിമാനി കടന്നു മറുവശത്തുകൂടെയാണു് കയറാനുദ്യമിച്ചതു്. അവർ വടക്കുകിഴക്കൻ സ്പർ എന്നറിയപ്പെടുന്ന ഹിമഭിത്തിയിലൂടെ മേലോട്ടുകയറാൻ അധികമാസങ്ങളോളം നിരന്തരയത്നംചെയ്തു. രണ്ടുകൊല്ലത്തിനുശേഷം 26,000 അടിയിലധികം ഉയരമുള്ള ആ ഭിത്തി കടന്നു. പക്ഷേ, അതിനപ്പുറം, കൊടുമുടിയുടെ അററം വരെ പോകാൻ അവൎക്കു കഴിഞ്ഞില്ല. ഈ പരിശ്രമത്തിൽ കാൽ തെററി അനേകായിരം അടി താഴെ വീണു് ഒരു ജർമ്മൻകാരനും ഒരു ഷേപ്പ്യും മരിച്ചു. അതിൽപ്പിന്നെ കാഞ്ചനജംഘ കയറാൻ ആരും മുതിൎന്നിട്ടില്ല. അതിനുചുററുമായി കാബ്രൂ, ജന്നു, സിംവു, ജോൺസോങ്ങ്, കാങ്ങ്, 'കോക്ക്ടാങ്ങ്, പഞ്ചിം തുടങ്ങി അനേകം ചെറു

ശിഖരങ്ങളുണ്ട്. അവയിലൊക്കെ ആളുകൾ കയറീട്ടുമുണ്ട്.

ടെൻസിങ്ങ്കുട്ടിക്കാലത്തു സോളോഖുംബുവിലെ മലഞ്ചെരിവുകളിൽ നടക്കുമ്പോൾ ഹിമമനുഷ്യൻെറ കാഷ്ഠം കണ്ടതായി മുമ്പു പ്രസ്താവിച്ചുവല്ലോ. ഹിമമനുഷ്യനെക്കുറിച്ച് കേട്ട കഥകളിൽ ഒന്നുരണ്ടെണ്ണം ഇവിടെ ചേർക്കാം. ടെൻസിങ്ങിൻെറ അച്ഛൻ പറഞ്ഞ കഥയാണിത്. മകാലുപർവ്വതത്തിന്നരികെ ബാറൂൺ ഹിമാനിയ്ക്കടുത്തുവെച്ചാണ് ഒന്നാമത് അയാൾ ഈ അസാധാരണജീവിയെ കണ്ടത്. ഒരു വലിയ കുരങ്ങൻെറ ആകൃതിയാണതിന്നു്. എന്നാൽ കണ്ണുകൾ കുഴിഞ്ഞും തല കൂർത്തുമിരിക്കും. ചാരവർണ്ണമാണ്. ഇതിൻെറ ഒരു പ്രത്യേകത രോമത്തിൻെറ ചായ്‌വ് രണ്ടുതരത്തിലാണെന്നതത്രേ—അരയ്ക്കു മീതെ മേലോട്ടും, കീഴെ താഴോട്ടും. അയാൾ കണ്ടതിന്നു നാലടി പൊക്കമേ ഉണ്ടായിരുന്നുള്ളു. അതൊരു പെണ്ണായിരുന്നു. നീണ്ടാടുന്ന മുലകൾ രണ്ടും മുറുകെ പിടിച്ചുകൊണ്ടാണ് ഓട്ടുക. അതു കുത്തനെയുള്ള ഒരു മല അതിവേഗത്തിൽ കയറിപ്പോകുന്നതു കണ്ടു. ഓടുമ്പോൾ അതു ചൂളയിടുന്നതുപോലെ നേരിയൊരൊച്ച പുറപ്പെടുവിച്ചിരുന്നു.

മറെറാരവസരത്തിലും അയാൾ ഹിമമനുഷ്യനെ കാണുകയുണ്ടായി. ഇതു 1935-ലാണ്. അയാൾ എവറസ്റ്റാരോഹകസംഘത്തിലെ അംഗമായിരുന്ന മകനെ കാണാൻ പോയതാണ്. ഒരു രാത്രി അയാൾ ഒന്നാം ക്യാമ്പിൽ തനിയെ കഴിച്ചുകൂട്ടി. നേരം വെളുത്തുവരുമ്പോൾ തമ്പിന്നു പുറമേ ഒരു ചൂളം കേട്ടു. അയാൾ ജാലകത്തിൽ തൂക്കിയ ശീല പൊക്കി പുറത്തേയ്ക്കു നോക്കി. അപ്പൊഴ

ണ്ടു് ഒരു ഹിമമനുഷ്യൻ മലഞ്ചെരിവിലൂടെ വളരെ വേഗത്തിൽ ഇറങ്ങിപ്പോകുന്നു! അയാറം വല്ലാതെ ഭയപ്പെട്ടു.

വളരെ കൊല്ലം മുമ്പ് സോളോഖുംബുവിൽ തഗ്ഗ്ന ഗ്രാമത്തിന്നു ചുററും അനേകം ഹിമമനുഷ്യർ പാർത്തിരുന്നുവെന്നും, രാത്രികാലങ്ങളിൽ വീടുകറംക്കും കൃഷിക്കും അവ പല നാശങ്ങളും ചെയ്തിരുന്നുവെന്നും പറയപ്പെടുന്നു. അവ വീടുകളും മററും നശിപ്പിക്കുകയല്ലത്രേ ചെയ്തിരുന്നതു്. വീടുകറം പൊളിച്ചു വീണ്ടും പണിയുവാനും, വളർന്നുവരുന്ന ചെടികറം പറിച്ചുനടുവാനും ശ്രമിക്കും. രണ്ടായാലും ഷേർപ്പകറംക്കു ഫലം നാശംതന്നെ. രണ്ടുതരം ഹിമമനുഷ്യരുണ്ടെന്നാണു് സംസാരം. മെട്രിയെന്നും ചട്രിയെന്നുമാണു് ഇവയുടെ പേർ. മെട്രി മനുഷ്യരെ കൊന്നുതിന്നുന്നവയാണത്രേ. ചട്രി ജന്തുക്കളെമാത്രമേ തിന്നൂ. ജന്തുക്കളെ തിന്നുന്നവക്കു വലിപ്പം കൂടും. അകലെനിന്നു നോക്കിയാൽ വലിയ കരടിയാണെന്നു് തോന്നും. കാലടികറം പിന്നോക്കമാണു്. ഹിമമനുഷ്യൻ ഒരുതരം കരടിയാണെന്നാണു് പാശ്ചാത്യരും ശാസ്ത്രജ്ഞരും വിശ്വസിക്കുന്നതു്. പ്രസിദ്ധ ശാസ്ത്രജ്ഞനായ ജൂലിയൻഹക്സ്ലി ഒരിക്കൽ ഡാർജിലിങ്ങ് സന്ദർശിച്ചപ്പോറം ടെൻസിങ്ങ് അദ്ദേഹത്തെ കണ്ടിട്ടുണ്ടു്. ഹിമമനുഷ്യനെപ്പററി ഹക്സ്ലിയുടെ അഭിപ്രായവും ഇതുതന്നെയാണു്. 1954–ൽ ഹിമമനുഷ്യനെ കണ്ടുപിടിക്കുവാൻവേണ്ടിമാത്രം ബ്രിട്ടീഷുകാരും ഇന്ത്യക്കാരുമടങ്ങിയ ഒരു സംഘം ഹിമാലയപ്രദേശങ്ങളിൽ സഞ്ചരിച്ചു. മററനേകം സംഘങ്ങളെപ്പോലെ അവരും അവയുടെ കാല്പാടുകറം മാത്രമേ കണ്ടുള്ളു.

യുദ്ധമവസാനിച്ചതോടെ ഡാർജിലിങ്ങിലെ സ്ഥി

തി വളരെ മോശമായി. പർവ്വതാരോഹണസംഘങ്ങളെ എവിടെയും കാണാനില്ലാതായി. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതോടുകൂടി എല്ലാററിന്നും ഒരനിശ്ചിതനില. അമേരിക്കൻപട്ടാളക്കാരും, ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരുമെല്ലാം പോയ്ക്കഴിഞ്ഞു. ഇംഗ്ലീഷുകാരും അവരെ പിന്തുടരുകയായിരുന്നു. ചായത്തോട്ടങ്ങരം മിയ്ക്കവയും അടച്ചുപൂട്ടി. എവിടെയും ജോലിയില്ല. പരക്കെ ക്ഷാമം.

ടെൻസിങ്ങിന്നു് ഏറെക്കാലം ജോലിയൊന്നുമുണ്ടായിരുന്നില്ല. ഭാര്യയായ ഓങ്ങ്ലാമുവിൻെറ അമ്മ രോഗം പിടിപെട്ടു കിടപ്പിലായി. ഭർത്താവിനെയും അമ്മയേയും രക്ഷിയ്ക്കേണ്ട ഭാരം ഓങ്ങ്ലാമുവിൻെറ തലയിൽ വീണു. ആയയായും ഭൃത്യയായും അവരം പല കുടുംബങ്ങളേയും സേവിച്ചുപോന്നു. അവരം ജനിച്ചതു് ഡാർജിലിങ്ങിലാണ്. എട്ടു വയസ്സു മുതൽ കൂലിവേലയെടുത്താണ് ഉപജീവനംകഴിച്ചുപോന്നത്. 1938-ൽ അവളുടെ ജീവിതത്തിൽ വലിയൊരു മാററം സംഭവിച്ചു. വാലസ് എന്ന ഒരു ബ്രിട്ടീഷു കുടുംബം ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോകുമ്പോരം കുട്ടികളെ നോക്കാൻ അവളെയും കൊണ്ടുപോയി. വളരെ മാസത്തോളം അവളുടെ താമസം ലണ്ടൻ പട്ടണത്തിൻെറ മദ്ധ്യത്തിലായിരുന്നു. അനാവശ്യമായി ആരുമായിടപെടാനിഷ്ടമില്ലാത്ത സ്വഭാവക്കാരിയാണ് ഓങ്ങ്ലാമു. അവരം ജോലിയെടുത്ത കുടുംബത്തിലെ അംഗങ്ങളിൽ ചുരുക്കംപേക്കു മാത്രമേ അവളുടെ ശരിയായ പേരറിയൂ. എല്ലാവരും നിമ എന്നാണവളെ വിളിയ്ക്കുക. ഇയ്യിടെ, ടെൻസിങ്ങിൻെറ എവറസ്റ്റാരോഹണത്തിന്നുശേഷം, ഒരു രസകരമായ സംഭവമുണ്ടായി. ടെൻ

സിങ്ങ് ബ്രിട്ടീഷുസംഘമൊന്നിച്ച എവറസ്റ്റിലേയ്ക്കു പോയപ്പോഠം അവഠം ഡാർജിലിങ്ങിൽ ന്യൂ എൽജിൻ ഹോട്ടലിൽ താമസിച്ചിരുന്ന ഒരു ബ്രിട്ടീഷ് ഓഫീസറുടെ ഭാര്യയൊന്നിച്ചായിരുന്നു. അക്കാലത്ത് പലപ്പോഴും ടെൻസിങ്ങിൻെറ ഫോട്ടോ പത്രങ്ങളിൽ കാണാറുണ്ട്. എന്തൊക്കെയാണ് നടക്കുന്നതെന്നറിയാൻ അവഠംക്കു കലശലായ ആഗ്രഹം; കടലാസ്സ് വായിയ്ക്കാനറിഞ്ഞുംകൂടാ. ആരോടെങ്കിലും ചോദിയ്ക്കാൻ വലിയ മടിയും. ഒരു ദിവസം ഹോട്ടലിൽ അതിഥിയായി വന്ന ഒരു ഇംഗ്ലീഷുകാരിയെ അവഠം ആരും കാണാതെ സമീപിച്ചു ടെൻസിങ്ങിനെക്കുറിച്ചന്വേഷിച്ചു. ടെൻസിങ്ങ് അവളുടെ സ്നേഹിതനാണോ എന്നു ചോദിച്ചതിന്നു്, തൻെറ നാട്ടുകാരനായ ഒരു ഷേപ്പ്യയാണെന്നായിരുന്നു മറുപടി. ഏതാനും മാസം കഴിഞ്ഞ് എവറസ്റ്റാരോഹണത്തിന്നുശേഷം ടെൻസിങ്ങിന്നും ഭാര്യയ്ക്കും കല്ക്കത്തയിൽവെച്ച് ഒരു സ്വീകരണമുണ്ടായി. അതിഥികളുടെ കൂട്ടത്തിൽ മേല്പറഞ്ഞ ഇംഗ്ലീഷുകാരിയുമുണ്ടായിരുന്നു. അവഠം ടെൻസിങ്ങിനെയും ഭാര്യയേയും സമീപിച്ചു. അടുത്തെത്തിയതോടുകൂടി അവഠം തന്നെയല്ല നോക്കുന്നതെന്നു ടെൻസിങ്ങിന്നു മനസ്സിലായി. ആ സ്ത്രീ ഓങ്ങ്ലാമുവിനെ ഉററുനോക്കുകയായിരുന്നു. അവഠം പെട്ടെന്നനങ്ങാതെ സ്തംഭംപോലെ നിന്നു. മോഹാലസ്യപ്പെട്ടു വീഴുമോ എന്നുകൂടി ടെൻസിങ്ങ് സംശയിച്ചു. ''ഈശ്വരാ, നിമയാണിതല്ലേ!'' എന്നുമാത്രം പറഞ്ഞു.

1947—ൽ ടെൻസിങ്ങിന്നു് ഒരു സാഹസം ചെയ്യേണ്ടിവന്നു. ഡൻമാൻ എന്നൊരു സായിപ്പ് ഡാർജിലിങ്ങി

ലെത്തി. തിബത്തിൽ കടക്കാനുള്ള പെർമിററോ വേണ്ടത്ര പണമോ സാമഗ്രികളോ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും, എവറസ്റ്റ് കയറണമെന്ന മോഹം തനിയ്ക്കു കലശലായുണ്ടെന്ന് അയാൾ ടെൻസിങ്ങിനെ അറിയിച്ചു. ടെൻസിങ്ങ് പുറപ്പെട്ടു. ഒരു ഷേപ്പ്യേയും ഒന്നിച്ചു കൂട്ടി. ഇവർ മൂവരും അത്യാവശ്യസാധനങ്ങളെടുത്തു എവറസ്റ്റടിവാരംവരെ ചെന്നു. തക്കതായ വസ്ത്രങ്ങളോ തമ്പുകളോ ഇല്ലാത്തതുകൊണ്ടു മൂന്നു പേക്കും രോഗം പിടിപെട്ടു. ഡൻമാന്നു നടക്കാൻകൂടി പ്രയാസമായി. എല്ലാവരും മടങ്ങി.

ഡാർജിലിങ്ങിൽ തിരിച്ചെത്തുമ്പൊഴെയ്ക്കും ടെൻസിങ്ങിന്നു വേറൊരു ജോലി കിട്ടി. ഗഢ്വാൾച്ചുരങ്ങൾ കയറുവാൻ സ്വിററ്സർലണ്ടിൽനിന്നു് ഒരു സംഘം വന്നു. ഒരു യുവതിയുൾപ്പെടെ നാലു പേരാണ് അതിലുണ്ടായിരുന്നത്. കയറാനുദ്ദേശിച്ച എല്ലാ കൊടുമുടികളും 20,000 അടിയിൽ താഴെ ഉയരമുള്ളവയാണ്. സംഘം ആദ്യം പോയതു് ഹിമാവൃതമായ കേദാരനാഥത്തിലേയ്ക്കാണു്. മിസിസ്സ് ലോനറും ടെൻസിങ്ങുമൊഴികെ മററുള്ളവർ കൊടുമുടിയുടെ അററം കാണാനുറച്ചു പുറപ്പെട്ടവരാണ്. ഏററവുമേറേ ഉയരത്തിൽ സ്ഥാപിച്ച തമ്പുവരെ മിസിസ്സ് ലോനർ കയറി. മററുള്ളവർ തിരിച്ചുവരുന്നത് കാത്തു അവളും ടെൻസിങ്ങും അവിടെയിരിപ്പായി. ശിഖരംവരെ കയറാൻ സാധിയ്ക്കാഞ്ഞതിൽ ടെൻസിങ്ങിന്നു ഖേദമുണ്ടായി. പക്ഷേ മലമുകളിൽ വിശ്രമത്തിന്നു് ഒരു കൂട്ടുകാരിയെ കിട്ടിയത് ഉല്ലാസകരമായിരുന്നു.

**ടെൻസിങ്ങ്**

സംഘാംഗങ്ങരം തിരിച്ചെത്തി. പക്ഷേ, അവക്കൊരു വലിയ അപകടം പററി. കൊടുമുടിയ്ക്കു സമീപം കുത്തനെയുള്ള ഒരു ഹിമഭിത്തി, ഈരണ്ടാളുകളെ കൂട്ടിക്കെട്ടിയ ഒരു കയറിലൂടെയാണ് അവർ കയറിയത്. കയറിക്കൊണ്ടിരിയ്ക്കെ, രണ്ടുപേർ കെട്ടററു താഴേ വീണു—മി. സട്ടറും വാങ്ങ്ഡിനോർബു എന്ന ഷേപ്പ നേതാവും. ആയിരമടി താഴെ എത്തിയതിന്നുശേഷമേ അവർ നിന്നുള്ളു. ചങ്ങാതിമാർ ഉരുണ്ടുരുണ്ടുപോകുന്നതു മററുള്ളവക്ക് കാണാം. അവർ ഇറങ്ങിച്ചെന്നുനോക്കി. സട്ടക്കു വലിയ പരിക്കു പററീട്ടില്ല. വാങ്ങുഡിനോർബുവിൻെറ ഒരു കാൽ ഒടിഞ്ഞുപോയിരുന്നു. അങ്ങുമിങ്ങും തിരയാൻപോലും സ്ഥലമോ സൌകര്യമോ ഇല്ലാത്ത ആ ഉയരത്തുനിന്നു് ഈ പരിക്കേററ ആളെക്കൊണ്ടു് ക്ഷീണിച്ച് അവശരായ അവർ എന്തുചെയ്യും? അവിടെത്തന്നെ ഒരു ചെറിയ തമ്പു പണിത് അയാളെ അതിലെടുത്തുകിടത്തി മററുള്ളവർ മെല്ലെ ഇറങ്ങി. അവർ ടെൻസിങ്ങും കൂട്ടുകാരിയുമിരിയ്ക്കുന്ന തമ്പിലെത്തുമ്പൊഴെയ്ക്കും നേരം ഇരുട്ടായിരുന്നു. പിറേറ ദിവസം നന്നെ രാവിലെ ഒരു രക്ഷാസംഘം മുകളിലേയ്ക്കു പുറപ്പെട്ടു. കൂട്ടത്തിൽ ടെൻസിങ്ങും ഉണ്ടായിരുന്നു. വളരെ പണിപ്പെട്ടു് അവർ പരിക്കേററ ആരം കിടക്കുന്നേടത്തെത്തി. വാങ്ങ്ഡിനോർബു തമ്പിനകത്തു കിടക്കുന്നുണ്ട്, ജീവനുണ്ടു്. എന്നാൽ അയാളുടെ തൊണ്ടയിൽ കത്തികൊണ്ടുള്ള ഒരു വലിയ മുറി! അതിൽനിന്നു രക്തമൊഴുകുന്നു. എന്താണുണ്ടായതെന്നു് അയാരം പിന്നീടു പറഞ്ഞു. കൂട്ടുകാർ തമ്പിൽ കിടത്തി പോകുമ്പോരം തിരിച്ചുവരുമെന്നു പറ

ഞ്ഞത്, കാലൊടിഞ്ഞു സുബോധമില്ലാതിരുന്ന അയാാം കേട്ടില്ല. തന്നെ അവിടെ മരിയ്ക്കാൻ വിട്ടംവെച്ച് ചങ്ങാതിമാർ പോയതായിരിയ്ക്കുമെന്നു് അയാാം ധരിച്ചു. കീശയിൽനിന്ന കത്തിയെടുത്തു കഴുത്തിൽകുത്തി. തല്ക്കാലമുണ്ടാക്കിയ ഒരു സ്റ്റ്റെച്ചറിൽ കിടത്തി അയാളെ ഒരുവിധം താഴെ കൊണ്ടുപോന്നു പോട്ടർമാർ വഴി മസ്സൂരി ആസ്പത്രിയിലെത്തിച്ചു. സംഘം വീണ്ടും അതേ മല കയറി. ഇത്തവണ കൂട്ടത്തിൽ ടെൻസിങ്ങുമുണ്ടായിരുന്നു.

ടെൻസിങ്ങ്

# ഷേർപ്പമാർ

ദുരിതംനിറഞ്ഞ ഒരു കാലഘട്ടമായിരുന്നു 1948. ആ ആണ്ടിൽ പർവ്വതാരോഹണം തീരെ നടന്നിട്ടില്ല. പകരം തിബത്തിൽ ലാസയിലേയ്ക്കും അതിന്നപ്പുറത്തേയ്ക്കുമുള്ള ഒരു യാത്രയാണുണ്ടായത്. പാശ്ചാത്യർക്കു തിബത്തു വർജ്ജ്യമാണ്, ബൗദ്ധർക്ക് അതൊരു പുണ്യഭൂമിയും. ടെൻസിങ്ങിന്നു് അവിടെയുണ്ടായ അനുഭവങ്ങൾ, എവറസ്റ്റിലേതുപോലെ, മറക്കാനാവാത്തതാണ്.

സ്വിററ്സർലണ്ടുകാരൊന്നിച്ചുണ്ടായ ഗഢ്വാൾ പര്യടനം കഴിഞ്ഞു തിരിച്ചെത്തിയതോടുകൂടി ടെൻസിങ്ങിൻെറ സ്ഥിതി ആകെ മോശമായി. അതുവരെ സമ്പാദിച്ച പണമെല്ലാം ഡാർജിലിങ്ങിൽ ചെലവായി. മലകയററക്കാരും വരാതായി. ഓങ്ങ്ലാമു ആയയുടെ ജോലി തുടൎന്നുപോന്നു. പുത്രിമാർ രണ്ടും വളൎന്നുവരികയാണ്. അവൎക്കു ഭക്ഷണവും വസ്ത്രവും മുൻതോതിൽ മതിയാകാതായി. രണ്ടു കൊല്ലത്തോളം കിടപ്പിലായിരുന്ന ഭാര്യയുടെ അമ്മ, രോഗം വൎദ്ധിച്ചു വൎദ്ധിച്ച് ഒടുവിൽ മരിച്ചു. മരിയ്ക്കുന്നതിന്നു മുമ്പ് അവർ കയ്യുയൎത്തി ടെൻസിങ്ങിനെ അനുഗ്രഹിച്ചു. അനുഗ്രഹം ശരിയ്ക്കു ഫലിച്ചതുപോലെയാണ് പിൽക്കാലത്തുണ്ടായ അനുഭവങ്ങൾ.

അടുത്ത വഷം വസന്തത്തിൽ പ്രൊഫസർ ഗ്യൂസപ്പെ ട്ടൂസി എന്ന ഒരു ഇററലിക്കാരൻ ഡാർജിലിങ്ങിലെത്തി. അദ്ദേഹം പൌരസ്ത്യകലകളിലും സാഹിത്യത്തിലും പ്രശസ്ത പണ്ഡിതനാണ്. ഏഴു തവണ തിബത്തു സന്ദശിച്ചിട്ടുണ്ട്. ഒരിയ്ക്കൽക്കൂടി അങ്ങോട്ടു പോകാൻവേണ്ടിയാണ് ഈ വരവ്. പ്രൊഫസർ സഹായത്തിന്നാളുകളേയും പോർട്ടർമാരേയും ഏപ്പാടുചെയ്തു കഴിഞ്ഞിരുന്നു. തിബത്തൻ, ഹിന്ദുസ്ഥാനി, നേപ്പാളി, ഇംഗ്ലീഷ് എന്നീ ഭാഷകളറിയുന്ന ഒരാരംകൂടി സംഘത്തിൽ ആവശ്യമായിവന്നതുകൊണ്ടു ടെൻസിങ്ങിനേയും അതിൽ ചേർത്തു. പ്രൊഫസർ ട്ടൂസി വല്ലാത്തൊരാളാണ്—വലിയ ഗൌരവക്കാരൻ. എപ്പൊഴും തൻെറ ജോലിയിൽ വ്യാപൃതനായിരിയ്ക്കും. സാധാരണ പവ്വതാരോഹണക്കാർ അധികം സംസാരിക്കാത്ത ശാന്തസ്വഭാവരാണ്. പ്രൊഫസറങ്ങിനെയല്ല. എപ്പൊഴും എന്തെങ്കിലും പിറുപിറുത്തുകൊണ്ടിരിയ്ക്കും. വലിയ ശുണ്ഠിക്കാരനും ശാഠ്യക്കാരനുമാണ്. കാര്യങ്ങളെല്ലാം താൻ വിചാരിച്ചതുപോലെ നടക്കണം. അല്ലെങ്കിൽ എടുത്തുചാട്ടമായി, ബഹളമായി. ഷേപ്പ്മാക്കെല്ലാം അദ്ദേഹത്തെ വലിയ ശങ്കയും ഭയവുമാണ്. ടെൻസിങ്ങിനെ കണ്ടമാത്രയിൽ അദ്ദേഹം പല ഭാഷകളിലായി നിരവധി ചോദ്യങ്ങരം തുരുതുരെ, മെഷീൻ തോക്കിൽനിന്ന് ഉണ്ടകളെന്നപോലെ വഷിച്ചു. ഗാങ്ങ്ടോക്കിൽനിന്ന് അവർ വടക്കോട്ടു പുറപ്പെട്ടു. പ്രൊഫസക്കും ടെൻസിങ്ങിന്നും പുറമെ മൂന്നു ഇററലിക്കാരും, വെപ്പുകാരനായ ഒരു ഷേപ്പയും ഡാർജിലിങ്ങിൽനിന്നു ലാസയ്ക്കു പോകുന്ന മംഗോളിയക്കാരനായ ഒരു പുരോഹിതനും

ഏതാനും പോർട്ടർമാരുമാണ് സംഘത്തിലുണ്ടായിരുന്നത്. ഭാണ്ഡങ്ങറം പേറാൻ സിക്കിം ഗവമ്മേണ്ടിൽനിന്നു കടംവാങ്ങിയ നൂറോളം കഴുതകളും കുറെ കുതിരകളുമുണ്ടായിരുന്നു. ഭക്ഷണ സാധനങ്ങളും തമ്പുകളും ഒരു വക, പെട്ടകങ്ങളും ചൂരൽക്കൊട്ടകളും മറെറാരു വക. ഇവ പ്രൊഫസർക്ക് ഓരോ സ്ഥലത്തുനിന്നു കിട്ടുന്ന അപൂവ്വവസ്തുക്കളും ആയുധങ്ങളും മററു പല സാധനങ്ങളും സൂക്ഷിയ്ക്കാനുള്ളവയാണ്. ഇവയെല്ലാം പ്രൊഫസർ ടെൻസിങ്ങിനെ ഏല്പിച്ചു, സ്വന്തം സാധനങ്ങറം സൂക്ഷിച്ച പെട്ടിയുടെ താക്കോൽപോലും. ''എന്നെ ഒന്നിനും ശല്യപ്പെടുത്തരുത്'' എന്നു പറഞ്ഞുംകൊണ്ടാണ് ഇങ്ങിനെ ചെയ്തത്. ടെൻസിങ്ങിന്ന് ആകപ്പാടെ പ്രൊഫസറെ നല്ലവണ്ണം പിടിച്ചു.

അവർ സിക്കിം കുന്നുകറം കയറിയിറങ്ങാൻ തുടങ്ങി. ടെൻസിങ്ങ് കുതിരസ്സവാരിചെയ്തു. അവർ ചെന്ന സ്ഥലങ്ങളെസ്സംബന്ധിച്ച എല്ലാ വിവരങ്ങളും അവിടത്തുകാരേക്കാറം പ്രൊഫസർക്കറിയാം. പ്രൊഫസർ ചിലപ്പോഴൊക്കെ ടെൻസിങ്ങുമായി സംഭാഷണം നടത്തും. അദ്ദേഹം ഒരു കാര്യത്തെക്കുറിച്ച് പറഞ്ഞുതുടങ്ങിയാൽ പെട്ടെന്നു് മറെറാന്നിലേയ്ക്കു കടക്കും; മൂന്നാമതൊന്നിൽ അവസാനിപ്പിയ്ക്കും. പല പ്രധാന സംഗതികളും പഠിയ്ക്കാൻ ടെൻസിങ്ങിന്ന് ഇതൊരവസരമായിരുന്നു. വിഹാരങ്ങറം പുരോഹിതന്മാരുടെ വെറും വാസസ്ഥലങ്ങളല്ല. എണ്ണമററ കയ്യെഴുത്തു ഗ്രന്ഥങ്ങളുടേയും പ്രാചീന കലാവസ്തുക്കളുടെയും കലവറകളാണവ. അവർ കണ്ട ഓരോ വസ്തുവിന്നുമുണ്ട് ഓരോ ചരിത്രവും അത്ഥവും. പോകുംവഴി ഒന്നാ

മത്ʼ അവർ കാഞ്ചനജംഘ കടന്നു. അതൊരു വമ്പിച്ച കൊടുമുടിയാണെന്നതിൽ കവിഞ്ഞൊന്നും ടെൻസിങ്ങിന്നറിവില്ലായിരുന്നു. പ്രൊഫസർ അതിൻെറ അർത്ഥം വിവരിച്ചുകൊടുത്തു. അതു നാലു തിബത്തൻ വാക്കുകളാണ്. കങ്=മഞ്ഞ്, ചെൻ=മഹത്തായ, ഡ്സോഡ് =കലവറ അല്ലെങ്കിൽ നിധി, ൻഗ=അഞ്ച്; അഞ്ചു നിധികളോടുകൂടിയ മഞ്ഞുമല എന്നു സാരം. കാഞ്ചനജംഘാപർവ്വതത്തിന്നു് അഞ്ചു കൊടുമുടികളുണ്ട്. ഒന്നാമത്തേതിൽ ഉപ്പ്, രണ്ടാമത്തേതിൽ സ്വർണ്ണവും വൈഡൂര്യവും, മൂന്നാമത്തേതിൽ പുരാണഗ്രന്ഥങ്ങളും ധനവും, നാലാമത്തേതിൽ ആയുധങ്ങൾ, ഒടുവിലത്തേതിൽ വിളകളും ഔഷധങ്ങളും—അങ്ങിനെ അഞ്ചു നിധികളുടെ സൂക്ഷിപ്പുകാരനാണ് ആ മഹാപർവ്വതം. കാഞ്ചനജംഘ പിന്നിട്ടു, വമ്പിച്ച ചുരങ്ങൾ കടന്നു സംഘം തിബത്തിൽ കടന്നു. സാമാനങ്ങൾ കടത്താൻ വേണ്ടത്ര മൃഗങ്ങളെ അവിടത്തെ ഗവർമ്മേണ്ടു കടംകൊടുത്തു. തിബത്തു പരിശുദ്ധ ഭൂമിയാണ്; ലാസ അവിടത്തെ പാവന കേന്ദ്രവും. മുസ്ലീങ്ങൾ മക്കയെന്നപോലെ ബുദ്ധമതക്കാർ ജീവകാലത്ത് ഒരു തവണയെങ്കിലും അവിടം സന്ദർശിക്കണമെന്നാണ് വെപ്പ്.

''ഓം മണി പത്മേഹും''—ഇതൊരു മഹാമന്ത്രമാണ്. ബുദ്ധമതക്കാർക്ക് വളരെ മുഖ്യം. അഗാധപാണ്ഡിത്യമുള്ള പുരോഹിതന്മാർക്കേ അതിൻെറ പൊരുളറിയൂ. എവിടെ ബുദ്ധമതമുണ്ടോ അവിടെയെല്ലാം ഈ മന്ത്രം കേൾക്കാം. തൻെറ അച്ഛനമ്മമാർ എത്രയോ കാലം ആശിച്ച് സാധിക്കാതെപോയ ഒരു മഹാകാര്യമാണ് ടെൻസിങ്ങിന്നി

പ്പോൾ കൈവന്നതു്. അവക്കുവേണ്ടി ക്ഷേത്രങ്ങളിലും വിഹാരങ്ങളിലും വിളക്കുതെളിയിക്കുവാൻ ചമരിമാൻ പാലിൽനിന്നെടുത്ത കുറെ നെയ്യ് ടെൻസിങ്ങ് കൂടെ കൊണ്ടുപോയിരുന്നു. അവരുടെ പേരിൽ പ്രത്യേകം തയ്യാറാക്കിയ ഓലച്ചുരുൾ അയാൾ പ്രാൎത്ഥനാചക്രത്തിലിട്ടു പലതവണ തിരിച്ചു. ടെൻസിങ്ങ് മതവിശ്വാസിയാണ്. അയാൾ ദൈവത്തിലും ബുദ്ധനിലും വിശ്വസിക്കുന്നു. എന്നാൽ അന്ധവിശ്വാസങ്ങൾ അയാൾക്കില്ല.

സംഘം ലാസയ്ക്കുനേരെ പുറപ്പെട്ടു. ടാങ്ങ്ടോക്കിൽനിന്നു അവിടത്തേയ്ക്കു ഇരുപതുദിവസത്തെ വഴിയുണ്ടു്. വഴിയിൽ ഏതാനും വിഹാരങ്ങൾ സന്ദൎശിക്കാൻ കഴിഞ്ഞു. അവിടങ്ങളിൽവെച്ചെല്ലാം പ്രൊഫസർ പഴയ കയ്യെഴുത്തു ഗ്രന്ഥങ്ങളും കലാവസ്തുക്കളും പരിശോധിച്ചു. കാണുന്നതിലെല്ലാം കൌതുകം കൊള്ളുന്ന ശീലം പ്രൊഫസക്കില്ല. വേണ്ടതെന്തെന്നും വേണ്ടാത്തതെന്തെന്നും അദ്ദേഹത്തിന്നറിയാം. വിഹാരങ്ങളിൽ കണ്ടെത്തുന്ന വിവിധവസ്തുക്കളെക്കുറിച്ച് അദ്ദേഹത്തിന്നുള്ള അറിവു പുരോഹിതന്മാരെ പലപ്പോഴും ആശ്ചര്യപ്പെടുത്തീട്ടുണ്ടു്. അദ്ദേഹത്തിന്നു് ഉറക്കം അധികമില്ല. രാത്രിനേരം തമ്പിൽ ഏകനായി പല അപൂൎവ്വഗ്രന്ഥങ്ങളും നോക്കിക്കൊണ്ടിരിയ്ക്കും. പ്രധാനമെന്നു തോന്നുന്ന ഭാഗങ്ങൾ കുറിച്ചുവെയ്ക്കുകയും ചെയ്യും. ചിലപ്പോൾ പാതിരയ്ക്കോ അതിന്നുശേഷമോ ആയിരിയ്ക്കും വായന മതിയാക്കുക. ഉടനെ എഴുന്നേറ്റു കൂട്ടുകാരെ വിളിച്ചുണൎത്തി അപ്പോൾത്തന്നെ യാത്ര തുടരും.

**ഷേർപ്പമാർ**

ഏറെക്കാലമായി ആശിച്ചുകൊണ്ടിരുന്ന ആ സുദിനം ഇതാ വന്നെത്തി. പൊടി പാറുന്ന റോഡുകളും മൈതാനികളും ചമരിമാൻ കൂട്ടങ്ങളും വിഹാരങ്ങളും കടന്നു് അവർ ഒട്ടക്കം ലാസയിലെത്തിച്ചേൎന്നു. വീതിയുള്ള തെരുവീഥികളും വിശാലമായ ഒഴിവുസ്ഥലങ്ങളും ബസാറുകളും ക്ഷേത്രങ്ങളും ആൾക്കൂട്ടങ്ങളും പലതരം ജന്തുക്കളും, അവയ്ക്കെല്ലാമപ്പുറം അകലെ പട്ടണാതിൎത്തിയിൽ ദലായ്‌ലാമയുടെ വമ്പിച്ച മനോഹരമായ കൊട്ടാരവും.

പ്രൊഫസർ പലതവണ ലാസ സന്ദൎശിച്ച ആളായതുകൊണ്ടു എല്ലാവൎക്കും അദ്ദേഹത്തെ പരിചയമാണു്. സംഘത്തിന്നു് അവിടെ ഹാൎദ്ദമായ സ്വീകരണം ലഭിച്ചു. താമസത്തിന്നു് വലിയൊരു ബങ്കളാവും കിട്ടി. ആദ്യകാലങ്ങളിൽ ടെൻസിങ്ങിനെ ആൎക്കും മനസ്സിലായില്ല. മുഖംകണ്ടാൽ ആളൊരു തിബത്തുകാരനാണെന്നു തോന്നുമെങ്കിലും വസ്ത്രങ്ങളും നടപടികളും തിബത്തുകാരന്റൊത്തതല്ല. ടെൻസിങ്ങിന്നു് അവിടത്തെ ഭാഷ അറിയാവുന്നതുകൊണ്ടു മിക്ക കാര്യങ്ങളും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. അയാളൊരു ഷേൎപ്പയാണെന്നറിവായതോടുകൂടി പൎവ്വതാരോഹണത്തെക്കുറിച്ചു് പലരും പലതും ചോദിച്ചുകൊണ്ടിരുന്നു. ലാസയിൽവെച്ചുണ്ടായ പ്രധാന സംഭവങ്ങളിലൊന്നു ദലായ്‌ലാമയെ കണ്ടതാണു്—ഒരിക്കലല്ല, രണ്ടുതവണ. കൊട്ടാരത്തിൽ അദ്ദേഹത്തിന്റെ സ്വകാര്യമുറിയിലെത്തുവാൻ പ്രൊഫസറും ടെൻസിങ്ങും എത്രയെത്ര തളങ്ങളും ഹാളുകളും നീണ്ട ഇടനാഴികളുമാണു് കടന്നതു്! അന്നു ദലായ്‌ലാമയ്ക്കു പതിനഞ്ചു് വയസ്സേ ആയിരുന്നുള്ളൂ. രാജോചിതമായ അന്തസ്സും ഗാംഭീൎയ്യവു

മുള്ള ഒരു ബാലൻ. സാധാരണ ആരും അദ്ദേഹത്തെ നേരിട്ടു നോക്കാറില്ല. തല കുനിച്ചു മുട്ടുകുത്തി മുമ്പിലിരിയ്ക്കുകയേയുള്ളു. ഒരു പഴയ മിത്രമെന്ന നിലക്ക പ്രൊഫസർ ട്ടൂസി അദ്ദേഹത്തിൻെറ മുമ്പിൽ ഇരിയ്ക്കുക മാത്രമല്ല, അധികനേരം സംഭാഷണം നടത്തുകയുംചെയ്തു. അടുത്തു ടെൻസിങ്ങ് ഓച്ഛാനിച്ചുനിന്നു. പിരിഞ്ഞുപോരുമ്പോഠം രണ്ടു തവണയും ദലായ്ലാമ അവരെ അനുഗ്രഹിച്ചു. തിബത്തുകാരും അദ്ദേഹത്തെ ലദായ്ലാമ എന്നു വിളിയ്ക്കാറില്ല. 'ഗ്യാൽവാ റിംപോഷേ' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. ഗ്യാൽവ എന്നാൽ ജേതാവ്, ഈശ്വരൻ: ബുദ്ധൻ; റിംപോഷേ എന്നാൽ പരിശുദ്ധൻ, ദിവ്യൻ എന്നൊക്കെയാണത്ഥം. ഉന്നത പ്ദവിയിലുള്ള ലാമമാരേയും റിംപോഷേ എന്നു വിളിയ്ക്കാറുണ്ട്. എന്നാൽ ഗ്യാൽ എന്ന പദവി എല്ലാവരെക്കാളു മേറെ ഉന്നതസ്ഥാനമലങ്കരിയ്ക്കുന്ന ഈശ്വരാവതാരത്തിന്നു മാത്രമുള്ളതാണ്. പുറരാജ്യങ്ങളുമായി പരിചയമില്ലാത്ത ഒരു തിബത്തുകാരന്നു ദലായ്ലാമ എന്നാലെന്താണെന്നറിഞ്ഞുകൂടാ. അയാഠംക്ക് ആരാദ്ധ്യനായി ഒരൊററ നേതാവേ ഉള്ളു; അതു ഗ്യാൽവാ റിംപോഷേ, അല്ലെങ്കിൽ പരിശുദ്ധ ബുദ്ധൻ ആണ്.

ലാസയിൽ അവർ രണ്ടു വിദേശീയരെ കണ്ടുമുട്ടി. 1939-ൽ നംഗപവ്വതം കയറാൻ പുറപ്പെട്ട ജമ്മൻസംഘത്തിലെ അംഗങ്ങളാണവർ. യുദ്ധം തുടങ്ങിയതോടെ ഇന്ത്യാഗവമ്മെണ്ട് അവരെ തടങ്ങലിലാക്കി. അവർ ജയിൽ ചാടി ഹിമാലയംവഴി അവിടെ എത്തിച്ചേന്നതാണ്. ഗവമ്മേണ്ട് അവക്ക് അഭയം നൽകി. ടെൻസി

ങ്ങ് അവരുമായി വളരെ സ്നേഹത്തിലായി. അല്പദിവസത്തിന്നുള്ളിൽ അയാളും സംഘവും അവിടം വിട്ടു. ടെൻസിങ്ങ് പിന്നെ അവരിലൊരാളെ ഡാർജിലിങ്ങിൽ വെച്ചു കണ്ടതു് കുറേ കൊല്ലങ്ങാംക്കുശേഷമാണ്. അപ്പൊഴെയ്ക്കും തിബത്ത് കമ്യൂണിസ്റ്റുകാരുടെ അധീനതയിൽ പെട്ടിരുന്നു.

പ്രൊഫസർ ടൂസിയൊന്നിച്ചു ടെൻസിങ്ങ് ഒരു മാസത്തോളം ലാസയിൽ താമസിച്ചു. പിന്നെ ഏഴു മാസക്കാലം തിബത്തിൻെറ നാനാഭാഗങ്ങളിലും ചുററിസ്സഞ്ചരിച്ചു. അത് ഏതാണ്ടൊരദ്ധ്യയനയാത്രയായിരുന്നു. പുതിയ സ്ഥലങ്ങളെക്കുറിച്ചും ബുദ്ധമതകേന്ദ്രങ്ങളെക്കുറിച്ചും പലകാര്യങ്ങളും പ്രൊഫസറുടെ സഹായത്തോടുകൂടി ടെൻസിങ്ങിന്നു പഠിയ്ക്കാൻ കഴിഞ്ഞു. പണമെന്നു കേട്ടാൽ പ്രൊഫസക്കു തലവേദനയാണ്. അതു സൂക്ഷിയ്ക്കാനോ ചിലവഴിയ്ക്കാനോ അദ്ദേഹത്തിന്നിഷ്ടമില്ല. എല്ലാററിന്നും ടെൻസിങ്ങ് വേണം. അതുകൊണ്ടു ലാമമാരെല്ലാം അയാളെ ഏജൻറ് എന്നാണ് വിളിച്ചിരുന്നത്.

ക്രമേണ അവരുടെ പെട്ടകങ്ങളും കൊട്ടകളുമെല്ലാം പലവിധസാധനങ്ങാംകൊണ്ടു നിറയാൻതുടങ്ങി. ടെൻസിങ്ങും ഈ സന്ദഭം പാഴാക്കിയില്ല. കൌതുകകരമായ പല വസ്തുക്കളും ശേഖരിച്ചുവന്നു. പ്രൊഫസക്കു താൻ എത്രയോ കാലമായി കൊതിച്ചിരുന്ന ഒരു അമൂല്യനിധി കിട്ടിയത് ഈ അവസരത്തിലാണ്—രണ്ടായിരം കൊല്ലം പഴക്കമുള്ള ഭൂർജ്ജപത്രത്തിലെഴുതിയ ഒരു സംസ്കൃതഗ്രന്ഥം. ഒരുകാലത്തു തുർക്കിസ്ഥാനിൽ ബുദ്ധമതമായിരുന്നുവെന്നും അന്നു അവിടെവെച്ചെഴുതപ്പെട്ടതാണീ ഗ്രന്ഥമെന്നും ടൂസി

പറകയുണ്ടായി. ഇതിന്നു നല്ലൊരു സംഖ്യ പ്രതിഫലം കൊടുക്കാൻ പ്രൊഫസർ ഒരുക്കമായിരുന്നെങ്കിലും ലാമമാർ അതു സ്വീകരിച്ചില്ല. ഒടുവിൽ അദ്ദേഹം ഗ്രന്ഥം കണ്ടുകിട്ടിയ ലാങ്കർ വിഹാരത്തിലേക്കു 500ക. സംഭാവന ചെയ്തു.

ടെൻസിങ്ങിൻെറ ജന്മഭൂമി സോളോഖുംബുവാണെങ്കിലും അയാളിപ്പോഠം അവിടെ സാധാരണ പോകാറില്ല. സ്ഥിരതാമസം ഡാർജിലിങ്ങിൽത്തന്നെ. ടെൻസിങ്ങിൻെറ വർഗ്ഗക്കാർ അധികവും സോളോഖുംബുവിലാണ്. കുറേ പേർ റോങ്ങ്ബക്കിലുണ്ടു്. ചിലർ കലിംപോങ്ങിലും. അല്പം പേരെ നേപ്പാളിൽ അവിടവിടെയായി കാണാം. ''പുതുഷേപ്പ്''കളുടെ കേന്ദ്രം ഡാർജിലിങ്ങാണ്. അവർ നാടും പഴയ സമ്പ്രദായങ്ങളും ഉപേക്ഷിച്ചവരാണ്. ഷേപ്പ്കഠം സോളോഖുംബു വിടാൻ തുടങ്ങീട്ടു് അധികകാലമായി. ഏതാണ്ടു് അയ്മ്പതു കൊല്ലം മുമ്പു ഹിമാലയപ്രദേശങ്ങളിൽ ഗവേഷണത്തിന്നു് പുറപ്പെട്ട ഡോ. കെല്ലാസ്, ജനറൽ ബ്രൂസ് എന്നിവരാണ് ഷേർപ്പമാരുടെ പ്രത്യേകക്കഴിവുകഠം ആദ്യമായി കണ്ടെത്തി അവരെ ഉപയോഗപ്പെടുത്താൻ തുടങ്ങിയത്. ക്രമേണ, പവ്വതാരോഹണത്തിൽ തമ്പ്, ഭക്ഷണം, കയറ് എന്നിവപോലെതന്നെ ഒഴിച്ചുകൂടാത്ത ഒരിനമായിരിക്കുയാണ് അവർ. എല്ലാവരും ഈ തൊഴിലിൽ ഏപ്പെട്ടവരല്ല. ഡാർജിലിങ്ങിലുള്ളവരധികവും മലകയററമില്ലാത്ത കാലങ്ങളിൽ ചായത്തോട്ടങ്ങളിൽ ജോലിചെയ്താണ് ഉപജീവനംകഴിക്കുന്നത്. ടെൻസിങ്ങും കുറേക്കാലം ഇപ്പണിചെയ്തിട്ടുണ്ടു്. കൊല്ലത്തിൽ പകുതിയും മല

ഷേർപ്പമാർ

കേററമായിരിക്കും; ബാക്കി സമയം കൂലിവേലയും. ഷേപ്പുകാർ പഴയ ആചാരങ്ങളിൽ പ്രതിപത്തിയുള്ളവരാണ്. അവർ പുറമെയുള്ളവരുമായി വിവാഹബന്ധം പതിവില്ല. ഷേപ്പുകളുടെ അധികം വീടുകളും ടുങ്ങ്സുങ്ങ്ബസ്തിയിലെ മലഞ്ചെരിവിലാണ്. വീടുകാർ മരംകൊണ്ടാണ്. ഓരോന്നിലും വളരെ മുറികളുണ്ടാകും. ഒരു കുടുംബത്തിന്നു് ഒന്നോ രണ്ടോ മുറിയിലധികമുണ്ടാകയില്ല. അടുക്കളയും മറപ്പുരയും കുറേ കുടുംബങ്ങൾക്ക പൊതുവിലായിരിക്കും. ഇയ്യിടെ ടുങ്ങ്സുങ്ങിൽ ഇലക്ട്രിസിററി ഏപ്പെടുത്തീട്ടുണ്ട്.

ഷേപ്പുകാർ അധികവും ദരിദ്രരാണ്. നേപ്പാൾ നാണയവും ഇന്ത്യൻനാണയവുമേ അവർ കണ്ടിട്ടുള്ളൂ. ഇന്ത്യൻ ഉറുപ്പികയ്ക്കാണ് കൂടുതൽ വില. ഷേപ്പുകളുടെ ഇടയിൽ സമ്പാദ്യക്കാർ വളരെ ചുരുങ്ങും. ഭൂരിപക്ഷവും കടക്കാരാണ്. അവർ പണം അന്യോന്യം കടംകൊടുക്കും. പലിശ വാങ്ങില്ല. വരവുണ്ടാകുമ്പോൾ കടം വീട്ടുകയും ചെയ്യും. 1953–ലെ എവറസ്റ്റാരോഹണത്തിന്നടുത്തു മുമ്പുവരെ ടെൻസിങ്ങ് വലിയ കടക്കാരനായിരുന്നു. പലക്കുമായി ആയിരം ഉറുപ്പികയോളം കൊടുക്കാനുണ്ടായിരുന്നു.

കറുത്ത തലമുടി, കറുത്ത കണ്ണു, മഞ്ഞയും ഊതയും കലന്ന മൃദുവായ തൊലി—ഇവയെല്ലാമാണ് ഷേപ്പുകളുടെ പ്രത്യേകത. പുരുഷന്മാർ സാധാരണ കുടുക്കൻ ധരിക്കും. താടിമേൽ രോമം കുറയും. ഉള്ളതു് വളരെ നേരിയതുമായിരിക്കും. മാസത്തിലൊരിക്കൽ ക്ഷൌരംചെയ്താൽ മതി. മുഖം മംഗോൾവർഗ്ഗക്കാരുടേതാണ്; എന്നാൽ ചൈനക്കാരുടെയോ തിബത്തുകാരുടെയോപോലെ അവ

യവങ്ങളുടെ പ്രത്യേകത അത്രതന്നെ വ്യക്തമല്ലെന്നുമാത്രം. മൂക്കും കണ്ണും പല ജാതിയിലും വലിപ്പത്തിലുമാണ്. ഷേർപ്പകാംക്ക് ഉയരമധികമില്ല. നല്ല ബലവും ആരോഗ്യവുമുണ്ട്. അവർ ചെയ്യുന്ന പണികളും വഹിയ്ക്കുന്ന ഭാരങ്ങളും നോക്കിയാൽ തടി അത്ര പോരെന്നു തോന്നിപ്പോകും. ഡാർജിലിങ്ങിൽ അവരുടെ സ്ത്രീകാംക്ക് ഇപ്പോഴും പഴയ വസ്ത്രധാരണരീതിയാണ്! കറുത്ത പുതപ്പും വിലങ്ങനെ വരയുള്ള മേലുടുപ്പും സർവ്വസാധാരണമാകുന്നു. പുരുഷന്മാരധികവും സ്പോർട്ട്സ് ഷർട്ട്, നിക്കർ, സ്വെററർ മുതലായ യൂറോപ്യൻവസ്ത്രങ്ങളാണ് ധരിയ്ക്കുന്നത്. എല്ലാവരും ഷൂസ്സ് ധരിയ്ക്കും. കഴിവുള്ളവർ യൂറോപ്യൻ ഷൂസ് വാങ്ങും. അല്ലാത്തവർ തിബത്തൻമട്ടിലുള്ളവകൊണ്ടു തൃപ്തിപ്പെടും. എവറസ്റ്റാരോഹണത്തിന്നുശേഷം പ്രധാനസന്ദർഭങ്ങളിലെല്ലാം ടെൻസിങ്ങ് ഇന്ത്യൻരീതിയിലാണ് വസ്ത്രം ധരിയ്ക്കാറ്—വെളുത്ത കാലുറയും മുട്ടുവരെയുള്ള കറുത്ത കോട്ടും. മററവസരങ്ങളിൽ ഷർട്ടും കാലുറയുംമാത്രമായിരിയ്ക്കും.

മലകയററത്തിൽ ഷേർപ്പകാംക്കുള്ള വൈദഗ്ദ്ധ്യത്തിന്റെ രഹസ്യം അവരുടെ പ്രത്യേക ഭക്ഷണ സമ്പ്രദായമാണ് എന്നത്രേ ടെൻസിങ്ങിന്റെ അഭിപ്രായം. പൌരസ്ത്യരായ അധികമാളുകാംക്കും—ഹിന്ദുക്കാംക്കും മുസ്ലീങ്ങാംക്കും യാഥാസ്ഥിതിക ബൌദ്ധക്കമെല്ലാം—ഭക്ഷണകാര്യത്തിൽ മതപരമായ ചില നിബന്ധനകളുണ്ട്. കാട്ടിലും മലയിലും ഈ വ്രതം എത്രമാത്രം നടക്കും! എന്നാൽ ഷേർപ്പയ്ക്ക് അങ്ങിനെയൊന്നുമില്ല. അവൻ എന്തും തിന്നുകൊള്ളും. പുതിയതോ പഴയതോ, പാകംചെയ്തതോ

ഷേർപ്പമാർ

അല്ലാത്തതോ എന്നൊന്നും നോട്ടമില്ല. സായിപ്പന്മാരൊന്നിച്ചു പോകയാണെങ്കിൽ അവരുടെ ഭക്ഷണങ്ങൾകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളും. ഡാർജിലിങ്ങിലായാലും സോളോഖുംബുവിലായാലും അവരുടെ നിത്യഭക്ഷണം ഉരുളക്കിഴങ്ങും മാംസവും പച്ചക്കറികളുമെല്ലാം കൂട്ടിച്ചേർത്തുണ്ടാകുന്ന ഒരുതരം കുഴമ്പാണു്. ഇന്ത്യയിൽ അവർ ചോറും ധാരാളം കഴിക്കും.

ഷേർപ്പകളുടെ പ്രധാന പാനകം ചായയാണു്. ഇംഗ്ലീഷുകാരെപ്പോലെ അവർ എല്ലായ്പോഴും ചായ കുടിക്കും. പണ്ടൊക്കെ ചായ തിബത്തൻ സമ്പ്രദായത്തിൽ ചമരിമാനിൻെറ നെയ്യു് ചേർത്താണുണ്ടാക്കുക. ഡാർജിലിങ്ങിൽ ചമരിമാനില്ലാത്തതുകൊണ്ടു് സായിപ്പന്മാരെപ്പോലെ അവരും പാലും പഞ്ചസാരയും ചേർത്തു കഴിക്കും. കുറച്ചു ലഹരിയുള്ള വല്ലതും വേണമെന്നു തോന്നിയാൽ 'ചങ്ങ്' എന്ന ഷേർപ്പാബീർ കുടിക്കും. ഇതു വീട്ടുകളിലാണുണ്ടാക്കുക. അരിയോ ബാർളിയോ മററുവല്ല ധാന്യമോ, ഏതാണെളുപ്പത്തിൽ കിട്ടുകയെന്നാലതു്, ഇതിന്നായുപയോഗിക്കും. നല്ല മത്തുള്ള മദ്യമാണതു്. ഗ്ലാസ്സിൽ കുറെയെടുത്തു തിളയ്ക്കുന്ന വെള്ളം ചേർത്തു് ഓടക്കുഴലുകളിലൂടെ വലിച്ചു കുടിക്കുകയാണു് പതിവു്. പലപ്പോഴും ഇതൊരു ഗ്ലാസ്സായിരിക്കയില്ല. സാമാന്യം വലിപ്പമുള്ള ഭരണിയായിരിക്കും. അപ്പോൾ ആരൊക്കെ അടുത്തുണ്ടോ, അവരെല്ലാം ഇതിൽ പങ്കുകൊള്ളും. കുടി മുറുകുന്തോറും ആതിഥേയൻ ഭരണി നിറച്ചുകൊണ്ടിരിക്കും. പാട്ടും കളിയും ചിരിയുമായി അധികനേരം ഇങ്ങിനെ കഴിയും. ഒരിരുപ്പിൽ മൂന്നുനാലു തവണ കുടിക്കാത്ത

വരെ ആരും രസികന്മാരായി ഗണിയ്ക്കാറില്ല. മദ്യം തൊടാത്ത ഹിന്ദുക്കളോ മുസ്ലീങ്ങളോ ഷേപ്പുകളുടെ വിരുന്നിൽ പെട്ടുപോയാൽ വല്ലാതെ വിഷമിയ്ക്കും. കുടിയ്ക്കാത്തവൻ കൂട്ടത്തിലുള്ളതായിത്തന്നെ ആരും കരുതുകയില്ല. ടെൻസിങ്ങിനെ സംബന്ധിച്ചേടത്തോളം 'ചങ്ങും' യൂറോപ്യൻ മദ്യങ്ങളുമെല്ലാം അയാൾക്കിഷ്ടമാണ്. ഷേപ്പുകളുടെ ഇടയിൽ വിനോദങ്ങൾ അധികമില്ല. അതിന്നു സമയമോ സൌകര്യമോ ഇല്ലാത്തതാണ് കാരണം. പകിടകളിയും ശീട്ടുകളിയും അപൂർവ്വം കാണാം. കുതിരപ്പവാരിയിൽ അവർക്ക് വലിയ ഭ്രമമാണ്.

ഷേപ്പുകളുടെ ഇടയിൽ സ്ത്രീകൾക്കുള്ള സ്ഥാനം പ്രധാനമാണ്. ഏഷ്യയിൽ മറെറാരേടത്തുമില്ലാത്ത സ്വാതന്ത്ര്യമാണ് അവർക്കുള്ളത്. വീടുകളിൽ അവരാണ് സർവ്വാധിപതികൾ. എന്നാൽ മററു കാര്യങ്ങളിലും അവർ പുരുഷന്മാരോടൊപ്പം ഏർപ്പെടും. ചുമടുചുമക്കൽ അവരുടെ മുഖ്യജോലിയാണ്. മല കയററത്തിൽ ഭാരം ചുമക്കാൻ എത്രയോ സ്ത്രീകളെ പോർട്ടർമാരായി കൊണ്ടുപോകാറുണ്ട്. ഇവരുടെ ഇടയിൽ വിവാഹമോചനം എളുപ്പമാണ്. സ്ത്രീയായാലും പുരുഷനായാലും എതുകക്ഷിയ്ക്ക് ഒരു നിശ്ചിതസംഖ്യ കൊടുത്താൽ മതി. ഷേപ്പുകളുടെ മൂലസ്ഥാനമായ തിബത്തിൽ ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഇന്നും നടപ്പുണ്ട്. രണ്ടോ അധികമോ സഹോദരന്മാർക്ക് ഒരു ഭാര്യയേ ഉണ്ടായിരിയ്ക്കു. കുടുംബസ്വത്ത് ഛിദ്രിച്ചു പോകാതിരിയ്ക്കാനാണിങ്ങിനെ ചെയ്യുന്നത്. സോളോഖുംബുവിലും ഡാർജിലിങ്ങിലും ഈ സമ്പ്രദായം നടപ്പില്ല.

### ഷേർപ്പുമാർ

ഷേപ്പ്കളുടെ കുട്ടികളെ ഇയ്യിടെയായി സ്കൂളിലേയ്ക്കയച്ചുവരുന്നു. പണ്ടൊക്കെ ബുദ്ധവിഹാരങ്ങളിലേയ്ക്കാണയയ്ക്കുക. ഇക്കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഡാർജിലിങ്ങിൽ നേപ്പാളികളുടെ വക ഒട്ടധികം സ്കൂളുകരം സ്ഥാപിച്ചിട്ടുണ്ട്. 1951—ൽ ഷേപ്പ്കാംക്ക പ്രത്യേകമായിത്തന്നെ ഒന്നു് ഏർപ്പെടുത്തുകയുണ്ടായി. ടെൻസിങ്ങിൻെറ രണ്ടു പെൺമക്കളേയും ആദ്യകാലങ്ങളിൽ നേപ്പാളി സ്കൂളിലേയ്ക്കാണ് അയച്ചിരുന്നത്. ഇപ്പോരം താൻ പണക്കാരനായതോടുകൂടി ഒരു കാത്തലിക്ക് കോൺവെൻറ് സ്കൂളിലേയ്ക്കാണയയ്ക്കുന്നത്.

ഡാർജിലിങ്ങിൽ ടെൻസിങ്ങിൻെറ പുതിയ വീട്ടിൽ ഒരു വലിയ മുറി പ്രാത്ഥനയ്ക്കു നീക്കിവെച്ചിരിയ്ക്കുന്നു. തിബത്തിൽനിന്നു കൊണ്ടുവന്ന അനേകം വിശുദ്ധ വസ്തുക്കരം അതിൽ കാണാം. ദിവസേന അവിടെ അധികനേരം ഒരു പുരോഹിതൻ പ്രാത്ഥനനടത്തും. വീട്ടിന്നുതൊട്ടു മലഞ്ചെരിവിലുള്ള മൈതാനത്തിൽ പ്രാത്ഥനക്കൊടികരം പാറിക്കളിയ്ക്കുന്ന ഉയരമേറിയ അനേകം മുളകരം നാട്ടിക്കാണാം.

ഷേപ്പ്കളുടെ മതപരമായ പ്രധാനച്ചടങ്ങുകരം ജനനത്തിലും വിവാഹത്തിലും മരണത്തിലുമാണ്. ചെറുകുട്ടികളുടേതൊഴികെ ശവം ദഹിപ്പിയ്ക്കുന്നു. ടൂങ്ങ്സൂങ്ങ്ബസ്തിയിൽ ഷേപ്പ്കളുടെ വക ഒരു ചെറുക്ഷേത്രമുണ്ട്. അതിന്നുള്ളിൽ ഒരു ചക്രമാണുള്ളത്—രണ്ടാളുയരമുള്ള ഒരു കൂററൻചക്രം. മറ്റൊന്നിന്നും അതിൽ സ്ഥലമില്ല. ചക്രത്തിന്മേൽ ഒരു കയർ കെട്ടിയിട്ടുണ്ട്. കയർ വലിച്ചാൽ അതു തിരിയും, തിരിയുമ്പോരം മണിയടിയ്ക്കും. ക്ഷേത്ര

ത്തിന്നരികിൽക്കൂടി പോകുമ്പോഠം മിക്കപ്പൊഴും ഈ മണിനാദം കേഠക്കാം. അവിടെയപ്പോഠം ജനനമോ മരണമോ സംബന്ധിച്ച പ്രാൎത്ഥന നടക്കുകയായിരിക്കും.

വളരെക്കാലമായി പൎവ്വതാരോഹണം സംബന്ധിച്ച ഏൎപ്പാടുകഠം നിൎവ്വഹിച്ചുവരുന്ന ഹിമാലയൻ ക്ലബ്ബ് ഷേപ്പ കളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു സ്ഥാപ നമാണ്. ഇതിലെ അംഗങ്ങഠം അധികവും ഇംഗ്ലീഷുകാ രാണ്. ഏതാനും ഇന്ത്യക്കാരും മററു രാജ്യക്കാരുമുണ്ട്. പൎവ്വതാരോഹണസംഘങ്ങളെ ക്ലബ്ബ് നേരിട്ടയക്കുകയല്ല, വരുന്നവൎക്ക് മല കയറാനുള്ള എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുകയാണ് പതിവ്. ക്ലബ്ബിൻെറ ഒരു സെക്രട്ടരി എന്നും ഡാർജിലിങ്ങിലുണ്ടായിരിക്കും. അദ്ദേഹമാണ് ആവശ്യം വരുമ്പോഠം ഷേപ്പകളെ ശേഖരിച്ചു സംഘങ്ങഠം ക്കയച്ചുകൊടുക്കുക. ക്ലബ്ബും അതിൻെറ സെക്രട്ടരിമാരും മഹത്തായ ജോലിയാണ് നിൎവ്വഹിക്കുന്നത്. അടുത്ത കാലത്തായി പ്രതിഫലം സംബന്ധിച്ചും മററും ഷേപ്പകളു ടെ ഇടയിൽ അതൃപ്തി വളൎന്നുവരികയാണ്. അതുകാരണം അവർ സ്വന്തമായൊരു സംഘടന സ്ഥാപിച്ചിരിക്കുന്നു.

സമുദായ സേവനമാണ് ഈ സംഘടനയുടെ ഉദ്ദേശ്യം. വിവിധ കാര്യങ്ങഠം നിൎവ്വഹിക്കാൻ പ്രത്യേകം കമ്മി ററികളുണ്ട്. ഒരു കുടുംബത്തലവൻ രോഗം പിടി പെട്ടു രണ്ടാഴ്ചയിലധികം കിടപ്പിലാവുകയാണെങ്കിൽ സംഘം ഒരു നിശ്ചിത സംഖ്യ മാസംതോറും ആ കുടുംബ ത്തിന്നു കൊടുത്തുകൊണ്ടിരിക്കും. രോഗി മരിച്ചാൽ ശവ സംസ്കാരത്തിന്നും മററും ഇരുപതുറുപ്പിക കൊടുക്കും. ജോലി യില്ലാത്തവൎക്ക് അതു തേടിക്കൊടുക്കാനും, പൎവ്വതാരോ

ഹണാവസരങ്ങളിൽ ഹിമാലയൻ ക്ലബ്ബുകാരുമായി കൂലി പേശാനും പരിക്കേററവരുടേയും മരിച്ചവരുടേയും കുടുംബങ്ങൾക്ക പ്രതിഫലം വാങ്ങിക്കൊടുക്കാനും മററും സംഘം കാര്യമായ ശ്രമങ്ങൾ ചെയ്യുവരുന്നു. ഇപ്പോൾ 82 മെമ്പർമാരാണ് സംഘത്തിലുള്ളത്. ടെൻസിങ്ങാണ് അതിൻെറ അദ്ധ്യക്ഷൻ. മലകയററക്കാർ ഒന്നാമത്തു ഷേപ്പമാരെ സഹായത്തിന്നു കൊണ്ടുപോയത് 1900—ലാണ്. 1920 കാലത്ത് അവർ എവറസ്റ്റിൽ ചുമട്ടമായി 26,000 അടിവരെ കയറി. 1930—ൽ സായിപ്പന്മാരൊന്നിച്ച രണ്ടു വമ്പിച്ച കൊട്ടമുടികൾ കയറി—ആദ്യം ജോൺസോക്കം, പിന്നെ ഹാമററിയും. അതിന്നുശേഷം കേട്ട, കാഞ്ചനജംഘ, നംഗപർവ്വതം, നന്ദാദേവി, അന്നപൂർണ്ണ തുടങ്ങി കേളികേട്ട മിക്ക കൊട്ടമുടികളും അവർ കയറുകയുണ്ടായെന്ന്.

1948—ൽ ഇന്ത്യൻ സൈന്യത്തിൻെറ ഗവേഷണ വിഭാഗമൊന്നിച്ച് ടെൻസിങ്ങ് വടക്കപടിഞ്ഞാറെ ഇന്ത്യയിൽ പല പ്രധാന സ്ഥലങ്ങളും സന്ദർശിച്ചു. പട്ടാളക്കാരെ മലകയററം പരിശീലിപ്പിക്കകയായിരുന്നു അയാളുടെ ജോലി. കയററം മാത്രമല്ല, തമ്പടിയ്ക്കൽ, പാചകവേല, വിവിധോപകരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടവിധം—ചുരുക്കത്തിൽ കാട്ടുപ്രദേശങ്ങളിൽ ജീവിയ്ക്കേണ്ടതെങ്ങിനെയെല്ലാമാണെന്ന്—അവരെ പഠിപ്പിയ്ക്കണം. പണി ആകപ്പാടെ രസകരമായിരുന്നു. രണ്ടു കൊല്ലം ടെൻസിങ്ങ് ഈ ജോലിയിലേർപ്പെട്ടു—ആദ്യത്തെ കൊല്ലം കുളുസംസ്ഥാനത്തിലും രണ്ടാമത്തു കാശ്മീരിലും. രണ്ടും തണുപ്പുകാലത്തായിരുന്നു. അതുകാരണം അയാൾക്ക

പലതരം ഹിമവിനോദങ്ങളും ശീലിയ്ക്കാൻ കഴിഞ്ഞു. പട്ടാളക്കാരെ പഠിപ്പിച്ചതിന്നു നല്ല സർട്ടിഫിക്കററും കിട്ടും.

1949–ൽ സ്വിററ്സർലണ്ടിൽനിന്നു റെണേഡിററട്ടിൻെറ നേതൃത്വത്തിൽ ഒരു സംഘം ഡാർജിലിങ്ങിലെത്തി. നേപ്പാറംവഴി കാഞ്ചനജംഘ കയറുകയായിരുന്നു അവരുടെ ഉദ്ദേശ്യം. അവരുടെ ക്ഷണം സ്വീകരിയ്ക്കാൻ ടെൻസിങ്ങിന്നു കഴിഞ്ഞില്ല. ടിൽമാനൊന്നിച്ചു നേപ്പാളിലേയ്ക്കു പോകാമെന്നു് അയാറം മുമ്പേ ഏററിരുന്നു. ടിൽമാനും വേറെ രണ്ടു് ഇംഗ്ലീഷുകാരും നാലു് ഷേപ്പ്കളും ടെൻസിങ്ങും കൂടിയാണു് പുറപ്പെട്ടതു്. കല്കത്തയിൽനിന്നു് ഇന്ത്യൻ അതിർത്തിയിലെ റക്സോറം വരെ അവർ തീവണ്ടിയിൽ പോയി. പിന്നെയുള്ള യാത്ര ലോറിവഴി നേപ്പാളിലെ ബിംപെട്ടി പട്ടണംവരെ കാടുകളിലൂടെയും കുന്നിൻചെരിവുകളിലൂടെയുമായിരുന്നു. ഇതിന്നപ്പുറം റോഡോ റെയിലോ ഒന്നുമില്ല. നടക്കേണ്ടിവന്നു. ഉന്നതശിഖരങ്ങളിലൂടെ നേപ്പാറം താഴ്വാരം വരെ എത്തി. പച്ചപിടിച്ച വിസ്തീർണ്ണമായ ആ സമതലത്തിന്നു് ഏതാണ്ടു് മദ്ധ്യത്തിലാണു് കാഠ്മാണ്ഡു.

ആ പട്ടണം അയാറം ആദ്യം കണ്ടതു് പതിമ്മൂന്നാം വയസ്സിലാണു്—സോളാഖുംബുവിൽനിന്നു് ഒളിച്ചോടിപ്പോന്നപ്പോറം. ഇക്കാലത്തിന്നിടയിൽ എന്തെല്ലാം മാററങ്ങളാണു് അവിടെയുണ്ടായിട്ടുള്ളതു്! പുതിയ കെട്ടിടങ്ങറം, വൈദ്യുതദീപങ്ങറം, ടെലിഫോൺ കമ്പികറം, അവിടവിടെ ഏതാനും മോട്ടോർ കാറുകളും. കാറുകളുടെ വിവിധഭാഗങ്ങറം ആളുകറം മുതുകത്തേററി മലയിട്ടുക്കു

ഷേർപ്പമാർ

കാം കടത്തിക്കൊണ്ടു വന്നതാണെന്നു കേട്ടു. പട്ടണം പൊതുവേ അയാരം പണ്ടു് കണ്ടതുതന്നെ. വളഞ്ഞു പുളഞ്ഞ പഴയ തെരുവുകാം, ആംത്തിരക്കുള്ള ബസാറുകാം, ഹിന്ദുക്കളുടേയും ബുദ്ധമതക്കാരുടേയും ക്ഷേത്രങ്ങാം, അത്ഭുതാവഹമായ കൊത്തുപണികളും പ്രതിമകളും, പട്ടണത്തിന്നു തൊട്ടടുത്തു് ഇളവെയിലിൽ മിന്നിത്തിളങ്ങുന്ന പച്ചനെൽവയലുകാം, അകലെ നോക്കിയാൽ കണ്ണെത്തുവോളം മഞ്ഞും ഹിമാലയ പൎവ്വതങ്ങളും—ആകപ്പാടെ പണ്ടുകണ്ട കാറ്മാണ്ടുതന്നെ.

രണ്ടു കൊല്ലം മുമ്പാണ് ടെൻസിങ്ങ് ലാസ സന്ദൎശിച്ചതു്. അയാരം ഈ രണ്ടു് പട്ടണങ്ങളേയും താരതമ്യപ്പെടുത്തിനോക്കി. ഒരു സംഗതിയിൽ രണ്ടിന്നും സാമ്യമുണ്ടു്. രണ്ടിനേയും പാശ്ചാത്യപരിഷ്കാരം കാര്യമായി തീണ്ടീട്ടില്ല. വ്യത്യാസങ്ങളോ ഗണ്യമായവയാണ്. ലാസ അത്യുന്നതമായ ഏകാന്തതയിൽ ഒന്നിനോടും ചേരാതെ, എല്ലാം തിബത്ത്, എല്ലാം ബുദ്ധമതം എന്ന മട്ടിലങ്ങിനെ വേർതിരിഞ്ഞു കിടക്കുന്നു. കാറ്മാണ്ടുവോ, അനേകനൂററാണ്ടുകളിലെ പാരമ്പര്യം പാലിച്ചുകൊണ്ടു പൌരസ്ത്യമായ എല്ലാററിന്നും എല്ലാവൎക്കും സങ്കേതവും അഭയസ്ഥാനവുമായി പരിലസിക്കുന്നു. പ്രൊഫസർ ടൂസിയെപ്പോലെ ടിൽമാനും ഇക്കൊല്ലം പുറപ്പെട്ടതു പൎവ്വതാരോഹണത്തിന്നല്ല, പഠനത്തിന്നാണ്. അവർ ലാങ്ങ്ഡാങ്ങ് ഹിമാലയം എന്ന പ്രദേശം ലക്ഷ്യമാക്കി പടിഞ്ഞാട്ടു തിരിച്ചു. കുറേ ദിവസത്തോളം കൃഷിസ്ഥലങ്ങളിലൂടെയായിരുന്നു യാത്ര. നെൽവയലുകളും തട്ടുതട്ടായി വെട്ടിത്താഴ്ത്തിയ കുന്നിൻ ചെരിവുകളും കൃഷി

സമ്പലമായിരുന്നു. ഇടയ്ക്കിടെ ഗ്രാമങ്ങളും പഴയ കോട്ടകളും കോണാകൃതിയിലുള്ള ക്ഷേത്രഗോപുരങ്ങളും കാണാം. ഇത്തരം ഗോപുരങ്ങളുടെ ഉത്ഭവസ്ഥാനം നേപ്പാളാണെന്നും ചീനയല്ലെന്നുമാണ് അവിടത്തുകാരുടെ അഭിപ്രായം. പടിഞ്ഞാറൻ മദ്ധ്യനേപ്പാളിലെ അന്നപൂർണ്ണ, ധവളഗിരി, മാനസ്ലു തുടങ്ങിയ വമ്പിച്ച അനേകം കൊടുമുടികൾ ആകാശം ഉരുമ്മിനില്ക്കുന്നതു വടക്കുവശത്ത് അകലെ അവർ കണ്ടു.

ഭൂമിശാസ്ത്രം പഠിക്കുകയായിരുന്നു ടിൽമാൻെറ ആവശ്യം. അദ്ദേഹത്തിൻെറ രണ്ടു സ്നേഹിതന്മാർ പുഷ്പങ്ങളും ലോഹങ്ങളും ധാതുപദാർത്ഥങ്ങളും പരിശോധിച്ചുകൊണ്ടിരുന്നു. എവിടേയ്ക്കെന്നില്ലാതെ സംഘാംഗങ്ങൾ കാട്ടിലും മലയിലും മഞ്ഞുനിറഞ്ഞ അടിവാരങ്ങളിലും അധികദിവസം അലഞ്ഞുതിരിഞ്ഞു. പലപ്പോഴും വഴി തെററി ബുദ്ധിമുട്ടി. ഒരവസരത്തിൽ ലിംബുവർഗ്ഗക്കാരിലൊരുവന്നു വഴി കാട്ടാൻ അഞ്ചുറുപ്പിക കൊടുക്കേണ്ടിവന്നു. ഇങ്ങിനെയുള്ള യാത്രകളിൽ ആരും ക്ഷൌരം ചെയ്യാറില്ല. വസ്ത്രങ്ങളും മോശമായിരിക്കും. ടിൽമാനൊരു രോമേശനാണ്. നീണ്ട താടിമീശയും, പുറത്തേയ്ക്കു തള്ളിനില്ക്കുന്ന വലിയ പുരികവും പെട്ടെന്നു കണ്ടാൽ ആരും ഞെട്ടിപ്പോകും. സംഘാംഗങ്ങൾ അദ്ദേഹത്തെ കരടിയെന്നാണ് വിളിക്കുക. ലിംബുവർഗ്ഗത്തിൽ പെട്ടവക്കു മററു ഏഷ്യക്കാർക്കെന്നപോലെ രോമം വളരെ കുറവാണ്. ഇല്ലെന്നുതന്നെ പറയാം. ടെൻസിങ്ങ് വഴി ചോദിച്ച ലിംബു അഞ്ചുറുപ്പിക വാങ്ങി വഴികാട്ടാൻ ഒരുങ്ങുകയായിരുന്നു—അപ്പോഴാണ് ടിൽമാനെ പെട്ടെന്നു മുമ്പിൽ

കണ്ടതു്. അയാറം ഒരു നിലവിളിയോടുകൂടി കാട്ടിലേ യ്ക്കോരോട്ടം. പിന്നെ അവനെ കണ്ടിട്ടില്ല.

ഇരുട്ടായതോടുകൂടി അവർ വിശ്രമത്തിന്നു് ഒരു മര ച്ചുവട്ടിൽ ചെന്നിരുന്നു. അല്പമകലെ വെള്ളമൊഴുകുന്ന ശബ്ദംകേട്ടു. ടെൻസിങ്ങു് ദാഹംമാററാൻ അങ്ങോട്ടു പുറ പ്പെട്ടു. ടിൽമാൻ തടഞ്ഞു. ഒരുപക്ഷേ അതു കാട്ടുജന്തു ക്കറം വെള്ളം കുടിക്കുന്ന അരുവിയാവാം. നേപ്പാറംക്കാടു കറം നരി കരടി മുതലായ മൃഗങ്ങളെക്കൊണ്ടു നിറഞ്ഞവ യാണു്. രാത്രികാലങ്ങളിൽ അവയെ അരുവികറംക്ക രികിൽ എപ്പോഴും കാണാം. ടിൽമാൻ പറഞ്ഞതു ശരി യാണെന്നു പിറേറന്നു രാവിലെ മനസ്സിലായി. അരുവി യുടെ ഇരുകരയിലും പലവിധം ജന്തുക്കളുടെ ചവിട്ടടികറം കണ്ടു.

സംഘം യാത്രതുടൎന്നു. വഴിയിൽ ഇടതൂൎന്നുവളരുന്ന വള്ളിയും കാടും കുക്രികൊണ്ടു മുറിച്ചുനീക്കിയും ഏററക്കു ത്തനെയുള്ള മഞ്ഞിൻ കുന്നുകളിൽ മഴുകൊണ്ടു പടവുകറം വെട്ടിയും സാവധാനത്തിൽ മുന്നോട്ടു നീങ്ങി. ടിൽമാൻ പല പുതിയ കുറിപ്പുകളും പടങ്ങളും തെയ്യാറാക്കിക്കൊ ണ്ടിരുന്നു. ഈ യാത്രയിൽ അവൎക്കു പല അസാധാരണ വസ്തുക്കളും ശേഖരിക്കുവാൻ കഴിഞ്ഞു. ചില പുതിയ അനുഭവങ്ങളുമുണ്ടായി. അതിലൊന്നാണു് പടിഞ്ഞാ റൻ നേപ്പാളിലെ അട്ടകളെക്കൊണ്ടുണ്ടായ ശല്യം. അ വിടെ നാട്ടുകാരിൽനിന്നോ കാട്ടുമൃഗങ്ങളിൽനിന്നോ ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. എന്നാൽ ചൂടുള്ള താണ പ്രദേശങ്ങറം അട്ടകളുടെ സങ്കേതമാണു്. എവിടെ ചെ ന്നാലും, ചളി നിറഞ്ഞ പാതകളിലും, ചുററുപാടുമുള്ള

പുൽപ്പരപ്പിലും തലയ്ക്കുമീതെ വൃക്ഷങ്ങളുടെ ഇലകളിലും എല്ലാം, ഇവതന്നെ. അട്ടകടിയ്ക്കു വിഷമില്ല, വേദന യുമില്ല. എന്നാൽ എവിടെനിന്നു് എങ്ങിനെയാണിവ നിങ്ങളെ ദ്രോഹിയ്ക്കാനെത്തുന്നതെന്നറിയില്ല. അല്പനേരം നടക്കുകയോ, എവിടെയെങ്കിലും ഇരിയ്ക്കുകയോ ചെയ്തു ഉടുപ്പഴിച്ചു നോക്കിയാൽ കാണാം, ദേഹത്തിലെല്ലാം അറപ്പു തോന്നിയ്ക്കുന്ന ചോര നിറച്ച ബലൂണുകൾപോലുള്ള ഈ പ്രാണികൾ തൂങ്ങിനില്ക്കുന്നത്. അവയിൽനിന്നു രക്ഷ നേടാനുള്ള മാൎഗ്ഗം ദേഹത്തിൽ ഉപ്പു തേയ്ക്കുകയോ മണ്ണെണ്ണ പുരട്ടുകയോ ആണ്.

അധികദിവസത്തെ പഠനപര്യടനത്തിന്നു ശേഷം സംഘം മടങ്ങി. പിന്നെ ടെൻസിങ്ങിൻെറ യാത്ര ഗഡ്‌വാളിലേയ്ക്കും അവിടെനിന്നു ബന്ദർപൂംഛര് കൊടുമുടിയിലേയ്ക്കുമായിരുന്നു. സംഘം നേതാവു ഗിബ്സ നാണ്. മേജർ ജനറൽ വില്യംസ്, റോയ്, ഗ്രീൻവുഡ്, ഗുർദയാൽസിങ്ങ് എന്നീ പട്ടാളോദ്യോഗസ്ഥന്മാരും സംഘത്തിലുണ്ട്. ഈ പ്രാവശ്യവും 1946—ലെ വഴിയ്ക്കു തന്നെയാണ് പോയത്. ഒന്നും രണ്ടും ക്യാമ്പുകളിലേയ്ക്കുള്ള വഴി മുമ്പത്തേതിനേക്കാൾ വീതികുറഞ്ഞതും ആപല്ക്കരവുമായി കണ്ടു. 18,000 അടി ഉയരത്തിൽ മൂന്നാം ക്യാമ്പു് സ്ഥാപിച്ചു. ഇതു കൊടുമുടിയ്ക്കു വളരെ അടുത്താണ്. അവിടെനിന്നു് എല്ലാവരും ഒന്നിച്ചങ്ങു കയറാമെന്നായിരുന്നു ആദ്യത്തെ നിശ്ചയം. എന്നാൽ ഗുർദയാൽസിങ്ങിന്നു് കയററം കയറുമ്പോൾ ചിലൎക്കുണ്ടാകുന്ന ഒരുതരം രോഗം പിടിപെട്ടു. അയാളെ താഴേയ്ക്കു കൊണ്ടുപോകേണ്ടിവന്നു. ആ ജോലി ഗിബ്സൻ

ഏറെറടുത്തു. ജനറൽ വില്യംസും ഏതാനും ഷേപ്പകളും മൂന്നാം ക്യാമ്പിൽ തങ്ങി. സർജൻട് ഗ്രീൻവുഡും ഒരു ഷേപ്പയും ടെൻസിങ്ങും പിറേറന്നു രാവിലെ കൊടുമുടിയിലേയ്ക്കു പുറപ്പെട്ടു. കാലാവസ്ഥ വിശേഷമായിരുന്നു. കുറെ മണിക്കൂറുനേരത്തെ കയററത്തിന്നുശേഷം അവർ ബന്ദർപൂംഛരിൻെറ അററത്തെത്തി. 20,720 അടി പൊക്കമുള്ള ആ വാനരപുച്ഛം ഒടുവിൽ അവർ പിടിയ്ക്കുകതന്നെ ചെയ്തു!

ഹിമാലയത്തിൽനിന്നു വളരെ പടിഞ്ഞാറായി, എവറസ്റ്റിൽനിന്നും ഡാർജിലിങ്ങിൽനിന്നും ഒരായിരം നാഴിക അകലെ, അപകടവും ആപത്തും നിറഞ്ഞ ഒരു പർവ്വതമുണ്ട്—നംഗപർവ്വതം. ഈ ഒരൊററക്കൊടുമുടി കാരണം എത്രയോ അധികം ജീവനാശം ഉണ്ടായിട്ടുണ്ട്. നംഗപർവ്വതം ഇപ്പോഠം കയറിക്കഴിഞ്ഞു. 1953—ൽ ജർമ്മൻകാരും ആസ്ട്രിയക്കാരുമടങ്ങിയ ഒരു സംഘമാണ് അവസാനത്തെ പരിശ്രമം നടത്തിയത്. എവറസ്റ്റാരോഹണം കഴിഞ്ഞു് അഞ്ചാഴ്ചയ്ക്കുശേഷമാണു് ഇതു സാധിച്ചതു്. ഏററവുമുയരത്തിൽ സ്ഥാപിച്ച ക്യാമ്പിൽനിന്നു കൊടുമുടിയുടെ അററംവരെ ഹെർമൺബുഠം എന്ന ഒരു ആസ്ട്രിയക്കാരൻ കയറിയെത്തി. ഇതിന്മേൽ കയറാനുള്ള ഒന്നാമത്തെ ശ്രമം നടന്നതു് 1895—ലാണു്. എ. എഫ്. കമ്മററി എന്ന പ്രസിദ്ധനായ ഇംഗ്ലീഷുകാരനായിരുന്നു ആ സംഘത്തിൻെറ നേതാവ്. രണ്ടു ബ്രിട്ടീഷ് സ്നേഹിതന്മാരും ഒരു ഗൂർഖയും ഏതാനും പോർട്ടർമാരും അദ്ദേഹത്തിൻെറ ഒന്നിച്ചുണ്ടായിരുന്നു. 22,000 അടിവരെ ഒരുവിധം കയറിച്ചെന്നു. അതിന്നപ്പുറം മമ്മറിയും

രണ്ടു ഗ്ഗൂർഖമാരുംകൂടി ഒരു അഗാധമഞ്ഞുതടം കടക്കുകയായിരുന്നു. പിന്നെ അവരെപ്പററി കേട്ടിട്ടില്ല. ഒരു ഹിമപാതത്തിൽപ്പെട്ടു മരിച്ചതാവാം എന്നു വിശ്വസിയ്ക്കപ്പെടുന്നു. അടുത്ത സംഘം 37 കൊല്ലത്തിന്നുശേഷം 1932—ലാണ് അങ്ങോട്ടു ചെന്നത്. ഇതിൽ ജമ്മൻകാരും അമേരിക്കക്കാരുമായിരുന്നു. അവർ പോയത് മമ്മെറിയുടെ വഴിയ്ക്കല്ല. അവർ 23,000 അടിവരെ കയറിയെങ്കിലും കലശലായ കൊടുങ്കാററും ഹിമവഷ്വും നിമിത്തം അവക്കു തിരിച്ചുപോരേണ്ടിവന്നു. അനന്തരം 1934—ലും 37—ലും ജമ്മൻകാരുടെ രണ്ടു പരിശ്രമങ്ങൾ നടന്നു. ഇവ രണ്ടും ഭയങ്കരമായ ആപത്തിൽ കലാശിച്ചു. ആദ്യത്തേതിൽ പതിനഞ്ചോളം ഷേപ്പ്കരം മരിച്ചു. 1934—ലെ അപകടം ഒരു കൊടുങ്കാററുകൊണ്ടാണുണ്ടായത്. മുമ്പിൽ കയറിയവർ കൊടുമുടിയുടെ പകുതിവഴിയെത്തിയപ്പോൾ ഹിമക്കാററിൽ കുടുങ്ങി. ഇതു ഒരാഴ്ചയോളം നീണ്ടുനിന്നു. ചിലർ ഇറങ്ങി രക്ഷപ്പെട്ടു. അധികംപേരും മടങ്ങിവന്നില്ല, നാലുകൊല്ലത്തിനുശേഷം ഇവരുടെ ശവങ്ങൾ ഒന്നിന്നുമീതെ മറെറാന്നായി യാതൊരുനവും തട്ടാതെ ഒരു മഞ്ഞിൻതിട്ടിൽ കാണപ്പെട്ടു. 1937—ലെ അപകടത്തിൽ കൂടുതൽ ആളുകൾ മരിച്ചു. പവ്വതത്തിൻെറ കിഴക്കൻചുരത്തിൽ ഒരു മഞ്ഞിൻഗ്ഗുഹയിലായിരുന്നു നാലാമത്തെ ക്യാമ്പ്. ഒരു രാത്രി എല്ലാവരും അതിൽ ഉറങ്ങിക്കിടക്കെ പെട്ടെന്നൊരു ഹിമപ്രവാഹം. ഗ്ഗുഹയും ക്യാമ്പുമെല്ലാം അതിന്നുള്ളിൽ പെട്ടുപോയി. ആക്കും രക്ഷപ്പെടാൻ കഴിഞ്ഞില്ല. 1938—ലും 39—ലും ജമ്മൻകാർ അങ്ങോട്ടുചെന്നു. എന്നാൽ സഹായത്തിന്നു ഷേപ്പമാരെ

കിട്ടാഝ്കയാൽ തിരിച്ചുപോരേണ്ടിവന്നു. ഇതുവരെയായി ഒട്ടാകെ 31 പേർ, യൂറോപ്യന്മാരും ഷേപ്പ്മാരും കൂലിക്കാരുമായി ആ കൊടുമുടിയിൽ ജീവാപ്പണം ചെയ്തിട്ടുണ്ട്.

ടെൻസിങ്ങ് മുമ്പ് നംഗപവ്വതം കയറീട്ടില്ല. അതിന്നു ഉദ്ദേശിച്ചിരുന്നതുമില്ല. ഹിമാലയത്തിൻെറ നാനാഭാഗങ്ങളും സഞ്ചരിച്ചുകാണാമെന്ന് ഇന്ത്യൻ സൈന്യത്തിലെ ചില ഉദ്യോഗസ്ഥന്മാർ തീരുമാനിച്ചു. കൂടെ പോകാൻ ടെൻസിങ്ങിനെ ക്ഷണിച്ചു. 1950 ആഗസ്റ്റിൽ എല്ലാവരും പുറപ്പെട്ടു. ഒരു കൊല്ലത്തിലധികം പര്യടനം നടത്തണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. അവർ കല്ക്കത്തയിൽനിന്ന് റാവൽപിണ്ടിയിലേക്കു പോയി. അവിടെനിന്നു കൈബർപാസ്സിന്നടുത്ത പെഷവാറിലേക്കു തിരിച്ചു. പെഷവാറിൽനിന്നു വിമാനംവഴി ഗിൽഗിററിലേക്കു പോയി. ടെൻസിങ്ങിൻെറയും മററു ഷേപ്പ്കളുടേയും ആദ്യത്തെ വിമാനയാത്രയായിരുന്നു അത്. ഗിൽഗിററിൽവെച്ചു സംഘം രണ്ടായി പിരിഞ്ഞു. ഒരു സംഘം മറേറതിനേക്കാൾ പത്തുദിവസം മുമ്പു പുറപ്പെടണമെന്നായിരുന്നു നിശ്ചയം. അതിൽ ലഫ്. റിച്ചേർഡ് മാർഷും ടെൻസിങ്ങും ഇരുപത്തു പോർട്ടർമാരുമുണ്ടായിരുന്നു. അവർ റഷ്യയുടേയും അഫ്ഘാനിസ്ഥാൻെറയും അതിർത്തിയിലുള്ള ഷിംഷാലിലേക്കു നടന്നു. വഴി ദുർഘടംപിടിച്ചതായിരുന്നു. ആ പീഠഭൂമി മരുപ്രദേശം പോലെയാണ്; വൃക്ഷങ്ങളില്ല, വെള്ളമില്ല, ഒരു വിധം ജീവജാലങ്ങളുമില്ല. ഷിംഷാളിൽവെച്ചു മാർഷിന്നും ടെൻസിങ്ങിന്നും കലശലായ അതിസാരം പിടിപെട്ടു. കുറെദിവസം അവിടെ കിടക്കേണ്ടിവന്നു.

**ടെൻസിങ്ങ്**

പാക്കിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, തിബത്ത്, റഷ്യ എന്നീ രാജ്യങ്ങളുടെ അജ്ഞാതമായ അതിർത്തിദേശങ്ങൾ പരിശോധിയ്ക്കുകയായിരുന്നു സംഘത്തിൻെറ ഉദ്ദേശ്യം. ഗവമ്മേണ്ടുകൾ തമ്മിലുണ്ടായ തക്കംകാരണം അതിന്നനുമതി കിട്ടിയില്ല. ഒടുവിൽ അവർ ഗിൽഗിററിലേയ്ക്കു തന്നെ മടങ്ങി. അവിടെവെച്ചു സംഘത്തിലുണ്ടായിരുന്ന സായിപ്പന്മാർ ഒരു കൂടിയാലോചന നടത്തി, നംഗപവ്വതം കയറുകതന്നെ എന്നു് തീരുമാനിച്ചു. സംഘം പുറപ്പെട്ടു. പവ്വതത്തിന്നു വടക്ക് യക്ഷികഥകളിൽ വൎണ്ണിച്ചുകാണുംവിധം അത്ര മനോഹരമായ, വിശാലമായ പുഷ്പലതാനിബിഡമായ വിശ്രമതടത്തിൽ എത്തിച്ചേൎന്നു. അവിടെനിന്നാണ് ജമ്മൻസംഘങ്ങളെല്ലാം പുറപ്പെട്ടത്. 26,660 അടി പൊക്കമുള്ള നംഗപവ്വതത്തിന്നു ലോകത്തിലെ അത്യുന്നതശിഖരങ്ങളുടെയിടയിൽ ഒമ്പതാം സ്ഥാനമേ ഉള്ളു; എന്നാൽ, താണ പ്രദേശത്തുകൂടെ ഒഴുകുന്ന സിന്ധുനദിയ്ക്കെതിരെ അടിവാരത്തുനിന്നു നോക്കിയാൽ അതാണ് ഉയരത്തിൽ ഒന്നാം സ്ഥാനമർഹിയ്ക്കുന്നതെന്നു തോന്നിപ്പോകും. 12,000 അടി പൊക്കമുള്ള സ്ഥലത്തുനിന്നുപോലും സംഘത്തിന്നു് അതു ഭയങ്കരമായി തോന്നി. നംഗപവ്വതത്തിൻെറ വലുപ്പമല്ല ആളുകളെ ഭയപ്പെടുത്തുന്നതു്. അതിന്മേൽ നടന്ന സംഭവങ്ങളാണു്. അതിന്നുനേരെ നോക്കുമ്പോൾ കൊടുമുടിയിൽ തങ്ങിനില്ക്കുന്ന മേഘം താനേ ഇറങ്ങിവന്നു ദേഹത്തിൽ പ്രവേശിയ്ക്കുന്നതായും അസ്ഥികൾക്കുള്ളിലൂടെ കഠിനമായ തണുപ്പ് ഊതിക്കയറുന്നതായും തോന്നും. കണ്ണിനേയോ ദേഹത്തേയോ ബാധിയ്ക്കുന്ന ഒന്നല്ല, മന

ഷേർപ്പമാർ

സ്സിനെ ഭ്രമിപ്പിയ്ക്കുന്ന ഒരവസ്ഥയാണതു്. ഭയത്തിൻെറ കാർമേഘം! മരണത്തിൻെറ കരാളവക്ത്രം!!

ശീതകാലം മൂദ്ധന്യാവസ്ഥയിലെത്തിയിരുന്നു. ഒരടി മുന്നോട്ടു വെയ്ക്കാൻ വയ്യ. ടെൻസിങ്ങും മററു ഷേപ്പ്മാരും താഴോട്ടിറങ്ങി. സായിപ്പന്മാർ മെല്ലെ മെല്ലെ കയറിത്തുടങ്ങി. ടെൻസിങ്ങും കൂട്ടുകാരും വിശ്രമത്തിന്നു പററിയൊരു സ്ഥാനത്തു സായിപ്പന്മാരേയും പാർത്തിരിപ്പായി. ആറു ദിവസത്തിന്നുശേഷം ഒരാറം ഇറങ്ങിവരുന്നതു് അകലെ അവർ കണ്ടു. അതു മാഷ്ായിരുന്നു. അദ്ദേഹത്തിൻെറ കാലടികൾ മരവിച്ചിരുന്നു; കഠിനമായ വേദനയുണ്ടായിരുന്നു. ടെൻസിങ്ങും മററു ഷേപ്പ്മാരും അദ്ദേഹത്തെ ശുശ്രൂഷിച്ചു. മാഷിൻെറകൂടെ പോയ തോൺലിയും ഗ്രേസ്സുമെവിടെ? പിറേറ ദിവസം രാവിലെ അവരെ നോക്കി എല്ലാവരും പുറപ്പെട്ടു. വയ്യാത്ത കാലുമായി മാഷായിരുന്നു മുമ്പിൽ. പകൽ മുഴുവൻ കയറിയിട്ടും അധികം ഉയരത്തിൽ എത്താൻ കഴിഞ്ഞില്ല. വഴിയിൽ അരയോളം മഞ്ഞിലാണ്ടുപോയിരുന്നു. സന്ധ്യയോടടുത്തു് ഒന്നാം ക്യാമ്പുണ്ടായിരുന്ന സ്ഥലത്തെത്തി. നംഗപവ്വതത്തിൻെറ താണ ഭാഗത്താണെങ്കിലും തണുപ്പു സഹിയ്ക്കുക അസാദ്ധ്യം. ഹിമപ്പരപ്പിൽ വളരെപണിപ്പെട്ടു തമ്പടിച്ചു. എല്ലാവരും അതിൽ ഇഴഞ്ഞു കടന്നു. ടെൻസിങ്ങ് ഒരു പാത്രവും പ്രെഷർ കുക്കറുമായി അല്പം ചായയുണ്ടാക്കാൻ ശ്രമിച്ചുനോക്കി. മഞ്ഞു പലപ്രാവശ്യം ഉരുക്കിനോക്കിയെങ്കിലും, ഉടനെ വീണ്ടും കട്ടിയാകും. അധികനേരത്തെ അദ്ധ്വാനത്തിന്നുശേഷം അല്പം ചായയുണ്ടാക്കി കഴിയ്ക്കാൻ സാധിച്ചു. ഉറക്കസ്സഞ്ചികളിൽ

കയറി കഴുത്തുവരെ മൂടിക്കെട്ടി എല്ലാവരും മേല്ക്കുമേൽ കിടന്നു. ഇരുട്ടായതോടുകൂടി കഠിനമായ കാററു ചുററു പാടും ചൂളംവിളിച്ചുതുടങ്ങി. തമ്പു് ഇളകിയാടി. അതിൻെറ വിള്ളലുകളിലൂടെ അടിച്ചുകയറിയ മഞ്ഞു കൊണ്ടു് ഉറങ്ങാൻ കിടന്നവർ ആകെ മൂടിപ്പോയി. കിടന്നിരുന്ന ഹിമക്കട്ടി നീങ്ങുകയും ഞെരിയുകയുമാണു്. അതാണു് ടെൻസിങ്ങിനേയും മററുള്ളവരേയും വല്ലാതെ ഭയപ്പെടുത്തിയതു്. ആ ഭാഗം പെട്ടെന്നങ്ങു പിളൎന്നാലത്തെ കഥയെന്താണു്! അങ്ങിനെ പലപ്പോഴും ഉണ്ടായിട്ടുണ്ടു്.

രാവിലെയായപ്പോഠം രാത്രിയിലേക്കാളേറെ ശീതം. ചായയുണ്ടാക്കുവാനും ഭക്ഷണടിൻ തുറക്കാനും ബൂട്ട്സിടുവാനും വളരെ മണിക്കൂറുകഠം വേണ്ടിവന്നു. അവരുടെ ശ്വാസംകൂടി കട്ടിയായിപ്പോയി. നാസാദ്വാരത്തിലും ചുണ്ടത്തും ചെറിയ ഹിമഗ്ഗുളികകഠം തൂങ്ങിനിന്നു. ഒടുവിലവർ ഭാണ്ഡങ്ങളും മററു സാധനങ്ങളും ചുമന്നു വീണ്ടും കയറിത്തുടങ്ങി. അതു വാസ്തവത്തിൽ മലകയററമായിരുന്നില്ല, മഞ്ഞു നീന്തലായിരുന്നു. ഒരു മണിക്കൂറു് നേരത്തെ പ്രയത്നംകൊണ്ടു് കഷ്ടിച്ചു 150 അടി കയറാൻ കഴിഞ്ഞു. അടുത്ത മണിക്കൂറിൽ അത്രയും കഴിഞ്ഞില്ല. ഒരു മണിക്കൂർകൂടി എങ്ങിനെയോ നടന്നു. എല്ലാവരും തളൎന്നവശരായി. ഒരടിയും മുന്നോട്ടു വെയ്ക്കാൻ സാദ്ധ്യമല്ലെന്നമട്ടായി. നിന്നു, മേല്പോട്ടൊന്നു നോക്കി. ഹിമാവൃതമായ ആ ഭയങ്കര ശിഖരം, നംഗപവ്വതം, മുന്നേപ്പോലെ തന്നെ, അവരെയും ലോകത്തെയും ഒരുപോലെ വെല്ലുവിളിച്ചുകൊണ്ടങ്ങിനെ നില്ക്കുന്നു. ടെൻസിങ്ങും കൂട്ടുകാരും

ഷേർപ്പമാർ

മടങ്ങി. അന്നു വൈകുന്നേരംതന്നെ കാണാതായ ചങ്ങാതിമാരെ എന്നെന്നേയ്ക്കുമായുപേക്ഷിച്ച് അടിവാരത്തിലുള്ള ക്യാമ്പിലെത്തി. നേരെ ഗിൽഗിററിലേയ്ക്കു പോയി. അവിടെനിന്ന് ഒരു സൈനിക വിമാനത്തിൽ കയറി പർവ്വതത്തിൻെറ ചുററും മുകളിലുമെല്ലാം ഒന്നു പറന്ന്, നഷ്ടപ്പെട്ട മിത്രങ്ങളുടെ വല്ല അടയാളങ്ങളും കാണാൻ കഴിയുമോ എന്നു പരീക്ഷിച്ചു നോക്കി. ഒന്നും കണ്ടില്ല. ഹിമാനി പെട്ടെന്നു പിളർന്ന് അവരതിൽ താണ് മരിച്ചിരിയ്ക്കുമെന്നു വിശ്വസിയ്ക്കപ്പെടുന്നു.

# പരാജയപ്പെട്ട പരിശ്രമങ്ങൾ

ഷേപ്പകളുടെ ഇടയിലൊരു വിശ്വാസമുണ്ട്: ഇരുപത്തഞ്ചു വയസ്സുമുതൽ മുപ്പത്തു വയസ്സുവരെ സ്ത്രീയ്ക്കും, മുപ്പത്തഞ്ചു മുതൽ നാല്പതു വയസ്സുവരെ പുരുഷന്നും ചീത്തക്കാലമാണെന്ന്. ടെൻസിങ്ങ് മുപ്പത്തഞ്ചാം വയസ്സിലാണ് ഒന്നാമത് നംഗപർവ്വതം കയറാനൊരുമ്പെട്ടത്. അത് ചിലരുടെ ജീവനാശത്തോടുകൂടി പരാജയപ്പെട്ടു. അടുത്ത വർഷം രണ്ടു തവണകൂടി അതിന്നു ശ്രമിച്ചു. അവയും ഫലിയ്ക്കാതെ പോയി. ഇങ്ങിനെ അടുത്തടുത്തു മൂന്നു പരാജയങ്ങൾ അയാൾക്ക നേരിട്ടു. പിന്നെ 1952—ലാണ് സ്ഥിതിയൊന്നു മാറിയത്.

1951—ൽ എറിക്ക്ഷിപ്ടൻെറ നേതൃത്വത്തിൽ ഒരു സംഘം എവറസ്റ്റിലേയ്ക്കു പുറപ്പെട്ടു. കൊടുമുടിയിലെത്തുക സാദ്ധ്യമല്ലെന്ന് അവർക്കുറപ്പുണ്ടായിരുന്നു. ആവുന്നത്ര കയറണമെന്നു മാത്രമായിരുന്നു ഉദ്ദേശ്യം. ടെൻസിങ്ങിന്നു അവരൊന്നിച്ചു ചേരാൻ കഴിഞ്ഞില്ല. കാരണം ഹിമാലയൻ ക്ലബ്ബ് മുഖേന മറെറാരു സംഘവുമായി അയാൾ കരാറിലേപ്പെട്ടിരുന്നു. ഇതു നന്ദാദേവിയിലേയ്ക്കുള്ള ഒരു ഫ്രഞ്ചുസംഘമായിരുന്നു. അവർ മധ്യവസന്തത്തിൽ ഡൽഹിയിൽനിന്നു പുറപ്പെട്ടു. ഷേപ്പകളുടെ സർദാർ

ടെൻസിങ്ങായിരുന്നു. അവർ നേരിട്ട് ഗഢ്‌വാളിലേയ്ക്കു പോയി. നന്ദാദേവിയുടെ പ്രധാനക്കൊടുമുടി, ടിൽമാൻ, ഓഡൽ എന്നിവർ 1936—ൽ കയറിയിരുന്നു. 1939—ൽ ഒരു പോളിഷ് സംഘം അതിന്നടുത്ത് അല്പം ഉയരം കുറഞ്ഞ നന്ദാദേവി ഈസ്റ്റ് എന്ന ശിഖരത്തിലും എത്തിയിരുന്നു. എന്നാൽ മുമ്പാരും ഈ രണ്ടു കൊടുമുടികളും ഒരേ സമയത്തു കയറിയിട്ടില്ല. അതെങ്ങിനെയെങ്കിലും സാധിയ്ക്കണമെന്നായിരുന്നു ഫ്രഞ്ചുകാരുടെ ലക്ഷ്യം. ഒരു ശിഖിരത്തിൽ കയറി അതിന്മേലൂടെതന്നെ മറേറ കൊടുമുടിവരെ പോകുക—അതായിരുന്നു പ്ലാൻ. ഇങ്ങിനെയൊരു ശ്രമം ഹിമാലയാരോഹണചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല.

സംഘത്തിൽ ഒട്ടാകെ പതിനെട്ടു പേരായിരുന്നു—റോജർ ദ്യൂപ്ലായുടെ നേതൃത്വത്തിൽ എട്ടു ഫ്രഞ്ചുകാർ, (ഇവരിലധികം പേരും ലയോൺസ് പട്ടണക്കാരാണ്) ടെൻസിങ്ങുൾപ്പെടെ ഒമ്പതു ഷേർപ്പകൾ, ഇന്ത്യൻ സൈന്യത്തിലെ നന്ദുദയാൽ. നന്ദുദയാൽ, ബന്ദർപൂംഛ് ആരോഹണത്തിൽ, ടെൻസിങ്ങൊന്നിച്ചുണ്ടായിരുന്നു. ഇവക്കു പുറമേ ധാരാളം പോർട്ടർമാരും. കൂലി സംബന്ധിച്ച് അവരുമായി കൂടെക്കൂടെ വഴക്കഴിയ്ക്കേണ്ടിവന്നിരുന്നു. ചിലർ വഴിയ്ക്കുവെച്ചു ചാടിപ്പോയി. സംഘം ഋഷിഗംഗ എന്ന അത്യഗാധമായ മലയിടുക്കു വളരെ പ്രയാസപ്പെട്ടു കടന്നു. നന്ദാദേവിയുടെ അടിവാരത്തിൽ പുഷ്പലതാദികൾ നിറഞ്ഞ മനോഹര സങ്കേതത്തിൽ എത്തിച്ചേന്നു. ടെൻസിങ്ങ് മുമ്പ് അവിടം സന്ദശിച്ചിട്ടുണ്ട്—പവ്വതം കയറാനല്ല, കാഴ്ച

കാം കാണാൻ. എന്നാൽ ഈ പ്രാവശ്യമോ? ഒന്നല്ല, രണ്ടു കൂററൻ കൊടുമുടികാം ഒരുമിച്ചു കീഴടക്കാൻ! ചുരത്തിന്നടിവാരത്തുനിന്നു മുകളിലേയ്ക്കുള്ള കാഴ്ച മനോഹരവും, അതേ സമയം ഭയാനകവുമായിരുന്നു. പ്രത്യേകിച്ച്, ഇരു കൊടുമുടികളേയും യോജിപ്പിയ്ക്കുന്ന ഹിമാവൃതമായ ആ നീണ്ട നിര ആരിലും ഭയാശങ്കകാം ജനിപ്പിച്ചു. നന്ദാദേവിയുടെ പ്രധാന കൊടുമുടിയുടെ ഉയരം 25,660 അടിയാണ്—കിഴക്കേ കൊടുമുടിയുടേത് 24,400 അടിയും. അവയ്ക്കിടയിൽ ഈച്ചവാംപ്പല്ലുകാംപോലെ പൊന്തിയും താണും രണ്ടു നാഴികയോളം നീണ്ടുകിടക്കുന്ന മഞ്ഞുമൂടിയ ആ വെണ്മലച്ചങ്ങലയുടെ ഏററവും താണ ഭാഗത്തെ ഉയരം 23,000 അടിയാണ്. ആ നിരയിലൂടെ ഒരു കൊടുമുടിയിൽനിന്നു മറേറതിലേയ്ക്കു പോകാനാണ് സംഘം തീരുമാനിച്ചത്.

ഫ്രഞ്ചുകാർ ശുഭപ്രതീക്ഷകരാണ്. അവരിൽ പരാജയമനോഭാവം കാണില്ല. നേതാവായ ദ്യൂപ്ലാ വെറിയനും അക്ഷമനുമാണ്. അല്പദിവസംകൊണ്ടു പണികഴിച്ചു നടങ്ങാനുള്ള ധൃതിയായിരുന്നു അയാംക്ക്. സംഘം മല കയറാൻ തുടങ്ങി. കാലാവസ്ഥ അനുകൂലം. ക്യാമ്പുകാം അതിവേഗത്തിൽ ഒന്നിനുമിതെ മറെറാന്നായി സ്ഥാപിച്ചുവന്നു. അത് പ്രധാനമായ കൊടുമുടിയിലേയ്ക്കായിരുന്നു. അതിൽനിന്നു ഉയരം കുറഞ്ഞ കിഴക്കേ കൊടുമുടിയിലേയ്ക്കു നീങ്ങുകയാണല്ലോ എളുപ്പം. അപകടം നിറഞ്ഞ ഈ യാത്രയ്ക്ക് അധികംപേർ വണ്ട, ദ്യൂപ്ലായും യുവാവായ ഴിൽബേർ വീഞ്ഞും മതി എന്നു നിശ്ചയിച്ചു. ഇരുവരും മിടുക്കന്മാരാണ്, പ്രത്യേകിച്ച് വീഞ്ഞ്.

**പരാജയപ്പെട്ട പരിശ്രമങ്ങാം**

ഇരുപത്തൊന്നിലധികം പ്രായമായിട്ടില്ല. അൽപ്സ് കയറി പേർ സമ്പാദിച്ച ആളാണ്. പാറകയററത്തിൽ ഇങ്ങിനെയൊരു സമർത്ഥനെ കാണില്ല. പക്ഷേ, നന്ദാദേവിയിൽ ഹിമമല്ലാതെ പാറയെവിടെ? ഇതാകപ്പാടെ ആലോചനയില്ലാത്ത പുറപ്പാടായിപ്പോയല്ലോ എന്നു ടെൻസിങ്ങ് ഖേദിച്ചു.

മൂന്നാം ക്യാമ്പിൽനിന്നു ദ്യൂപ്ലായും വീഞ്ഞും ഏതാനും ഷേർപ്പകളൊന്നിച്ചു പുറപ്പെട്ടു 23,600 അടി പൊക്കത്തിൽ നാലാം ക്യാമ്പു സ്ഥാപിച്ചു. അതോടുകൂടി ഷേർപ്പകളിറങ്ങി. രണ്ടു കയററക്കാരും രാത്രി അവിടെ കഴിച്ചുകൂട്ടി. പിറേറന്നു രാവിലെ, ജൂൺ 29-ാംനു- കൊടുമുടിയിലേയ്ക്കു പുറപ്പെട്ടു. ആരോഹണത്തിന്നത്യാവശ്യമായ ഉപകരണങ്ങൾക്കു പുറമെ അവർ കനംകുറഞ്ഞ ഒരു തമ്പും കുറേ ഭക്ഷണസാധനങ്ങളും കൂടെ കൊണ്ടുപോയിരുന്നു.

നന്ദാദേവിയുടെ കിഴക്കേ കൊടുമുടി ഇറങ്ങുമ്പോൾ, അവിടെ അവരെ സ്വീകരിയ്ക്കാൻ ഏർപ്പാടുകൾ ചെയ്തിരുന്നു. ഇതിലേയ്ക്കു നിയോഗിച്ചതു്, കയററക്കാരിലൊരാളായ ലൂയി ദുബോസ്തിനേയും സംഘത്തിലെ വൈദ്യൻ ഡോ. പെയ്യാനെയും ടെൻസിങ്ങിനെയുമാണു്. അവർ അല്പദിവസം മുമ്പ് അടിവാരത്തിലൂടെ പോയി കിഴക്കേ നന്ദാദേവി കയറി കൊടുമുടിയ്ക്കു കീഴെ ലോങ്ങ്സ്റ്റാഫ് ചെരിവിൽ ക്യാമ്പടിച്ചു കാത്തിരിപ്പായി. ജൂൺ 29-ാംനു- വെളുപ്പിന്നു് അകലെ രണ്ടു ചെറു പുള്ളികൾ പ്രധാനക്കൊടുമുടിയുടെ അററത്തേയ്ക്കു പതുക്കെ നീങ്ങുന്നതു അവർ ദൂരദർശിനികളിലൂടെ കണ്ടു. ഹിമഭിത്തിയിലൂടെയുള്ള ഈ ഗതി വളരെ ഉയരത്തിൽ, കൊടുമുടിയുടെ

ഏതാണ്ടററം വരെ, തെളിഞ്ഞു കാണായി. പെട്ടെന്ന് അവരെ കാണാതായി. പിറേറ ദിവസം ടെൻസിങ്ങും സ്നേഹിതന്മാരും കിഴക്കൻ കൊടുമുടിയിൽ കുറേക്കൂടി കയറിനോക്കി. രാവിലെ കഴിഞ്ഞു, വൈകുന്നേരം കഴിഞ്ഞു; ചുരത്തിൽ കണ്ണെത്തുന്ന ഭാഗങ്ങളിലെല്ലാം അവർ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. പക്ഷേ, ഒന്നും കണ്ടില്ല. ഉച്ചത്തിൽ വിളിച്ചുനോക്കി, മാറെറാലിയല്ലാതെ ഉത്തരമില്ല.

ഇരുട്ടായതോടുകൂടി അവർ ക്യാമ്പിലേയ്ക്കു തിരിച്ചു. ദുരുപ്പായും വീഞ്ഞും വല്ല കാരണവശാലും കയറിയ വഴിയ്ക്കുതന്നെ ഇറങ്ങുകയാണെങ്കിൽ, വല്ല സൂചനയും തന്നു വിവരമറിയിക്കണമെന്നു ടെൻസിങ്ങും കൂട്ടുകാരും ശട്ടംചെയ്തിരുന്നു. ഒന്നാം ദിവസവും രണ്ടാം ദിവസവും ഒരു സൂചനയുമുണ്ടായില്ല. മൂന്നാം ദിവസം ദുബോസ്റ്റും ടെൻസിങ്ങും മുകളിൽ കയറി നോക്കാൻ തീരുമാനിച്ചു. നന്ദാദേവിയുടെ കിഴക്കൻ ചുരവും ഏററക്കുത്തായുയർന്നുപോകുന്ന ഒരു മഹാഭിത്തിയാണ്. വളരെ പണിപ്പെട്ട് അന്നു സന്ധ്യവരെ കയറി ഒരു ക്യാമ്പ് സ്ഥാപിച്ചു. പിറേറന്നും പകൽ മുഴുവൻ കയറി. ഒരു ക്യാമ്പുകൂടി ഏർപ്പെടുത്തി, ഒന്നാമത്തു കാത്തിരുന്നേടത്തുനിന്നപ്പുറം ഇങ്ങിനെ മൂന്നു ക്യാമ്പുകൾ അവർ സ്ഥാപിച്ചു. നിമിഷം കഴിയുംതോറും വഴിയുടെ വിഷമത വദ്ധിച്ചുവന്നു. കോടാലികൊണ്ടു വെട്ടി മഞ്ഞിൽ പടവുകളുണ്ടാക്കി. കയറിൻെറയോ മററു പകരണങ്ങളുടെയോ സഹായമില്ലാതെ മെല്ലെ മെല്ലെയുള്ള ഈ കയററം ആരുടേയും ക്ഷമ പരീക്ഷിയ്ക്കും. പന്ത്രണ്ടു കൊല്ലം മുമ്പ് ടെൻസിങ്ങ് ഇതേ കൊടുമുടി പോളണ്ടുകാരൊന്നിച്ചു കയറീട്ടുണ്ട്. അന്നുപയോഗിച്ച കയറുകളും

കുററികളും അവിടവിടെ കണ്ടുവെങ്കിലും, പഴകി കേട്ടവന്ന അവ ഉപയോഗപ്പെട്ടത്താൻ അവക്കു ധൈര്യമുണ്ടായില്ല. രണ്ട് നാഴികയിൽ കുറയാതെ ഉയരെ ചെത്തിത്തേച്ച ചുമർപോലുള്ള ഭാഗത്തുടെയായിരുന്നു കയററം. കാൽ വെയ്ക്കാൻ ഒരുവിധം സ്ഥലമുള്ള മുഴപ്പുകളിലും പിരിവുകളിലും നനുത്ത മഞ്ഞു നിറഞ്ഞിരുന്നതുകൊണ്ട് ഏതു് നിമിഷത്തിലാണ് കാൽ വഴുതി അഗാധതയിലേയ്ക്കു വീഴുക എന്നറിഞ്ഞുകൂടാ. ''നിങ്ങളുടെ മലകയററത്തിൽ ഏററവും വിഷമം പിടിച്ചത്, അപകടം നിറഞ്ഞത്, ഏതായിരുന്നു?'' എന്നു പലരും പിന്നീട് ടെൻസിങ്ങിനോട് ചോദിച്ചിട്ടുണ്ട്. ''എവറസ്റ്റ്'' എന്ന മറുപടിയാണ് അധികം പേരും പ്രതീക്ഷിച്ചത്. എന്നാൽ അതു ''കിഴക്കൻ നന്ദാദേവി'' എന്നായിരുന്നു.

കാണാതായ ചങ്ങാതിമാരെ ഇനി തിരഞ്ഞിട്ടു ഗുണമില്ലെന്നു ദുബോസ്റ്റിന്നും ടെൻസിങ്ങിന്നും ബോദ്ധ്യം വന്നു. എന്നിട്ടും അവർ കയററം തുടരുകതന്നെ ചെയ്തു. ദൃൂപ്പായെയും വീഞ്ഞിനെയും കാണാതായിട്ട് ഒരാഴ്ചയായി. കൊണ്ടുപോയിരുന്ന ഭക്ഷണസാധനങ്ങൾ തീൻ്നു തുടങ്ങി. കയററത്തിൽ അപകടം വദ്ധിച്ചു വരികയാണ്. പലപ്പോഴും കാൽ വഴുതി വീഴാൻ പോയി. കമ്പത്തിന്മേൽ കളിക്കാരെപ്പോലെ അങ്ങുമിങ്ങും ചാഞ്ഞും ചരിഞ്ഞും നിലയുറപ്പിയ്ക്കേണ്ടിവന്നു. താഴെ തെറിച്ചു വീഴാതെ എങ്ങിനെയോ ഒരുവിധം രക്ഷപ്പെട്ടുവെന്നു മാത്രം. ഒടുവിലതാ നീലാകാശം കണ്ടുതുടങ്ങി. ചുററുപാടും മാത്രമല്ല, മുമ്പിലും കൊടുമുടി അവസാനിച്ചു. അവരതിന്റെ ഒത്ത നിറുകയിൽ എത്തിക്കഴിഞ്ഞു.

**ടെൻസിങ്ങ്**

രണ്ടാമത്തും ടെൻസിങ്ങ് കിഴക്കേ നന്ദാദേവിയുടെ അററം കണ്ടു. ടെൻസിങ്ങ് കയറിയ ഏററവും വലിയ രണ്ടാമത്തെ കൊടുമുടി അതാണ്, ഒന്നാമത്തേതു് എവറസ്ററും.

അതൊരു വിഷമമേറിയ മഹാവിജയമാണ്. ആ തെളിഞ്ഞദിവസം, പവ്വതങ്ങൾക്കപ്പുറം തിബത്തിലെ വിശാലമൈതാനങ്ങൾ വരെയുള്ള കാഴ്ച ഹൃദയം കുളിപ്പിയ്ക്കുന്നതായിരുന്നു. എന്നാൽ അവരപ്പോൾ വിജയത്തെക്കുറിച്ചോ കാഴ്ചകളെക്കുറിച്ചോ അല്ല ചിന്തിച്ചതു്. അവരുടെ മുമ്പിൽ കൊടുമുടിയ്ക്കപ്പുറം ഇരു ശിഖരങ്ങളെയും കൂട്ടിയിണക്കുന്ന ആ നീണ്ട മലനിരയുടെ തലപ്പുകൾ, ആകാശത്തിൽ വളഞ്ഞുപുളഞ്ഞു വിടവുകളോടുകൂടി, മഞ്ഞുകട്ടിയുടേയും ഹിമത്തിൻെറയും നേരിയൊരു നാടപോലെ, പൊങ്ങിയും താണും രണ്ടു നാഴികയോളം പോയി, ഒടുവിൽ പെട്ടെന്നങ്ങുയൎന്നു പ്രധാനക്കൊടുമുടിയുമായി സമ്മേളിയ്ക്കുകയാണ്. കുറേ നേരം അവർ ദൂരദശിനിയിലൂടെ അതു നോക്കി നിന്നുപോയി. ആ രണ്ടു് നാഴിക ദൂരത്തിലെ ഓരോ അടിയും വാരയും അവർ സൂക്ഷിച്ചുനോക്കി. ഒന്നും കാണാൻ കിട്ടിയില്ല. കട്ടമഞ്ഞും കുഴമഞ്ഞും ഇരുവശങ്ങളിലും ഭയങ്കരമായ ചെങ്കുത്തും, അതിന്നപ്പുറം നീലിമ പൂണ്ട രണ്ടു് അഗാധ സമുദ്രങ്ങൾ പോലെ വായുമണ്ഡലവുമല്ലാതെ മറെറാന്നുമില്ല. ആ പവ്വതശിഖരത്തിൽ ഏതാനും മണിക്കൂർ നടക്കുന്നതിരിയ്ക്കട്ടെ, അല്പനിമിഷമെങ്കിലും തൂങ്ങിപ്പിടിച്ചു നില്ക്കുക പോലും ആക്കും സാധ്യമല്ല.

ദൃഷ്ടിപ്പായും വീണ്ടും എന്നെന്നേയ്ക്കുമായി പിരിഞ്ഞുപോയി. ടെൻസിങ്ങും കൂട്ടുകാരനും സാവധാനത്തിൽ

**പരാജയപ്പെട്ട പരിശ്രമങ്ങൾ**

മടങ്ങി. കയററത്തേക്കാരം പ്രയാസമേറിയതായിരുന്നു ഇറക്കം. വളരെ പണിപ്പെട്ടു് അവർ ഡോക്ടർ പെയ്യാൻ കാത്തിരിയ്ക്കുന്ന ഒന്നാം ക്യാമ്പിലെത്തി. പിറേറന്നു വീണ്ടുമിറങ്ങി സംഘത്തിലെ മററംഗങ്ങളൊന്നിച്ചു ചേൎന്നു. അങ്ങിനെ രണ്ടു് മലകയററവും നാലു് മരണവും.

അക്കൊല്ലം തന്നെ മററൊരു മലകയററം കൂടി ഉണ്ടായി. ഒരാരം അതിലും മരിച്ചു. ഡാർജിലിങ്ങിന്നു വടക്കു കാഞ്ചനജംഘാപ്രദേശത്തുവെച്ചാണു് അതുണ്ടായതു്. സംഘം പുറപ്പെട്ടതു് മലകയററത്തിന്നല്ല. പൎവ്വതപ്രദേശങ്ങരം ചുററിക്കാണുകയായിരുന്നു ഉദ്ദേശ്യം. ജോർജ്ജു് ഫ്രേ എന്ന ഒരു സ്വിററ്സർലണ്ടുകാരനും ടെൻസിങ്ങും ഏതാനും ഷേൎപ്പകളും മാത്രമേ അതിലുണ്ടായിരുന്നുള്ളു. ഇന്ത്യ, പാക്കിസ്ഥാൻ, ബൎമ്മ എന്നിവിടങ്ങളിൽ സ്വിസ്സു് ഗവൎമ്മേണ്ടിൻെറ കച്ചവടക്കമ്മീഷനറായിരുന്നു ജോൎജ്ജു് ഫ്രേ. കാലാവസ്ഥ വളരെ നന്നായിരുന്നു. ചുരപ്രദേശത്തെത്തിയതോടെ അവർ പല കൊടുമുടികളുടേയും പരിസരങ്ങരം നടന്നുനോക്കി. കാഞ്ചനജംഘയ്ക്കടുത്തുള്ള വമ്പിച്ച യാലൂങ്ങു് ഹിമതടം പരിശോധിച്ചു; പിന്നെ നേപ്പാളിന്നും സിക്കിമിന്നുമിടയിലുള്ള അഗാധമായ റാട്ടോങ്ങു് മലയിടുക്കു് കടന്നു. അതിന്നു മുമ്പു് ഒരു തവണയേ മനുഷ്യർ അതു് കടന്നിട്ടുള്ളു. പിന്നീടവർ അടുത്തു് ഏതാനും ചെറുതരം പൎവ്വതങ്ങളെ സമീപിച്ചു. അവയിൽ മിയ്ക്കവയും അവർ കയറി. ചെറുപൎവ്വതങ്ങളുടെയിടയിൽ കാങ്ങ്പീക്കു് കുറേ തലയെടുപ്പുള്ളൊരു കൊടുമുടിയാണു്. മടങ്ങുന്നതിന്നു മുമ്പു്

അതും കയറണമെന്നു് അവർ തീരുമാനിച്ചു. ഹിമാലയ ക്കൊടുമുടികളുടെയിടയിൽ അതെത്രയോ നിസ്സാരം. 19,000 അടി ഉയരമേ ഉള്ളൂ. എന്നാൽ കാഴ്ചയ്ക്കു ഗംഭീര മാണു്. ഷേപ്പ്കളിൽ ചിലർ കയറാൻ കൂട്ടാക്കിയില്ല. ഒടുവിൽ ഫ്രേയും ടെൻസിങ്ങും വേറൊരു ഷേപ്പ്യും പുറപ്പെട്ടു. അടിവാരത്തുനിന്നു് കുറെ ദൂരത്തോളം നല്ല ചെരിവായതുകൊണ്ടു് എളുപ്പത്തിൽ കയറാൻ കഴിഞ്ഞു. ക്രമേണ ഗതി ഏതാണ്ടു കുത്തനെയാകാൻ തുടങ്ങി. കല്ലിച്ച ഹിമത്തിൽ കാലിന്നു നല്ല പിടുത്തം കിട്ടാൻ ടെൻസിങ്ങ് ഇരുമ്പാണിബൂട്ട്സ് ധരിച്ചു. തനി യ്ക്കങ്ങിനെ മുൻകരുതലൊന്നും വേണ്ടെന്നു ഫ്രേ പറഞ്ഞു. അദ്ദേഹം ആൽപ്പ്സിൽ പേരു കേട്ട ഒരു കയററക്കാരനാണു്. അങ്ങിനെ അവർ കയറിക്കൊണ്ടിരുന്നു. ഏതാണ്ടു് 17,000 അടി ഉയരത്തിലെത്തിയിരിയ്ക്കണം, കഷ്ടിച്ചു് 2,000 അടിയേ ബാക്കിയുള്ളൂ. മുമ്പിൽ ഫ്രേ, തൊട്ടു താഴെ ടെൻസിങ്ങ്, പിന്നീട് ഷേപ്പ്—അവർ അടുത്തടുത്താണു്. പെട്ടെന്നു് ഫ്രേ കാൽ വഴുതി വീണു. വീഴ്ചയിൽ അദ്ദേഹം പിടഞ്ഞതുകൊണ്ടു് അതു് ടെൻസിങ്ങിൻെറ തലയ്ക്കായില്ല. അബദ്ധം എങ്ങിനെ പിണഞ്ഞുവെന്നു നിശ്ചയമില്ല. ഫ്രേയെ പിടിയ്ക്കാൻ ടെൻസിങ്ങ് കൈ നീട്ടി. വീഴ്ചയുടെ ശക്തികാരണം ടെൻസിങ്ങിൻെറ വിരലുകളിലൊന്നു പൊട്ടിപ്പോയതു് ആ പരിഭ്രമത്തി ലറിഞ്ഞില്ല. ആയിരമടി താഴെ ഒരു മഞ്ഞിൻപര പ്പിലാണ് ഫ്രേ ചെന്നുവീണതു്. ഒരു പുള്ളിപോലെ ടെൻസിങ്ങിന്നു് അദ്ദേഹത്തെ കാണാം. ടെൻസിങ്ങും ഷേപ്പ്യും ഇറങ്ങി പകുതി വഴിയ്ക്കെത്തിയപ്പോഠം കറുത്ത

എന്തോ ഒന്നു മഞ്ഞിൽ കിടക്കുന്നതു് അവർ കണ്ടു. അതു ഫ്രേയുടെ ക്യാമറയായിരുന്നു. പിന്നെയുമിറങ്ങി. ഫ്രേ വീണുകിടന്നേടത്തു ചെന്നുനോക്കിയപ്പോൾ അദ്ദേഹം മരിച്ചിരുന്നു. ശവം ടെൻസിങ്ങും കൂട്ടുകാരനും മുതുകിലേററി. കുറേക്കൂടി ഇറങ്ങുമ്പോഴേയ്ക്കു മററു ഷേർപ്പമാരെത്തി. എല്ലാവരുംകൂടി അതെടുത്തു് അടിവാരത്തേയ്ക്കു് കൊണ്ടുപോയി. പിറേറ ദിവസം പാറക്കൂട്ടങ്ങൾക്കുള്ളിൽ ശവം മറ ചെയ്തു. എല്ലാവരും ഡാർജിലിങ്ങിലേയ്ക്കു മടങ്ങി. ടെൻസിങ്ങിന്നിപ്പോൾ നാല്പതു വയസ്സാവാറായി; കഷ്ടകാലത്തിന്നറുതികാണാറായി.

നംഗപർവ്വതം, നന്ദാദേവി, കാങ്ങ്പീക്ക്, കാശ്മീർ, ഗഢ്വാൾ, നേപ്പാൾ, തിബത്ത് തുടങ്ങി പല കൊടുമുടികളും രാജ്യങ്ങളും ടെൻസിങ്ങ് കണ്ടുകഴിഞ്ഞു. ഒന്നു മാത്രം അയാൾക്കിതുവരെ സാധിച്ചിട്ടില്ല—ചോമോലുങ്മ, ആ മഹാ കൊടുമുടി, എവറസ്റ്റ് കയറുവാൻ. അതു കണ്ടിട്ടുതന്നെ അഞ്ചു കൊല്ലമായിരിയ്ക്കുന്നു. ''വ്യാഘ്ര'' ബിരുദം നേടാൻ ഒരിയ്ക്കൽ അതിന്മേൽ കുറെ ഉയരത്തോളം കയറി. അതു പതിന്നാലു വൎഷം മുമ്പാണ്. ടെൻസിങ്ങിൻെറ ഇപ്പോഴത്തെ യാത്ര പുതിയൊരു എവറസ്റ്റിലേയ്ക്കാണ്. കാരണം യുദ്ധത്തിന്നുമുമ്പു് എല്ലാ സംഘങ്ങളും അതിനെ സമീപിച്ചതു വടക്കുവശത്തുകൂടെയാണ്. ഇപ്പോൾ അതു സാദ്ധ്യമല്ല. ചൈനീസ് കമ്യൂണിസ്റ്റുകാർ തിബത്ത് കീഴടക്കിയതോടുകൂടി പാശ്ചാത്യസംഘങ്ങളെ ആ വഴിയ്ക്കുവിടുന്നില്ല. ഇതേ അവസരത്തിൽ സമാധാനപരമായ ഒരു വിപ്ലവം നേപ്പാളിലും നടന്നുവരികയാണ്. ഇയ്യിടെയായി അവർ പുറരാജ്യക്കാരെ സ്വാഗതംചെയ്യാൻ

തുടങ്ങീട്ടുണ്ട്. 1950–ൽ എച്ച്. ഡബ്ലിയു. ടിൽമാനും ഡോക്ടർ ചാറംസ് ഹൌസ്റ്റൻ എന്ന അമേരിക്കക്കാരനും കാഠ്മാണ്ടുവിലൂടെ സോളോഖുംബുവഴി എവറസ്റ്റിൻെറ തെക്കേ താഴ്വാരത്തിലെത്തിച്ചേർന്നു. അടുത്ത കൊല്ലം എറിക്ക് ഷിപ്ടനും ഒരു സംഘത്തെ അങ്ങോട്ടു നയിച്ചു. ഇരുകൂട്ടർക്കും വളരെ ഉയരത്തിൽ കയറാൻ കഴിഞ്ഞില്ല. വടക്കുഭാഗത്തുകൂടെയുള്ള വഴിയേക്കാൾ എത്രയോ വിഷമമേറിയതാണ് ഇതെന്നു പല വിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടതാണ്. എന്തു ചെയ്യും? തിബത്തിലൂടെയുള്ള മാർഗ്ഗം നിരോധിക്കപ്പെട്ട സ്ഥിതിക്ക് ഇതൊരൊററ വഴിയേ എവറസ്റ്റിലേക്കുള്ളു.

എവറസ്റ്റാരോഹണം ബ്രിട്ടീഷുകാരുടെ കുത്തകയായിരുന്നു. കാലക്രമംകൊണ്ട് അതൊരു ''ബ്രിട്ടീഷുകൊടുമുടി''യായി പരിണമിച്ചു. ഇപ്പോൾ ആ സ്ഥിതിക്കു മാററം വന്നിരിക്കുകയാണ്. തിബത്തിൽ ബ്രിട്ടീഷുകാർക്കു മാത്രമേ പ്രവേശമുണ്ടായിരുന്നുള്ളു. പുതിയ നേപ്പാൾ ഗവമ്മെണ്ടാകട്ടെ, അന്യനാടുകളിൽനിന്നെത്തുന്ന സംഘങ്ങളെ സ്വാഗതം ചെയ്തുവന്നു. ഇപ്രാവശ്യം അവിടെ ആദ്യമായെത്തിയത് സ്വിററ്സർലണ്ടുകാരാണ്. അവരുടെ ക്ഷണം ടെൻസിങ്ങ് സ്വീകരിച്ചു. ഷേപ്പമാരേയും പോർട്ടർമാരേയും ശേഖരിക്കേണ്ട ജോലി അയാളേറെറടുത്തു. ഡാർജിലിങ്ങിൽ നിന്നു തിരഞ്ഞെടുത്ത പതിമ്മൂന്നു ഷേപ്പമാരൊന്നിച്ചു ടെൻസിങ്ങ് 1952 ആദ്യത്തിൽ കാഠ്മാണ്ടുവിലേക്കു പുറപ്പെട്ടു. സ്വിസ്സ് സംഘം അവിടെയായിരുന്നു. ടെൻസിങ്ങിന്നു മുമ്പ് പരിചയമുള്ളവർക്കു പുറമേ ആറു പുതിയ കയററക്കാർ കൂടി സംഘ

**പരാജയപ്പെട്ട പരിശ്രമങ്ങൾ**

ത്തിലുണ്ടായിരുന്നു. ഇവർക്കുടാതെ രണ്ടു ശാസ്ത്രജ്ഞന്മാരും. അതൊരു തികഞ്ഞ സംഘമായി തോന്നി. അതിലെ പ്രധാനാംഗം റെയ്മണ്ട് ലാംബർട്ടായിരുന്നു. സംഘം സ്വിററ്സർലണ്ടിൽനിന്നു കൊണ്ടുവന്ന ധാരാളം ഭക്ഷണ സാധനങ്ങളും തമ്പ് തുടങ്ങിയ ഉപകരണങ്ങളും സോളോഖുംബുവിലെത്തിക്കാൻ നേപ്പാളിപ്പോർട്ടർമാരെ ഏല്പിച്ചു. പതിവുപോലെ കൂലി സംബന്ധിച്ച തക്കം തുടങ്ങി. സാധാരണ പോർട്ടർമാക്കനുവദിക്കുന്ന കൂലിയിൽ ഒരു ഭാഗം സർദാർമാരുടെ 'മാമൂലാ'ണ്. ഇത്തവണ തനിക്കുത് ആവശ്യമില്ലെന്നു ടെൻസിങ്ങ് പറഞ്ഞു. അങ്ങിനെ മുഴുവൻ കൂലിയും അവക്കു കിട്ടുമെന്നായപ്പോരം വാദവും തക്കവുമെല്ലാം അവസാനിച്ചു. മാച്ച് 29—ാംനു സംഘം കാഠ്മാണ്ടു വിട്ടു. അവിടെനിന്നു 180 നാഴിക അകലെയാണ് നാംചെ ബസാർ. അവിടെ എത്തിച്ചേരാൻ പതിനാറു് ദിവസം വേണ്ടിവന്നു. ആദ്യം കിഴക്കോട്ടും ഒടുക്കത്തെ ഏതാനും ദിവസം വടക്കോട്ടുമായിരുന്നു യാത്ര. കുന്നും മലയും നിറഞ്ഞ നേപ്പാളിലൂടെയുള്ള യാത്ര തുടക്കം മുതൽ അവസാനംവരെ ദുർഘടം പിടിച്ചതായിരുന്നു. തിബത്തിൽനിന്നു് എവറസ്റ്റിലേക്കുള്ള പഴയ വഴിയിൽ സാമാനങ്ങരം കടത്താൻ മൃഗങ്ങളെ ഉപയോഗിക്കാം. ഈ വഴിയിൽ അതു വയ്യ. കാരണം, ഓരോ മലഞ്ചെരിവിലും ഓരോ പുഴയുണ്ട്. മരപ്പലകയും കയറുംകൊണ്ടുള്ള ആടിക്കളിക്കുന്ന പാലങ്ങളിലൂടെ പോകുക ആളുകരംക്കുതന്നെ പ്രയാസം. ചുമടുണ്ടെങ്കിൽ ചുമലിൽ പേറി നടക്കുകതന്നെ വേണം. ഇന്നും അതാണവിടെ സമ്പ്രദായം. മുമ്പോട്ടു പോകുന്നതോടുകൂടി

ടെൻസിങ്ങ്

സ്ഥലപ്രകൃതി മാറിത്തുടങ്ങി. കുന്നും മലയുംതന്നെ വഴി നീളെ. ഇടക്കിടെ നെൽവയലുകളും കാണാം. കുറേ ദൂരം ഇരുളടഞ്ഞ വമ്പിച്ച കാട്ടിലൂടെ പോകേണ്ടിവന്നു. കാട്ട് പിന്നിട്ടപ്പോൾ ബാർളിയും ഉരുളക്കിഴങ്ങും കൃഷി ചെയ്ത പാടങ്ങൾ. ആളുകളും മാറി. ഹിന്ദുക്കളെ തീരെ കാണാതായി. എവിടെയും ബുദ്ധമതക്കാർ. നേപ്പാളികൾ പോയി മംഗോളിയരായി. പത്താം ദിവസമായപ്പോഴെയ്ക്കും അവരുടെ ഗതി വടക്കോട്ട് ഷേപ്പനാട്ടിലൂടെയായി. ആദ്യം താണ പ്രദേശമായ സോളോവിലും പിന്നെ ദൂധ്കോശി നദി കടന്നു ഖുംബുവിലും അവിടെനിന്നു നാംചേ ബസാറിലും പ്രവേശിച്ചു. ടെൻസിങ്ങിനെ വല്ലാതെ ഇളക്കിത്തീർത്ത ഒരു സന്ദർഭമാണത്. താൻ വളരെക്കാലം ആശയോടെ നോക്കിക്കൊണ്ടിരുന്ന എവറസ്റ്റിനെ മാത്രമല്ല സ്വന്തം ജന്മഭൂമിയേയും സമീപിക്കുകയാണ്. ടെൻസിങ്ങിനേയും മററു ഷേപ്പകളേയും കാണാൻ ലോകത്തിലെ സർവ്വ ഷേപ്പകളും അവിടെ ഒത്തുകൂടിയതുപോലെ തോന്നി. ടെൻസിങ്ങിൻെറ വൃദ്ധമാതാവ് മകനെ കാണാൻ താമയിൽനിന്നു കാൽനടയായി അവിടെ എത്തിയിരുന്നു. അവർ തമ്മിൽ കാണുന്നതു് പതിനെട്ടുകൊല്ലത്തെ വേർപാടിന്നുശേഷമാണ്. ഇരുവരും കെട്ടിപ്പിടിച്ച് അല്പനേരം കരഞ്ഞു. ഈ ബന്ധുമിത്രസമാഗമാഘോഷത്തിന്ന് ഒരു ദിവസമേ ഉണ്ടായിരുന്നുള്ളു. നേപ്പാളിൽനിന്നു വന്ന പോർട്ടർമാരെയെല്ലാം കൂലി കൊടുത്തു പറഞ്ഞയച്ചു. ഖുംബുക്കാരായ പത്തുപേരെ കൊടുമുടി കയറാനുള്ള സംഘത്തിലേയ്ക്കു തിരഞ്ഞെടുത്തു. നാംചേയിൽനിന്ന് അടിവാരത്തിലെ ഒന്നാം ക്യാമ്പി

ലേയ്ക്കു് സാമാനങ്ങരം കൊണ്ടുപോകാൻ പ്രയാസമുണ്ടാ യില്ല. സ്ത്രീകളുംപ്പെടെ അവിടത്തുകാരെല്ലാം ഉത്സാഹ പൂൎവ്വം അതിന്നൊരുങ്ങി. കൂട്ടത്തിൽ ടെൻസിങ്ങിൻെറ ഏററവും ഇളയ സഹോദരി സോണാഡോമയും മരുമകരം ഫൂലാമുവുമുണ്ടായിരുന്നു.

ത്യാങ്ങ്ബോച്ചേയിൽവെച്ചു ലാമമാർ അവൎക്കു ഗംഭീ രമായൊരു സ്വീകാരം നല്കി. സായിപ്പന്മാൎക്കു് അതു് എത്രത്തോളം പിടിച്ചിരിയ്ക്കുമോ, ആവോ? കാരണം, തിബത്തുകാരുടെ ചായ അവരെ തീൎച്ചയായും കുഴക്കും. ഉപ്പും കാറലുള്ള ചമരിനെയ്യും ധാരാളം ചേൎത്തതാണു് അവ രുടെ ചായ. നേതാവായ ലാംബട്ടൊഴികെ മററാരും അതു തൊട്ടില്ലെന്നുതന്നെ പറയാം. കോപ്പകരം മൂക്കി നോടടുത്തപ്പോരം അവരുടെ മുഖങ്ങരം കാണേണ്ടതായി രുന്നു. ത്യാങ്ങ്ബോച്ചേ വിഹാരം 12,000 അടി പൊക്ക ത്തിലാണു്. അതു കഴിഞ്ഞാൽ പൎവ്വതമായി. ഒന്നാമ തായി ടിൽമാനും, ഹൌസ്റ്റനും പിന്നെ 1951-ൽ ഷിപ് ടനും പോയവഴിയ്ക്കു തന്നെയാണു് ടെൻസിങ്ങിൻെറ സം ഘവും പോയതു്. ദൂത്കോശിയിൽനിന്നു അവർ കിഴ ക്കോട്ടു തിരിച്ചു. താവിച്ചേ, ആമാഡാബ്ലാം എന്നീ മനോഹരങ്ങളായ കൊടുമുടികരംക്കിടയിലുള്ള കിഴക്കാം തൂക്കായ ചുരത്തിലൂടെ എവറസ്റ്റിൻെറ തെക്കുപടി ഞ്ഞാററു് അഗാധമായ മലയിടുക്കിലൂടെ ഇറങ്ങുന്ന ഖുംജ ഹിമാനിയുടെ വായിൽ എത്തിച്ചേൎന്നു. ഏപ്രിൽ 22-ാംനു- ഖുംജ ഹിമതടത്തിൽ 16,750 അടി ഉയരത്തിൽ അടി വാരക്യാമ്പു് സ്ഥാപിച്ചു. ഇവിടെവെച്ചു ഷേൎപ്പക ളിൽ മിക്കവരും തിരിച്ചുപോയി. കൊടുമുടി കയറാൻ

തിരഞ്ഞെടുത്ത പത്തുപേൎക്ക പുറമെ മുപ്പതു പേരെക്കൂടി സംഘത്തിൽ നിൎത്തി. അവരുടെ ജോലി അടുത്ത ക്യാമ്പി ലേയ്ക്കു വിറകും സാമാനങ്ങളും കടത്തലായിരുന്നു. ക്യാമ്പിൻെറ വലത്തുവശം കുറേ പടിഞ്ഞാറായി ഹിമക്കട്ടികൾ കുന്നുകൂടിക്കിടന്നിരുന്നു. എവറസ്റ്റിൻെറയും നപ്റ്റ്സേ പൎവ്വതത്തിൻെറയുമിടയിലൂടെ സദാ വൎഷിച്ചുകൊണ്ടിരിക്കുന്ന ഹിമമാണത്. മുമ്പ് വന്ന മലകയററക്കാരൊക്കെ ഇവിടെവെച്ചു മടങ്ങുകയാണുണ്ടായത്. സംഘത്തിൻെറ ഒന്നാം ക്യാമ്പ് ഹിമതടത്തിന്നടുത്തുതന്നെ ഏൎപ്പാടുചെയ്തു. പിന്നീടതു കടക്കാനുള്ള ശ്രമമായി. ഹിമത്തിൽ പടവുകൾ വെട്ടുക, കയർ കെട്ടുക തുടങ്ങിയ ജോലികൾക്കു പലരേയും നിയമിച്ചു. ആ ഹിമവനം ഭയങ്കരമായിരുന്നു. അടുത്തുതന്നെ മഞ്ഞിൻകൂമ്പാരങ്ങൾ ഗോപുരംപോലെ ഉയൎന്നുനില്ക്കുന്നു. ഏതു നിമിഷത്തിലാണ് അവ തകൎന്നു തലയിൽ വീഴുക എന്നു അറിഞ്ഞുകൂടാ. നേരിയ മഞ്ഞിൻ പടലങ്ങൾകൊണ്ടു മൂടിയ പിളൎപ്പുകളും ധാരാളം. അവയിൽ പെട്ടുപോയാൽ കഥ കഴിഞ്ഞു. ഒരു വഴി കണ്ടുകിട്ടാൻ സായിപ്പന്മാർ വളരെ ശ്രമിച്ചുനോക്കി. കയറിമറിയാൻ പ്രയാസമായ ഹിമഭിത്തികളും അഗാധമായ പിളൎപ്പുകളുമല്ലാതെ എവിടെ ചെന്നു നോക്കിയിട്ടും മറെറാന്നും കണ്ടില്ല. ഒടുവിലവർ മടങ്ങി. എല്ലാവരുംകൂടി കുറേ നേരമാലോചിച്ച് ഒരു അവസാനശ്രമം നടത്താനുറച്ചു. ഹിമത്തിൽ പടവുകൾ വെട്ടിയും കയറുകൾ കെട്ടിയും സായിപ്പന്മാർ ഒരു ചെരിവിലൂടെ മേലോട്ടു കയറി. സാമാനങ്ങളുമായി ഷേൎപ്പകൾ പിന്തുടൎന്നു. ഹിമപാതത്തിൻെറ ഏതാണ്ടു പകുതി

**പരാജയപ്പെട്ട പരിശ്രമങ്ങൾ**

വഴിശ്ലൂ രണ്ടാമത്തെ ക്യാമ്പ് സ്ഥാപി പിന്നെയും കയറി. ഒടുവിൽ ചെന്നെത്തിയത് അഗാധമായ ഒരു പിളപ്പിൻെറ വക്കത്താണ്. ഇവിടെവെച്ചാണ് മുൻ കൊല്ലം ഷിപ്ടൻെറ സംഘം മടങ്ങിയത്. അതാക്കും ചാടിക്കടക്കുക സാദ്ധ്യമല്ല, അത്ര വീതിയുണ്ടു്. നോക്കിയാലററം കാണാത്ത ആഴവും. ഇത് എവറസ്റ്റ് മുതൽ നപ്ത്സേവരെ നീണ്ടുകിടക്കുകയാണ്. വക്കത്തുടെ സായ്പന്മാർ കുറേനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നുനോക്കി. ഏതു വിധമെങ്കിലും അപ്പുറം കടക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു വളരെ മണിക്കൂറുനേരം പരിശോധിച്ചു. ഫലമുണ്ടായില്ല. പിറേറന്നു ഒരു കയറിൽ തൂങ്ങിയാടി അങ്ങേ വശം പററാമോ എന്നു പരീക്ഷിച്ചു. പിളപ്പിൻെറ വക്കത്ത് ഒരു കയർ കെട്ടി അതിന്നററം പിടിച്ചാടിയാൽ മറുവശത്തെത്താം. എന്നാൽ അവിടെ പിടി കിട്ടിയില്ല. വിരൽകൊണ്ടും മഴുകൊണ്ടും ശ്രമിച്ചുനോക്കി. ഫലിച്ചില്ല. ഓരോ തവണയും ആടിയ ആാം തിരികെ പിളപ്പിൻെറ ചുമരിൽ ഊക്കോടെ വന്നലച്ചു. സായിപ്പന്മാർ വിട്ടില്ല. അവർ പിന്നെയും പരിശോധന നടത്തി. പിളപ്പിൽ ഒരു വശത്ത് ഏതാണ്ടുറുപതടി താഴേ ഒരാൾക്കു നില്ക്കത്തക്ക ഒരൊഴിവു കണ്ടു. അതിന്നെതിരെയുള്ള ഭിത്തി, ചാടിയാൽ എത്തത്തക്കവണ്ണം അടുത്താണ്. പിടിച്ചു കയറുവാനുള്ള സൌകര്യവും അതിന്മേലുണ്ടു്. സംഘത്തിലെ ഏററവും പ്രായംകുറഞ്ഞ ആസ്പർ എന്ന സായിപ്പിനെ ഒരു കയറിന്നററത്തു കെട്ടി ആ ഒഴിവുസ്ഥലത്തേയ്ക്കു പതുക്കെ താഴ്ത്തി. അയാാം ഒരു ചാട്ടത്തിന്നു മറുവശത്തു പററുകയും മഴുവും കൈനഖങ്ങളുമെല്ലാം ഉപയോഗപ്പെ

ടെൻസിങ്ങ്

ട്ടത്തി ഒരുവിധം വലിഞ്ഞുകയറി മറുപുറം പററുകയും ചെയ്തു. മുകളിൽ എത്തിയതോടുകൂടി അയാറം വീണു പോയി. ശക്തിയും ശ്വാസവും വീണ്ടുകിട്ടാൻ കുറേ നേരം അനങ്ങാതെ കിടക്കേണ്ടിവന്നു. ഒരാറം മറുഭാഗത്തെത്തി യല്ലോ. ഇനിയെല്ലാം എളുപ്പമായി. അയാളുടെ അര സ്സുകെട്ടിയ കയറിൻെറ രണ്ടററവും ഇരുകരകളിലും ബല മായി കെട്ടിയുറപ്പിച്ചു. വേറെ കയറുകറം കൊണ്ടുവന്നു അല്പസമയത്തിന്നുള്ളിൽ ഒരു പാലമുണ്ടാക്കി. സായിപ്പ ന്മാർ മുമ്പിൽ കടന്നു; പിന്നാലെ സാമാനങ്ങളുമായി ടെൻസിങ്ങിൻെറ നേതൃത്വത്തിൽ ഷേപ്പ്കളും. ഒട്ടാകെ 2½ടൺ സാമാനങ്ങറം ഇങ്ങിനെ കടത്തി. ഓരോ ഷേ പ്പ്യും 45റാത്തൽ വീതം ചുമക്കേണ്ടിവന്നു.

പിന്നെയും കയറി. അവർ 20,000 അടി ഉയര ത്തിലെത്തിക്കഴിഞ്ഞു. വായു നേർത്തുതുടങ്ങി. സ്വിസ്സു കാരിൽ ചിലക്കു ശ്വസിക്കാൻ വിഷമം നേരിട്ടു. എന്നാൽ ടെൻസിങ്ങിന്നു് അത്തരം ബുദ്ധിമുട്ടുകളൊന്നുമുണ്ടായില്ല. ഉയരം ഏറുന്തോറും അയാറക്കു് ഉന്മേഷവും ശക്തിയും കൂടുകയാണു്. ടെൻസിങ്ങിന്നു ശ്വാസകോശം മൂന്നാണെ ന്നു സംഘത്തിലുള്ളവർ നേരമ്പോക്കു പറയാറുണ്ടു്. വല്ല പ്പൊഴും വല്ല പക്ഷികളുമല്ലാതെ മറെറാരു ജീവിയും അ തുവരെ എത്തീട്ടില്ലാത്ത ഒരു ചെരിവിലാണു് അവരി പ്പോറം. അതിന്നു് ഏതാണ്ടു് നാലരനാഴിക നീളവും രണ്ടു നാഴിക വീതിയുമുണ്ടു്. ഇടത്തുഭാഗത്തു് എവറസ്റ്റും വലത്തുഭാഗത്തു് നപ്റ്റ്സേയും നേരെമുമ്പിൽ ലോട്ട്സേ യും, മൂന്നാഴ്ചയോളം സംഘം പടിഞ്ഞാററൻ ചെരിവിൽ കഴിച്ചുകൂട്ടി. ഇടയ്ക്കൊക്കെ കൊടുങ്കാററലറുന്നതും, ഹിമ

പ്പൊടികഠം ഇടിഞ്ഞുവീഴുന്നതും കേഠംക്കാം. വഴിയിൽ നാലും അഞ്ചും ക്യാമ്പുകഠം സ്ഥാപിച്ചു. വിസ്തൃതമായ ആ മലഞ്ചെരിവിൻെറ മദ്ധ്യത്തിലാണ് നാലാം ക്യാമ്പ്. അഞ്ചാമത്തേതു് ലോട്സേയുടെ അടിവാരത്തിലും. രണ്ടും മൂന്നും ദിവസം കഴിയുമ്പോഠം ഒരു കൊടുങ്കാററുണ്ടാകും. അതവസാനിക്കുന്നതുവരെ അവർ തമ്പുകഠംക്കുള്ളിൽ കഴിച്ചുകൂട്ടും. അഞ്ചാം ക്യാമ്പ് 22,640 അടി മേലെയാണ്. ഷേപ്പകഠം അതാതുസ്ഥാനത്തു നിശ്ചിതസമയത്തു ഭാരമെത്തിക്കുന്നുണ്ടോ എന്നു നോക്കലായിരുന്നു ടെൻസിങ്ങിൻെറ ജോലി. ഇപ്പോളയാഠം കയററക്കാരായ സായിപ്പന്മാരുടെ കൂട്ടത്തിൽ ഒരംഗമാണ്. അതൊരു വലിയ ബഹുമതിയാണ്. മേയ് 25–ാംനു സംഘം കയററം തുടന്നു. അപ്പൊഴെയ്ക്കും പകുതി വഴി എത്തിച്ചിരുന്ന പല പുതിയ സാധനങ്ങളും അവർ തങ്ങളുടെ ഭാണ്ഡത്തിൽപ്പെടുത്തി. അവയിൽ ജീവവായു ടാങ്കുകളും പെട്ടിരുന്നു. ജീവവായു അപ്പോളുപയോഗപ്പെടുത്തിത്തുടങ്ങിയില്ല. അതു കുറച്ചേ ഉള്ളു. പിന്നെയും നാലു മണിക്കൂർ കയറി. കൂട്ടത്തിൽ ആകെ 8 പേരുണ്ടായിരുന്നു. 25,680 അടി പൊക്കമുള്ള നപ്ത്സേ കൊടുമുടി അവർ പിന്നിട്ടു. ഉയരം കൂടുന്തോറും കയററത്തിന്നുള്ള വിഷമവും വദ്ധിച്ചുവന്നു. 25,800 അടിയാകുമ്പോഴെയ്ക്കും എവറസ്റ്റിന്നും ലോട്ട്സേയ്ക്കുമിടയിൽ മഞ്ഞിന്നു മാദ്ദവം തീരെയില്ല. മിക്ക ഭാഗത്തും കട്ടിമഞ്ഞും വെറും പാറയും. കാററു ഇടതടവില്ലാതെ ചൂളം വിളിക്കുന്നു. ഇതേവരെ മനുഷ്യൻ കയറിയ പവ്വതങ്ങളെക്കാളെല്ലാം ഉയരത്തിൽ അവരിപ്പോഠംത്തന്നെ എത്തിക്കഴിഞ്ഞു. എന്നാൽ എവ

റസ്റ്റ് ഇനിയും എത്രയോ അകലെയാണ്. അതു മററൊരു പർവ്വതമാണെന്നു തോന്നിപ്പോകും. രോഗം പിടിച്ചും ക്ഷീണിച്ചും ഓരോരുത്തർ വഴിയിൽ തങ്ങിത്തങ്ങി ഒടുവിലിപ്പോൾ നാലു പേർ മാത്രം ശേഷിച്ചു. കയറിൻെറ സഹായം കൂടാതെ മേലോട്ടുള്ള ഗതി അസാദ്ധ്യമായി. ഓബർട്ടും ഫ്ലോറിയും ഒരു കയറിന്മേൽ കൂട്ടികെട്ടി യാത്ര തുടൻു; ലാംബർട്ടും ടെൻസിങ്ങും മററൊന്നിന്മേലും. അവരുടെ കൈവശം ഒരു തമ്പേ ഉള്ളു. അതു ടെൻസിങ്ങിൻെറ ചുമലിലാണ്. അവർ 27,000 അടി ഉയരത്തിലെത്തി. 500 അടി കൂടി കയറി അവർ നിന്നു. ഓബർട്ടും ഫ്ലോറിയും അവരുടെ സാമാനങ്ങളെല്ലാം താഴത്തിട്ടു മെല്ലെ ഇറങ്ങാൻ തുടങ്ങി. അവർ മടങ്ങി. ടെൻസിങ്ങിന്നും ലാംബർട്ടിന്നും അന്നു രാത്രി ഉറക്കമുണ്ടായില്ല. തണുപ്പിൽ മരവിച്ചു മരിയ്ക്കാതിരിയ്ക്കാൻ അവർ കിടന്നേടത്തു നിന്ന് അന്യോന്യം പിടിച്ചു വലിച്ചും, അടിച്ചും തള്ളിയും ദേഹത്തിൽ ഒരു വിധം രക്തസഞ്ചാരം നിലനിർത്തിക്കൊണ്ടു നേരം പുലർത്തി. നന്നേ രാവിലെ അവർ പുറപ്പെട്ടു; വളരെ പതുക്കയേ കയറാൻ കഴിഞ്ഞുള്ളു. പടവു വെട്ടിക്കൊണ്ടുള്ള പോക്കായതു കൊണ്ട് അവർ ഇടയ്ക്കിടെ സ്ഥാനം മാറിക്കൊണ്ടിരുന്നു. കുറേ ദൂരം ലാംബട്ട് മുമ്പിൽ പോകും, തളച്ചു തട്ടിയാൽ ടെൻസിങ്ങ് മുഴവു മായി അയാളുടെ സ്ഥാനം പിടിയ്ക്കും. നേരെ കുത്തനെയുള്ള ഈ കയററം അവരെ വല്ലാതെ കഷ്ടത്തിലാക്കി. ഓരോ മണിക്കൂറും ഓരോ ദിവസമായി. മഞ്ഞുകാററ് ശക്തിയിൽ വീശിക്കൊണ്ടിരുന്നു. ടെൻസിങ്ങിൻെറ 'മൂന്നാം ശ്വാസകോശത്തിന്നും' കേടു പററിയതുപോലെ

തോന്നി. അയാളുടെ തൊണ്ട വരണ്ടുതുടങ്ങി; കഠിനമായ ദാഹവും. ഇത്തരം ഘട്ടങ്ങളിലാണ് ആളുകാംക്ക പല തരം ചിന്തകളുണ്ടാവുക. ടെൻസിങ്ങിന്നു ഡാർജിലി ങ്ങിനെക്കുറിച്ചും ഓങ്ങ്ലാമുവെക്കുറിച്ചും മററും ചിന്ത യായി. അയാഠം പലതിനെപ്പററിയും ഇങ്ങിനെ ചിന്തി ച്ചിരിക്കെ, പെട്ടെന്നു തലച്ചോർ മരവിച്ചതുപോലെ തോന്നി. ചിന്ത അവസാനിച്ചു.

കുറച്ചു കയറും, പെട്ടെന്നു നില്ക്കും, കയറും, നില്ക്കും. അങ്ങിനെ ഇരുവരും നിന്നു. ലാംബർട്ട് ശക്തിയിൽ വീശിക്കൊണ്ടിരുന്ന കാററിന്നഭിമുഖമായി കുനിഞ്ഞു നില്പായി. അവർ നേരെ കുത്തനെ 650 അടി കയറിക്ക ഴിഞ്ഞു. അതിന്നു അഞ്ചു മണിക്കൂർ വേണ്ടിവന്നു. ടെൻ സിങ്ങു മുകളിലേയ്ക്കു നോക്കി. എവറസ്റ്റിൻെറ താണ തെക്കേ കൊടുമുടിയിലെത്താൻ പിന്നെയും അഞ്ഞൂറടി കയറണം. യഥാർത്ഥക്കൊടുമുടിയല്ല തക്കേ കൊടുമുടി. അതിന്നപ്പുറമോ....

ടെൻസിങ്ങ് വലിയ ദൈവവിശ്വാസിയാണ്. വിഷമഘട്ടത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് ദൈവം നമ്മെ അറിയിയ്ക്കും. ലാംബട്ടിനേയും അയാളേയും സം ബന്ധിച്ച് ദൈവം അങ്ങിനെ ചെയ്തു. അവക്കു പിന്നെ യും കയറാമായിരുന്നു; ഒരു പക്ഷേ കൊടുമുടിയുടെ അററ ത്തുതന്നെ എത്താമായിരുന്നു. എന്നാൽ ഇറങ്ങാനാവു മായിരുന്നില്ല. ആ നിലയിൽ മുമ്പോട്ടു പോകുക എന്നതിൻെറ ഫലം മരണമാണ്. അവർ പോയില്ല, മടങ്ങി. ഇരുവരും 28,250 അടിവരെ എത്തിയിരുന്നു. ആരുംതന്നെ അതേവരെ കയറാത്തത്ര ഉയരത്തിൽ! അവ

രിറങ്ങാൻ തുടങ്ങി. അന്യോന്യം ഒന്നും സംസാരിച്ചില്ല. മലമുതുകിലൂടെ കീഴോട്ട് ഉന്നതസ്ഥാനങ്ങളിലെ ക്യാമ്പുകളോരോന്നും കടന്ന്, മലയിടുക്കുകളും ചുരങ്ങളും പിന്നിട്ട് കിഴുക്കാന്തൂക്കമായ മഞ്ഞിൻ ഭിത്തികളിലൂടെ, മെല്ലെ മെല്ലെ, വളരെ സാവധാനത്തിൽ തൂങ്ങിയും നടന്നും ഇഴഞ്ഞും അവർ ഒരുവിധം സമതലത്തെത്തിച്ചേർന്നു.

II

"ഇതു ശരൽക്കാലമല്ലേ?" ഓങ്ങലാമു ചോദിച്ചു.

"അതെ, ശരൽക്കാലം", ടെൻസിങ്ങ് മറുപടിപറഞ്ഞു.

"മുമ്പീക്കാലത്തു മല കയറാൻ നിങ്ങൾ പോവാറില്ലല്ലോ."

"ഇല്ല, ഒരിക്കലുമില്ല"

"എന്നാലിപ്പോഴെന്തിനാണ് പോകുന്നത്?"

"ഒരിക്കൽക്കൂടി ശ്രമിച്ചുനോക്കാൻ."

ടെൻസിങ്ങും ഭാര്യയും തമ്മിൽ ഇങ്ങിനെയൊരു സംഭാഷണമുണ്ടായതിനെത്തുടർന്നാണ് 1952 സപ്തംബറിൽ സ്വിസ്സ്കാരൊന്നിച്ച് അയാൾ വീണ്ടും എവറസ്റ്റിലേക്കു പുറപ്പെട്ടത്. ഇക്കൊല്ലമേ അവർക്കിതിന്നവസരം കിട്ടൂ. അടുത്ത കൊല്ലത്തേക്കു് ബ്രിട്ടീഷുകാർക്കാണ് നേപ്പാൾ ഗവർമ്മേണ്ട് അനുമതി നല്കിയത്. ഏതായാലും ഒന്നുകൂടി ശ്രമിക്കാൻതന്നെ അവർ തീരുമാനിച്ചു. വസന്തത്തിൽ വന്ന സംഘത്തിൽപ്പെട്ട രണ്ടുപേരേ ഇപ്രാവശ്യമുള്ളൂ—ഡോക്ടർ ഗാബ്രിയൽ ഷെവാലിയും, റെയ്മണ്ട് ലാംബർട്ടും. മറ്റെല്ലാം പുതിയവരാണ്. കാഠ്മാണ്ടുവിൽ വെച്ച് ടെൻസിങ്ങ് അവരോടു ചേർന്നു. ആളുകളും സാധനങ്ങളും കഴിഞ്ഞതവണത്തെക്കാൾ അധികമുണ്ട്. സായിപ്പ

ന്മാരും ഷേപ്പമാരും പോർട്ടർമാരുമായി നാന്നൂറോളം പേ രുടെ ഒരു വലിയ ഘോഷയാത്രയാണ് കാഠ്മാണ്ഡുവിൽ നിന്ന് പുറപ്പെട്ടത്. വഴി പഴയതുതന്നെ. കഠിനമായ മഴയുണ്ടായതുകൊണ്ട് യാത്രക്ക് വലിയ അസൌകര്യവും താമസവും നേരിട്ടു. ഖുംബുഹിമാനിയ്ക്കു സമീപം തന്നെ അടിവാരക്യാമ്പ് സ്ഥാപിച്ചു. മലകയററത്തിന്നാവശ്യ മുള്ളവരൊഴിച്ചു ബാക്കിയെല്ലാവരും മടങ്ങി. കാലാ വസ്ഥ മോശമായതിനാൽ പലക്കും പലവിധം രോഗ ങ്ങൾ പിടിപെട്ടു. ഓങ്ങ്നോബ് എന്ന ഷേപ്പയ്ക്ക് കഴുത്തിലൊരു വീക്കം. ഡോക്ടർ ഷെവാലി പെനി സിലിൻ പല തവണ കുത്തിവെച്ചുനോക്കിയിട്ടും ഗുണമുണ്ടായില്ല. ഒടുവിൽ ഒന്നാം ക്യാമ്പിൽ ഭക്ഷണം കഴിയ്ക്കാനുള്ള തമ്പിൽവെച്ച് ഒരു ഓപ്പറേഷൻ നടത്തി. റിസ്സ്റ്റോഹൽ എന്ന സായിപ്പും ടെൻസിങ്ങും ഓങ്ങ്നോ ബുവെ പിടിച്ചുവെച്ചു. ഡോക്ടർ കഴുത്തിൽ നീളത്തി ലൊരു കീറൽ കീറി. ചലവും ചോരയും എത്രയാണ് പോയതെന്നു കണക്കില്ല. അല്പദിവസംകൊണ്ട് രോഗം തീരെ സുഖപ്പെട്ടു് അയാരം സംഘമൊന്നിച്ചു ചേന്നു. ആദ്യത്തെ യാത്രയിൽ പല വിഷമങ്ങരംക്കും കാരണമായ അഗാധപ്പിളപ്പുകരംക്ക് പാലമിടാൻ ഇപ്രാവശ്യം പാക ത്തിലുള്ള മരക്കഷണങ്ങരം കരുതിയിരുന്നു. ഹിമപാത ത്തിന്നുമേലെ പടിഞ്ഞാറൻ ചെരിവിലെ വിശാലമായ ഹിമതടത്തിലെത്തിയതോട്ടുകൂടി കഠിനമായ കൊട്ടങ്കാററ് തുടങ്ങി. അതുകാരണം അധിക ദിവസം ഓരോ സ്ഥാ നത്ത് ഇളകാതിരിക്കേണ്ടിവന്നു. ഒക്ടോബർ ഒടുവിൽ ലോട്ട്സേ വിതാനത്തിൽ സ്ഥാപിച്ച അഞ്ചാം ക്യാ

മ്പിൽ അവർ പ്രവേശിച്ചു. പിന്നെ തെക്കൻ ചുരത്തിലേയ്ക്കുള്ള കയററമായി.

ഒക്ടോബർ 31-ാംനു- വലിയൊരപകടം നേരിട്ടു. അഞ്ചാം ക്യാമ്പിന്നടുത്തുള്ള മല കുത്തനെയാണ്. ഡോക്ടർ ഷെവാലിയും സ്റ്റോഹലും കുറെ ഷേപ്പമാരും ഒരു നീണ്ട കയറിന്മേൽ വിട്ടു വിട്ടു സ്വയം കെട്ടിയിരിയ്ക്കുയാണ്. ആകെ പന്ത്രണ്ടാളുകളാണ് കയറിന്മേലുള്ളത്. പെട്ടെന്നു് മുകളിൽനിന്നൊരു മുഴക്കം കേട്ടു. മഞ്ഞിൻ പരപ്പിൽ ഒരു ഭാഗം അടൎന്നുതാഴുകയാണ്. കയറിൽ തൂങ്ങിയിരുന്നവരുടെ നേൎക്കാണ് അതിൻെറ വരവ്. പതിനൊന്നു പേർ പെട്ടന്നു തല താഴ്ത്തി പാറയോടു പററി നിന്നതുകൊണ്ട് അവൎക്കൊന്നും പററിയില്ല. മിങ്ങ് മാഡോർജേ എന്ന ഷേപ്പ് പരിഭ്രമത്തിൽ അനങ്ങാതെ മിഴിച്ചുനിന്നു. ഒരു വലിയ ഹിമക്കഷണം അയാളുടെ മുഖത്തു ചെന്നടിച്ചു. മിങ്ങ്മാഡോർജേ പിന്നീട് മരിച്ചു. സംഘം മുന്നോട്ടു പോയി. മുമ്പിൽ പൊയ്ക്കൊണ്ടിരുന്നത് ലാംബട്ട്, റീസ്സ്, ടെൻസിങ്ങ് എന്നിവരാണ്. ഒമ്പതു ക്യാമ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. കൊടുമുടിയ്ക്കു കീഴെ കുത്തനെയുള്ള ഹിമഭിത്തി അവർ കയറാൻ തുടങ്ങി. ഇപ്രാവശ്യം മൂന്നുപേരും ജീവവായു ഉപയോഗിച്ചുകൊണ്ടിരുന്നെങ്കിലും കയററം കൂടുതൽ വിഷമമായിക്കണ്ടു. കാററു സദാ ശക്തിയിൽ വീശിക്കൊണ്ടിരുന്നു. തണുപ്പു സഹിക്കുക സാദ്ധ്യമല്ലാതെ വന്നു. ഓരോ കൈയ്ക്കും മുമ്മൂന്നുറയുണ്ടായിട്ടും വിരലുകളെല്ലാം മരവിച്ചു. അവരുടെ ചുണ്ടും മൂക്കും, എന്നുവേണ്ട, മുഖമാകപ്പാടെ നീലവൎണ്ണമായി. പിന്നാലെ വന്നിരുന്ന ഷേപ്പുകൾ അന

ഞ്ഞാതെ നില്പായി. ഈ ഘട്ടത്തിൽ ഒന്നുമാത്രമേ ചെയ്യാനുള്ളു. വന്ന വഴിയെ മടങ്ങൽ. ടെൻസിങ്ങിന്നും ലാംബട്ടിന്നും അത് ചിന്തിയ്ക്കുകൂടി വയ്യായിരുന്നു. ഇത് അവരുടെ രണ്ടാമത്തെ പരിശ്രമമാണ്. ഇപ്രാവശ്യം എവറസ്റ്റ് കയറാമെന്ന ഒരാശ അവക്കാദ്യമേ ഉണ്ടായിരുന്നു. അവരിരുവർ മാത്രമായിരുന്നെങ്കിൽ ഒരുപക്ഷേ മുന്നോട്ടു പോയേനേ. എന്നാൽ പിന്നിൽ നിലയുറപ്പിച്ച ഷേപ്പ്കളെ എന്തു ചെയ്യും? അവർ നിന്നു. മനമില്ലാമനസ്സോടെ മടങ്ങി.

## ലോകത്തിൻെറ നെറുകയിൽ പതിനഞ്ചു നിമിഷം

മടക്കത്തിൽ അവക്ക് കാഠ്മാണ്ടുവിൽ വമ്പിച്ച സ്വീകാരം ലഭിച്ചു. ടെൻസിങ്ങിന്നു രാജാവുതന്നെ ''നേപ്പാഠം പ്രതാപ് വദ്ധക്ക്'' മെഡൽ സമ്മാനിയ്ക്കുകയുണ്ടായി. മലമ്പനി കാരണം ടെൻസിങ്ങ് അവശനായിരുന്നു. അയാളെ സ്വിസ്സ്കാർ കാഠ്മാണ്ടുവിൽനിന്നു വിമാനംവഴി പാററ്നയിലെത്തിച്ചു. അവിടെ അമേരിക്കൻ കത്തോലിക്കമിഷ്യൻ നടത്തിവരുന്ന ഹോളി ഫാമിലി ആസ്പത്രിയിൽ അയാഠം പത്തു ദിവസത്തോളം കിടന്നു. ഡാർജിലിങ്ങിൽ മടങ്ങിയെത്തിയപ്പോഠം വീട്ടിലുള്ളവക്കുകൂടി തിരിച്ചറിയാൻ പ്രയാസമായ വിധം അയാഠം അത്ര ക്ഷീണിച്ചിരുന്നു. ''ഒരു കൊല്ലത്തിന്നിടയിൽ രണ്ടു മല കയററം! ഇനി നിങ്ങളിവിടെനിന്നു പുറത്തിറങ്ങുന്നത് എപ്പൊഴാണെന്നു തീച്ച്പ്പെടുത്തുക ഞാനാണ്. ഭ്രാന്തിനുമുണ്ട് ഒരതിര്'' എന്നിങ്ങിനെ ഓങ്ങ്ലാമു ശകാരിച്ചു. ഒന്നും മിണ്ടാതെ ടെൻസിങ്ങ് മെല്ലെ വീട്ടിൽ കടന്നു. ഭാര്യയുമായി അപ്പൊഴൊരു വാദപ്രതിവാദത്തിലേപ്പെടാൻ അയാഠംക്കു ശക്തിയുണ്ടായിരുന്നില്ല. അയാഠം വിശ്രമിച്ചു.

ഇതു 1953—ലാണ്. പാററ്നയിൽ ആസ്പത്രിയിലായിരുന്നപ്പോഠംത്തന്നെ ഒരു പുതിയ ബ്രിട്ടീഷുസംഘമൊന്നിച്ച എവറസ്റ്റിലേയ്ക്കു പോകാൻ മേജർ ചാഠംസ്വൈലി എന്നൊരു ഇംഗ്ലീഷുകാരൻെറ ക്ഷണം അയാഠംക്കു കിട്ടി. ഡാർജിലിങ്ങിൽ എത്തിയതോടുകൂടി ഹിമാലയൻ ക്ലബ്ബിലെ മിസ്റ്റിസ് ഹെൻഡേർസൻ ടെൻസിങ്ങിനെ കണ്ടു, നിശ്ചയമായും പോകണമെന്നു നിബ്ബന്ധിച്ചു. ക്ഷീണം തീരെ ശമിച്ചിരുന്നില്ല, ഭാര്യയുടെ എതിപ്പും. പണമില്ലാത്തതുകൊണ്ടുള്ള പലവിധം ബുദ്ധിമുട്ടുകഠം അയാളെ പുറപ്പെടാൻ പ്രേരിപ്പിച്ചു. ആരോഹണസംഘങ്ങളിൽ ചേന്നാൽ പിരിയുന്നതുവരെ ടെൻസിങ്ങിൻെറ ശമ്പളം മാസംപ്രതി 300ക.യാണ്. പ്രത്യേകം ചില ജോലികഠംക്കുള്ള അലവൻസും മാമൂലും വേറെയും. സാധാരണ ഷേപ്പ്കളുടെ ശമ്പളം 100ക. മുതൽ 125ക.വരെയാണ്. ടെൻസിങ്ങിന്നു ജീവഹാനി നേരിടുകയാണെങ്കിൽ 2,000ക. കുടുംബത്തിന്നു പ്രതിഫലമായി ബ്രിട്ടീഷുസംഘം കൊടുക്കും. അതു സ്വിസ്സുകാരനുവദിയ്ക്കുന്നതിൻെറ ഇരട്ടിയാണ്. പണ്ടൊക്കെ ഇതിൻെറ നാലിലൊന്നുമാത്രമേ കിട്ടിയിരുന്നുള്ളു. യുദ്ധം കാരണമാണ് ശമ്പളവും പ്രതിഫലവും മററും ഇങ്ങിനെ വദ്ധിച്ചത്.

ഡാർജിലിങ്ങിൽ രവീന്ദ്രനാഥമിത്ര എന്നൊരു ബങ്കാളിയുവാവ് ഒരച്ചുക്കൂടം നടത്തുന്നുണ്ട്. ടെൻസിങ്ങ് അയാളെ ചെന്നുകണ്ടു് തൻെറ വിഷമങ്ങളറിയിച്ചു. ടെൻസിങ്ങിന്നു വല്ല അപകടവും പിണയുകയാണെങ്കിൽ കുടുംബത്തെ രക്ഷിയ്ക്കാൻ താനൊരു ഫണ്ടു ശേഖരിയ്ക്കുമെന്നു മിത്ര വാഗ്ദാനംചെയ്തു. അയാഠം വിശ്വസിയ്ക്കാവുന്ന ഒരു

ന്നേഹിതനായിരുന്നു.

മിസ്സിസ് ഹെൻഡേർസനും ടെൻസിങ്ങും ഇരുപതു ഷേപ്പ്കളെ സംഘത്തിലേയ്ക്കു ശേഖരിച്ചു. മാച്ച് 1—ാംനു- എല്ലാവരും പുറപ്പെട്ടു. ഷേപ്പ്കളുടെ വക ഗംഭീരമായ ഒരു യാത്രയയപ്പുണ്ടായി. വണ്ണപ്പകിട്ടുള്ള സംഘമായിരുന്നു അത്. മുമ്പുണ്ടായിരുന്ന പല സംഘങ്ങളിൽനിന്നും കിട്ടിയ നാനാവർണ്ണങ്ങളിലുള്ള ഉടുപ്പുകളും കുപ്പായങ്ങളുമാണ് അവർ ധരിച്ചിരുന്നത്. റോക്സാൾവരെ തീവണ്ടിയിൽ പോയി. പിന്നെ കുന്നും മലയും കടന്നു നേപ്പാളിലെത്തി. കാഠ്മാണ്ഡുവിൽ അല്പദിവസം മുമ്പുതന്നെ സംഘാംഗങ്ങൾ എത്തിക്കഴിഞ്ഞിരുന്നു. കേണൽ ഹണ്ടിന്നു പുറമെ മേജർ വൈലി, ഹില്ലാരി, ടോംബോർഡിലോൺ, ഡോക്ടർ ചാൾസ് ഇവാൻസ്, ആൽഫ്രഡ് ഗ്രഗറി, ജോർജ്ജ്ലോ, വിൽഫ്രഡ് നോയ്സ്, ജോർജ്ജ് ബാൻഡ്, മൈക്കേൽ വെസ്മാക്കോട്ട് എന്നിവരായിരുന്നു മലകയററക്കാർ. വൈദ്യസഹായത്തിന്നു ഡോക്ടർ മൈക്കേൽവാഡും ശാസ്ത്രീയഗവേഷണങ്ങൾക്കു ഗ്രിഫിത്ത്പ്യൂവും സിനിമാപടമെടുക്കാൻ ടോംസ്റ്റോബാർട്ടും ഉണ്ടായിരുന്നു. ലണ്ടൻ ''ടൈംസ്'' ലേഖകനായ ജേംസ് മോറീസ്സും സംഘത്തിലെ ഒരംഗമായിരുന്നു. ആരോഹണച്ചെലവിൽ ഒരു ഭാഗം വഹിച്ചത് ''ടൈംസ്''പത്രമാണ്.

കാഠ്മാണ്ഡുവിലെത്തിയ ദിവസംതന്നെ ഒരു ചില്ലറക്കുഴപ്പമുണ്ടായി. സായിപ്പന്മാർക്ക് അവിടത്തെ ബ്രിട്ടീഷ് പ്രതിനിധിമന്ദിരത്തിലാണ് താമസത്തിന്നേർപ്പാടുചെയ്തത്. ഷേപ്പ്കൾക്ക് അതിനോടു ചേർന്നുള്ള മോട്ടോർഷെ

ങ്ങിലും. ഉറക്കത്തിന്നോ നിത്യകമ്മങ്ങാംക്കോ അവിടെ സൌകര്യമുണ്ടായിരുന്നില്ല. ഷേപ്പ്കാം പ്രതിഷേധിച്ചു. ടെൻസിങ്ങ് അവരുടെ ആവലാതികാം സംഘനേതാവിനെ അറിയിച്ചു. രാത്രിയായതുകൊണ്ടു പെട്ടെന്നു മാററങ്ങാംക്കൊന്നും തരപ്പെട്ടില്ല. ടെൻസിങ്ങ് പല നയങ്ങളും പ്രയോഗിച്ചു അവരെ ഒരുവിധം സമാധാനിപ്പിച്ചു. പിറേറ ദിവസം രാവിലെ ഷെഡ്ഡിന്നുമുമ്പിലുള്ള റോഡ് മുഴുവൻ അവർ മലമൂത്രവിസർജ്ജനംകൊണ്ടു വൃത്തികേടാക്കിയതായി കാണപ്പെട്ടു, പ്രതിനിധിമന്ദിരത്തിലെ ഉദ്യോഗസ്ഥന്മാക്കു കോപം വന്നു. അവർ ഷേപ്പ്കളോടു നീണ്ട ഒരു പ്രസംഗംചെയ്തു. അതുകൊണ്ടു ഗുണമൊന്നുമുണ്ടായില്ല. അവർ മുഖം വീപ്പിച്ചുതന്നെയിരുന്നു.

സംഘം വളരെ വലുതായിരുന്നതുകൊണ്ടു രണ്ടു പങ്കായിട്ടാണ് പുറപ്പെട്ടത്. ഒന്നാം സംഘത്തിലായിരുന്നു ടെൻസിങ്ങ്. ക്യാമ്പു തോറും സാമാനങ്ങളെത്തിക്കേണ്ട ചുമതല അയാാംക്കാണ്. ഷേപ്പ്കളെക്കൊണ്ടു അയാാം പൊറുതിമുട്ടി. അവർ വഴിനീളെ പിറുപിറുത്തുകൊണ്ടിരുന്നു. ഒരിക്കലൊന്നിനെക്കുറിച്ചാണെങ്കിൽ അടുത്തു മറെറാന്നിനെക്കുറിച്ചായിരിക്കും ആവലാതി. അവരെ ആശ്വസിപ്പിക്കാൻ ടെൻസിങ്ങ് നന്നേ പാടുപെട്ടു. മാച്ച് 25—ാംനു സംഘം നാംചേ ബസാറിലെത്തി. അവിടെ അവക്ക് ഈ പ്രാവശ്യവും വലിയൊരു സ്വീകാരം ലഭിച്ചു. അവിടെനിന്നു ത്യാങ്ബോച്ചേ വിഹാരത്തിലേക്കാണ് പോയത്. അതായിരുന്നു അവരുടെ അടിവാരസങ്കേതം.

**ടെൻസിങ്ങ്**

ത്യാങ്ങ്ബോച്ചേയിൽനിന്നു നേരിട്ട എവറസ്റ്റിലേയ്ക്കു പോകുന്നതല്ല നല്ലതെന്നു കേണൽ ഹണ്ട് തീച്ചപ്പെട്ടുത്തി. അതിന്നുമുമ്പു കൂടെ കൊണ്ടുപോകുന്ന യന്ത്രസാമഗ്രികളൊന്നു പരീക്ഷിച്ചുനോക്കാം; കയററക്കാൎക്കു തെല്ലൊരു പരിശീലനവും കൂട്ടത്തിലാവാമെന്നു് അദ്ദേഹമുറച്ചു. ടെൻസിങ്ങും, ഹണ്ടും, ലോവും, ഗ്രഗറിയും അഞ്ചു് ഷേർപ്പകളും നപ്ത്സേഹിമാനിയിലേയ്ക്കു പുറപ്പെട്ടു. അവർ മഞ്ഞിൻപടവു വെട്ടിയും ജീവവായു ടാങ്ക് ഉപയോഗിച്ചും ഒരാഴ്ച കൊണ്ടു് 17,000 അടി കയറി; പിന്നെ ത്യാങ്ങ്ബോച്ചേയിലേയ്ക്കുതന്നെ മടങ്ങി. അപ്പൊഴെയ്ക്കു് അവിടെ വല്ലാത്ത തിരക്കും ബഹളവുമായിരുന്നു. സംഘാംഗങ്ങൾക്കും പോർട്ടർമാൎക്കും പുറമെ അനേകശതം ഷേർപ്പകളും ഷേർപ്പാനികളും അവിടെ തടിച്ചുകൂടിയിരുന്നു. അതൊരു ചെറിയ പട്ടണംപോലെ തോന്നി. ഹിമപ്രവാഹമാൎഗ്ഗത്തിലേയ്ക്കു് കുറേപ്പേർ, ചുമട്ടു പേറാനൊരു പ്രത്യേകസംഘം, ജീവവായു ടാങ്കുകൾ, റേഡിയോ ഫോട്ടോഗ്രാഫി, ഔഷധങ്ങൾ എന്നിവയുടെ മേൽനോട്ടത്തിന്നൊരുകൂട്ടം ആളുകൾ വേറെ, ഇങ്ങിനെയായിരുന്നു ഏൎപ്പാട്. ഒന്നാമതു് അംഗങ്ങളുടെ ദേഹപരിശോധന നടന്നു. ഏദ്രോഗമുള്ളവരെ അധികം ഉയരം കയറാനനുവദിയ്ക്കുയില്ല. അങ്ങിനെ ഏതാനും ഷേർപ്പകളെ മുകളിലേയ്ക്കുള്ള സംഘത്തിൽനിന്നു പുറം തള്ളി. തപ്പാലുകൾ ആഴ്ചയിലൊരു തവണ അവൎക്കു കിട്ടിക്കൊണ്ടിരുന്നു. ആദ്യമായി ഹിമപ്രവാഹതടത്തിലേയ്ക്കാണ് അവർ നീങ്ങിയതു്. അവിടേയ്ക്കു് സ്വിസ്സ്കാർ കണ്ടെത്തിയ വഴി മഞ്ഞുകൊണ്ടു മൂടിയിരുന്നു. പുതിയ വഴിയിൽ മടക്കത്തിൽ മാറിപ്പോകാതിരിപ്പാൻ അടുത്ത

ട്ടത്തായി നീളമുള്ള കുററികരം നാട്ടി. പടവുകരം വെട്ടുക, കയറുകരം കെട്ടുക, അഗാധമായ മഞ്ഞിൻവിടവുകരംക്ക മീതെ ഏണികളും പാലങ്ങളുമിടുക മുതലായ ജോലികരം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഹിമതടത്തിലെ രണ്ടാം ക്യാമ്പിലും മലഞ്ചെരിവിലെ മൂന്നാം ക്യാമ്പിലും ഷേപ്പകരം വരിവരിയായി പല സാധനസാമഗ്രികരം കൊണ്ടുവന്നു നിറച്ചുതുടങ്ങി. ദേഹസ്ഥിതി തൃപ്തികരമാണെങ്കിൽ കൊടുമുടിയിലേയ്ക്കുള്ള സംഘത്തിൽ ടെൻസിങ്ങിനെയും ഉരംപ്പെടുത്താമെന്നു ആദ്യംതന്നെ കേണൽ ഹണ്ട് ഏററിരുന്നു. ഡോക്ടർ പരിശോധിച്ചതിൽ അയാരംക്ക് ഒരു കേടും കണ്ടില്ല. ടെൻസിങ്ങ് ഹില്ലാരിയുമൊന്നിച്ചാണ് കയറാൻ തുടങ്ങിയത്. അവർ തമ്മിലുള്ള യോജിപ്പും പൊരുത്തവും ഹിമതടത്തിൽവെച്ചുണ്ടായ ഒരു സംഭവം തെളിയിച്ചു. അവർ ഒന്നാം ക്യാമ്പിൽനിന്നു് രണ്ടാം ക്യാമ്പിലേയ്ക്കു് കയറുകയായിരുന്നു. മുമ്പിൽ പോകുന്ന ഹില്ലാരിയുടേയും അടുത്തു പിന്നിലായിരുന്ന ടെൻസിങ്ങിൻെറയും അരകരം ഒരു കയർകൊണ്ടു ബന്ധിച്ചിരുന്നു. അവർ ഒരു ഹിമഭിത്തിമേൽ പടവുകരം വെട്ടി മെല്ലെ മെല്ലെ ചുററിക്കൊണ്ടു കയറുകയാണ്. പെട്ടെന്നു ഹില്ലാരി നിന്നിരുന്ന പടവ് അടന്നുപോയി. അയാരം അഗാധമായ ഒരു വിടവിലേയ്ക്കു തലകുത്തനെ വീണു. ഭാഗ്യവശാൽ അവരെ ബന്ധിച്ച കയറിന്നു് അധികം നീളമുണ്ടായിരുന്നില്ല. ടെൻസിങ്ങിന്നു പെട്ടെന്നു തൻെറ മഴു ശക്തിയിൽ വീശി മഞ്ഞിൽ വെട്ടിയുറപ്പിയ്ക്കാൻ കഴിഞ്ഞു. തൻെറ അരയിൽ കയറിന്നററത്തു പതിനഞ്ചടി താഴെ തൂങ്ങിയാടുന്ന ഹില്ലാരിയെ അയാരം ഒരു

കയർകൊണ്ടു പതുക്കെവലിച്ചുകയററി. അപ്പോഴെയ്ക്ക് അയാളുടെ കയ്യുറ കീറിപ്പോയി, കൈയ്ക്കു ചില്ലറ ഉരവും പൊട്ടുമൊക്കെ പററിയതേ ഉള്ളു.

പടിഞ്ഞാറൻചുരത്തിൽ അവർ മൂന്നും നാലും അഞ്ചും ക്യാമ്പുകഠം സ്ഥാപിച്ചു. ഇവയെല്ലാം മുമ്പു സ്വിസ്സുകാരടിച്ച തമ്പുകഠംക്കടുത്താണ്. അന്നവർ മടങ്ങിപ്പോകാനുള്ള തിരക്കിൽ നാലാം ക്യാമ്പിൽ വളരെയധികം ഭക്ഷണസാധനങ്ങളും സാമഗ്രികളും ഉപേക്ഷിച്ചിരുന്നു. ടെൻസിങ്ങും ഹില്ലാരിയും അതൊക്കെ മഞ്ഞിന്നടിയിൽനിന്നു മാന്തിയെടുത്തു. ഭക്ഷണസാധനങ്ങഠംക്കു പുറമെ വിറകും ജീവവായു ടാങ്കുകളും ബൂട്ട്സുകളും തമ്പുകളും മററു പല സാധനങ്ങളും അക്കൂട്ടത്തിൽ പെട്ടിരുന്നു.

ടെൻസിങ്ങും ഹില്ലാരിയും പടിഞ്ഞാറൻചുരത്തിലായിരുന്നപ്പോഠം മററു സായിപ്പന്മാരും ഷേപ്പകളും തെക്കൻചുരം കയറുകയായിരുന്നു. അവക്കു ലോട്ട്സേ വിതാനത്തിൽനിന്നു വിലങ്ങനെ ജനീവാമടക്കിലൂടെ കയറി രണ്ടു ക്യാമ്പുകഠം സ്ഥാപിയ്ക്കാൻ കഴിഞ്ഞു. ഇതിന്നു മൂന്നാഴ്ചയോളം പിടിച്ചു. മേലോട്ടു ചെല്ലുന്തോറും കയററക്കാരുടെ വേഗം കുറഞ്ഞുവന്നു. പരിചയമില്ലാത്തവക്കു പലവിധം അസ്വാസ്ഥ്യങ്ങളനുഭവപ്പെട്ടു. സംഘത്തിലെ ഏററവും പ്രായംകുറഞ്ഞ മൈക്കേൽ വെസ്റ്റ് മാക്കോട്ടും ജോജ്ജ്ബാൻഡും മടങ്ങി. അധികമധികം ഉയരത്തിലെത്തുന്തോറും ക്ഷീണം, ദേഹം മരവിയ്ക്കൽ, ശ്വാസംമുട്ടൽ, കഠിനമായ തലവേദന, തൊണ്ടവേദന, ഛർദ്ദി, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ എന്നിവയാണ് മിക്കവക്കും അനുഭവപ്പെടുക. ബ്രിട്ടീഷുകാരെല്ലാം ഉറക്കത്തിന്നുള്ള

ഗ്ഗുളികകരം കൂടെ കരുതിയിരുന്നു. കൊടുമുടി കയറുമ്പോരം രോഗങ്ങളെ അകററിനിത്താനുള്ള ഒരുപായം എപ്പൊഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിയ്ക്കുയാണ്. പണിയൊന്നു മില്ലെങ്കിൽ കൈകാലുകരം വീശിക്കൊണ്ടെങ്കിലുമിരിയ്ക്കു ണം. ഉറക്കമില്ലായ്മ ടെൻസിങ്ങിന്നുണ്ടായിട്ടില്ല. ചില പ്പൊഴൊക്കെ തൊണ്ടവേദനയുണ്ടാവും. ചൂടുവെള്ളത്തിൽ ഉപ്പുകലക്കി കലുക്കഴിഞ്ഞാൽ അതു സുഖപ്പെടും. വളരെ ഉയരത്തിലെത്തിയാൽ വിശപ്പു തീരെയുണ്ടാകയില്ല. ക്ഷീണം കൂടാതെകഴിയ്ക്കാൻ, വേണ്ടെങ്കിലും എന്തെങ്കിലും ഭക്ഷിച്ചുകൊണ്ടിരിയ്ക്കണം. വായുവിൻെറ വരാംച്ചകാര ണം ദാഹം കലശലായിരിയ്ക്കും. ഇതിന്നു മഞ്ഞു തിന്നു ന്നതും തണുത്ത മഞ്ഞുവെള്ളം കുടിയ്ക്കുന്നതും നന്നല്ല. ഇതു വരാംച്ച വദ്ധിപ്പിയ്ക്കുകമാത്രമല്ല, ചിലപ്പോരം തൊണ്ട വേദനയുണ്ടാക്കുകയും ചെയ്യും. ചായയോ കാപ്പിയോ സൂപ്പോ നല്ലതാണ്. എന്നാൽ ഇതിലെല്ലാററിലും ഗ്ഗുണംകൂടിയത് ചെറുനാരങ്ങസ്സത്താണ്. അതു ചൂടുവെ ള്ളത്തിൽ പഞ്ചസാര ചേത്തുകഴിയ്ക്കാം.

ലോട്ട്സേ വിതാനത്തിലെ ജോലി മുറയ്ക്കു നടന്നുകൊ ണ്ടിരുന്നു. തെക്കൻചുരത്തിലേയ്ക്കുള്ള വഴിയ്ക്ക് ആറും ഏഴും ക്യാമ്പുകരം പണിതു. ചിലപ്പോരം ശക്തിമത്തായ കൊ ടുങ്കാററുണ്ടാവും. അപ്പോരം അവർ പണിയെല്ലാം നിത്തി ക്യാമ്പിന്നുള്ളിൽ അഭയംപ്രാപിയ്ക്കും. വിചാരിച്ചപോ ലെ എല്ലാം നടന്നെന്നുവരില്ല. അപ്പോരം കേണൽ ഹണ്ട് ഹിന്ദിയിൽ ശകാരവഷം തുടങ്ങും.

ആരോഹണ പുരോഗതി ആകപ്പാടെ തൃപ്തികരമായി രുന്നു. മെയ് 20-ാംനു- ആകുമ്പൊഴെയ്ക്കു തെക്കൻ ചുര

ത്തിൽ പ്രവേശിയ്ക്കാമെന്ന ഘട്ടമായി. എല്ലാററിലും മുമ്പിൽ വിൽഫ്രഡ്ഡ് നോയ്സും പതിനാറു ഷേപ്പ്കളുമായിരുന്നു. 21-ാംനു- രാവിലെ അവർ പുറപ്പെട്ടു. ടെൻസിങ്ങും ഹില്ലാരിയും മററും വളരെ താഴെ നാലാം ക്യാമ്പിൽനിന്നു ദൂരദർശിനിയിലൂടെ നോക്കിയപ്പോൾ രണ്ടു പേർ മാത്രം മുന്നോട്ടു നീങ്ങുന്നതേ കണ്ടുള്ളു—വിൽഫ്രഡ്ഡ് നോയ്സും ഷേപ്പ്ത്തലവനും. ടെൻസിങ്ങും ഹില്ലാരിയും ജീവവായു ടാങ്കുപയോഗിച്ചു അതിവേഗത്തിൽ കയറി വൈകുന്നേരമാകുമ്പോഴെയ്ക്കു ലോട്ട്സേ വിതാനത്തിൽ ഏഴാം ക്യാമ്പിലെത്തിച്ചേർന്നു. അപ്പൊഴെയ്ക്കു നോയ്സും ചങ്ങാതിയും മുന്നോട്ടുപോകാൻ നിവ്വാഹമില്ലാതെ അവിടെ തിരിച്ചെത്തിയിരുന്നു. സംഘത്തിലുള്ള ഷേപ്പ്കളെല്ലാം പലവിധം രോഗങ്ങൾ പിടിപെട്ടു കിടപ്പിലായി. അന്നു രാത്രി ഏഴാം ക്യാമ്പിലുള്ള ഏതാനും തമ്പുകൾക്കുള്ളിൽ അവർ പത്തൊമ്പതു പേർ ഞെരുങ്ങി കഴിച്ചുകൂട്ടി.

ഇനി കൊടുമുടിയിലേയ്ക്കുള്ള പുറപ്പാടായി. തെക്കൻ ചുരത്തിൽ ഒന്നാമതു കേണൽ ഹണ്ടും ഷേപ്പ്മാരും കയറണം, ബോർഡിലോണും ഇവാൻസും അവരെ പിന്തുടരണം—അതായിരുന്നു നിശ്ചയം. ഒരു ദിവസം കഴിഞ്ഞു ടെൻസിങ്ങും ഹില്ലാരിയും പുറപ്പെടണം. ഒന്നാം സംഘത്തിന്നു വഴിയ്ക്കു വല്ല തടസ്സവും നേരിടുകയാണെങ്കിൽ, അവർ മടങ്ങി ടെൻസിങ്ങിനെയും ഹില്ലാരിയെയും അവസാന പരിശ്രമത്തിന്നയയ്ക്കണം. അങ്ങിനെ ൊയ് 23-ാംനു- ബോർഡിലോൺ—ഇവാൻസ് സംഘം തെക്കൻ ചുരം കയറാൻ തുടങ്ങി. 25-ാംനു- ടെൻസിങ്ങും ഹില്ലാരിയും അവരെ പിന്തുടന്നു. ടെൻസിങ്ങി

ൻെറ ഹിമമഴവിന്മേൽ നാലു പതാകകഠം ചുററിക്കെട്ടിയിരുന്നു. അവയിലൊന്നു കാഠ്മാണ്ടുവിൽനിന്നു സമ്മാനിയ്ക്കപ്പെട്ട നേപ്പാഠംക്കൊടിയാണ്. രണ്ടെണ്ണം—ബ്രിട്ടൻെറയും ഐക്യരാഷ്ട്രങ്ങളുടെയും—സംഘംവകയും, നാലാമത്തേതു്, ഇന്ത്യൻപതാക, ഡാർജിലിങ്ങിൽവെച്ചു രവിന്ദ്രനാഥമിത്ര കൊടുത്തതും.

ടെൻസിങ്ങും ഹില്ലാരിയും ഏതാണ്ടു കുത്തനെ തെക്കൻ ചുരം കയറിത്തുടങ്ങി. അവർ ജീവവായു ലോഭം കൂടാതെ ഉപയോഗിച്ചു. ആ വായുയന്ത്രത്തിന്നു രണ്ടുതരം കുഴലുകളുണ്ടു്. ഒന്നു 'ക്ലോസ്ഡ് സക്ക്യൂട്ട്' മാതൃകയാണ്. അതിലൂടെ ജീവവായു മാത്രമേ കിട്ടൂ. മറേറതു ''ഓപ്പൻ സക്ക്യൂട്ടാ''ണ്. അതുവഴി സാധാരണ വായുവോടു കലൻ ജീവവായുവാണ് കിട്ടുക. ബോർഡിലോണും ഇവാൻസും ''ക്ലോസ്ഡ്മാതൃക'' ഉപയോഗിച്ചു. ടെൻസിങ്ങും ഹില്ലാരിയും മറേറതും. രാത്രി ഉറങ്ങാൻ കിടക്കുമ്പൊഴും അവർ ഇതുപയോഗിച്ചിരുന്നു. ടെൻസിങ്ങും ഹില്ലാരിയും ചുരത്തിൽ അല്പം വഴികയറുമ്പൊഴെയ്ക്കു മുമ്പിൽ പോയിരുന്ന കേണൽ ഹണ്ടു് ഒരു ഷേപ്പയൊന്നിച്ചു തിരിച്ചുവരുന്നതു കണ്ടു. അവർ വല്ലാതെ ക്ഷീണിച്ചിരുന്നു. ഹണ്ടു് നില്ക്കാൻ വയ്യാതെ വീണുപോയി. ടെൻസിങ്ങ് നാരങ്ങവെള്ളം കൊടുത്തു അദ്ദേഹത്തെ അടുത്തുണ്ടായിരുന്ന ഒരു തമ്പിൽ കൊണ്ടുചെന്നു കിടത്തി. ഹണ്ടും സംഘവും 27,350 അടിവരെ കയറിയിരുന്നു—കഴിഞ്ഞകൊല്ലം ലാംബർട്ടും ടെൻസിങ്ങും കയറിയതിനേക്കാഠം 200 അടി കൂടുതൽ. 28,000 അടിവരെയെങ്കിലും കയറണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആശ. എന്നാൽ

കൊണ്ടുപോയ സാധനങ്ങളെല്ലാം എത്തിയേടത്തിട്ടു മടങ്ങുകയാണുണ്ടായത്.

ബോർഡിലോണും ഇവാൻസും തിരിച്ചുവരുന്നതും കാത്തു ടെൻസിങ്ങും ഹില്ലാരിയും ഇരിപ്പായി. ഇടയ്ക്കിടെ അവർ മേലോട്ടു നോക്കിക്കൊണ്ടിരുന്നു. ഉച്ചതിരിഞ്ഞതോടുകൂടി രണ്ടുപേർ വളരെ അകലെ കുത്തനെയുള്ള ഹിമഭിത്തിയിലൂടെ പതുക്കെ ഇറങ്ങിവരുന്നതു കണ്ടു. അവരും അവശരായിരുന്നു. കൊടുമുടിയുടെ അററം കാണാൻ അവക്കും കഴിഞ്ഞില്ല. തെക്കൻ ചുരത്തിൻെറ അററത്തെത്താൻപോലും സാധിച്ചില്ല. എന്നാലും അതുവരെ മനുഷ്യരെത്തീട്ടില്ലാത്തത്ര ഉയരത്തിൽ അവരെത്തി. ഇരുവക്കും ദാഹംകൊണ്ടു തൊണ്ട പൊട്ടുന്നുണ്ടായിരുന്നു. ധാരാളം വെള്ളം കുടിച്ച് അവർ കുറെ നേരം വിശ്രമിച്ചു. അന്നു രാത്രി ചുരത്തിൽ ടെൻസിങ്ങും ഹില്ലാരിയുമുൾപ്പെടെ പത്തു പേർ മൂന്നു തമ്പുകളിലായി കിടന്നുറങ്ങി. പിറേറദിവസം പുലച്ചെ പുറപ്പെടണമെന്നായിരുന്നു തീരുമാനം. പക്ഷേ എങ്ങിനെ പുറപ്പെടാനാണ്? രാത്രി മുഴുവൻ കൊടുങ്കാററു വീശിക്കൊണ്ടിരുന്നു. വെളിച്ചമായിട്ടും അതിന്നു ശമനം കണ്ടില്ല. ഉച്ചയായതോടുകൂടി അതിൻെറ ശക്തി അല്പമൊന്നു കുറഞ്ഞു. എന്നാലും പുറത്തിറങ്ങാൻ വയ്യായിരുന്നു. അന്നു രാത്രിയും തമ്പിൽത്തന്നെ അവർ കഴിച്ചുകൂട്ടി.

മെയ് 28—ാംനു- നേരം പുലന്നു. അപ്പോഴും കൊടുങ്കാററുതന്നെ. എട്ടുമണിയായപ്പോഴം അതിൻെറ ഊക്കൽപ്പൊന്നു കുറഞ്ഞതുപോലെ കണ്ടു. ടെൻസിങ്ങും ഹില്ലാരിയും അന്യോന്യം നോക്കി തല കുലുക്കി. അവർ വീണ്ടും പുറപ്പെട്ടു. ഒമ്പതു മണിക്കുള്ളിൽ മുമ്പു ലോവും ഗ്രഗ

റിയും ഒരു ഷേപ്പ്യും മഞ്ഞിൽ പടവുകരം വെട്ടി വഴി ശരിപ്പെടുത്താൻ മുന്നിട്ടുപോയി. തെക്കൻ ചുരത്തിൽ മഞ്ഞു മൂടി കുത്തനെയുള്ള പാറയ്ക്കുപ്പുറം കിഴക്കാന്തൂക്കായ ഹിമഭിത്തിയിലൂടെ തെക്കെപടിഞ്ഞാറൻ ശിഖരത്തിലേയ്ക്കു് അവർ പ്രവേശിച്ചു. ഇരുവശത്തും അഗാധമായ അടിവാരങ്ങളായിരുന്നെങ്കിലും നടന്നുപോകത്തക്ക വീതി അതിന്നുണ്ടായിരുന്നു. നനുത്ത മഞ്ഞിൽ കാൽ വഴുതിപ്പോകാതെ സൂക്ഷിച്ചാൽ മതി. കഴിഞ്ഞ കൊല്ലം സ്വിസ്സുകാർ സ്ഥാപിച്ച അവസാനത്തെ തമ്പിനപ്പുറം 200 അടി വരെയാണ് രണ്ടു ദിവസം മുമ്പ് കേണൽ ഹണ്ട് കയറിയത്. അവിടെ പിന്നാലെ വരുന്നവരുടെ ഉപയോഗത്തിന്നു് അദ്ദേഹം തമ്പും ഭക്ഷണസാധനങ്ങളും ജീവവായു ടാങ്കുകളുമെല്ലാം ഇട്ടുപോന്നിരുന്നു. അവകൂടി എടുത്തപ്പോരം ടെൻസിങ്ങിൻെറയും ഹില്ലാരിയുടെയും ചുമട് അറുപതു റാത്തലോളമായി. അവരുടെ ഗതിയിപ്പോരം നേരെ കുത്തനെയാണ്. വളരെ മെല്ലെയേ കയറാൻ കഴിയുന്നുള്ളു. പാറയുടെ ചുററും കല്പിച്ച മഞ്ഞ്. അതിൽ പടവുകരം വെട്ടേണ്ടിവന്നു. ഇപ്പണി അധികവും മുമ്പിൽ നടന്ന ലോ ആണ് ചെയ്തിരുന്നത്. എന്നാൽ രണ്ടുമണിയായപ്പോഴേയ്ക്കും എല്ലാവക്കും കഠിനമായ തളച്ചയായി. തമ്പടിച്ചു വിശ്രമിയ്ക്കണമെന്നു തോന്നി. അതിന്നൊരൊഴിവുസ്ഥലം കിട്ടാൻ പിന്നെയും കുറെ കയറേണ്ടിവന്നു. ടെൻസിങ്ങ് മുമ്പിൽ നടന്നു. ആദ്യം നേരിയൊരു ഹിമത്തട്ടിലൂടെ നടന്നു അല്പം ഇടത്തോട്ട് തെററി കുത്തനെയുള്ളൊരു ഹിമക്കുമ്പാരം വിലങ്ങനെ കടന്നു ഒരൊഴിവുസ്ഥലത്തെത്തിച്ചേൻു. ഇതിന്നു് അധികസമയം വേണ്ടിവന്നു. അവർ ചുമടുകളെല്ലാം

അവിടെ ഇറക്കി. ടെൻസിങ്ങിന്നും ഹില്ലാരിയ്ക്കും വിജയമാശംസിച്ചുകൊണ്ടു ലോവും ഗ്രഗറിയും ഷേപ്പ്യയും മടങ്ങി. ടെൻസിങ്ങും ഹില്ലാരിയും മാത്രമായി.

അപ്പൊഴെയ്ക്കു ഉച്ച തെററിയിരുന്നു. അവരിപ്പോഠം 27,900 അടി ഉയരത്തിലാണ്. ലോകത്തിലേയ്ക്കുവെച്ച് ഏററവും ഉയരമുള്ള കൊടുമുടികളിൽ നാലാമത്തേതാണ് ലോട്ട്സേ. ടെൻസിങ്ങും ഹില്ലാരിയും കയററം തുടങ്ങിയതുമുതൽ, ഹിമംകൊണ്ടു മൂടിയ അതിൻെറ അററം കാണാൻ ദിവസേന മേലോട്ടു നോക്കാറുണ്ട്. ഇന്നവർ അതിന്നു താഴോട്ടാണ് നോക്കിയത്. തെക്കുകിഴക്ക് വമ്പിച്ച മകാലു കൊടുമുടിയും വളരെ കിഴക്ക് കാഞ്ചനജംഘയും തലയ്ക്കുനേരെ മീതെ ആകാശത്തിലേയ്ക്കുയന്നു പോകുന്ന എവറസ്റ്റുമൊഴികെ ചുററുപാടും അനേകശതം നാഴികയോളം സവ്വവസ്തുക്കളും അവർക്കെത്രയോ കീഴെയായി.

മനുഷ്യന്നു ഇന്നോളം സാധിച്ചതിൽ ഏററവും ഉയരത്തിലുള്ള അവസാനക്യാമ്പ് അവരവിടെ സ്ഥാപിച്ചു. അതിൻെറ പണി ഇരുട്ടാകുന്നതുവരെ നീണ്ടുനിന്നു. ഉറങ്ങാനുള്ള സ്ഥലം ശരിപ്പെടുത്താൻ കൂത്തുമൂത്ത മഞ്ഞിൻകട്ടികഠം വെട്ടിനിരത്തുകയാണ് ഒന്നാമതു ചെയ്തത്. ശീലയും കയറുമെല്ലാം മരവിച്ചിരുന്നു. അവ നിവത്തിക്കെട്ടി ശരിപ്പെടുത്താൻ സാധാരണയിലും അഞ്ചിരട്ടി സമയം വേണ്ടിവന്നു. കാററു വീശിക്കൊണ്ടിരുന്നു; അതിന്നു വലിയ ശക്തിയുണ്ടായിരുന്നില്ല. ഹില്ലാരി ജീവവായു ടാങ്കുകഠം പരിശോധിച്ചു. ടെൻസിങ്ങ് ചൂടുള്ള കാപ്പി തെയ്യാറാക്കി. അവർ കാപ്പിയും നാരങ്ങവെള്ളവും ഒട്ടകങ്ങളെപ്പോലെ കുടിച്ചു. ധാരാളം സൂപ്പും

മത്തിയും ബിസ്കറ്റും പഴങ്ങളും കഴിയ്ക്കുകയും ചെയ്തു.

കിടക്കാൻ മഞ്ഞു വെട്ടി തെയ്യാറാക്കിയ സ്ഥലം നിരപ്പായിരുന്നില്ല. പകുതി സ്ഥലം മറേറ പകുതിയെക്കാരം ഒരടി കൂടുതലുയൻറിരുന്നു. ഹില്ലാരി തൻെറ ഉറക്കസ്സഞ്ചി ഉയൻ സ്ഥലത്ത് വിരിച്ചു: താണ സ്ഥലത്ത് ടെൻസിങ്ങും. ഇരുവരും സഞ്ചികളിൽ കടന്നുകൂടിയശേഷം തമ്പിൻെറ കാൻവസ്സ് കാററിൽ പറക്കാതിരിയ്ക്കാൻ അത് വലിച്ച് പിടിച്ച് അതിന്മേൽ ചുരുണ്ടു കിടന്നു. കാററിന്ന് വലിയ ശക്തി കണ്ടില്ല. എന്നാൽ ഇടയ്ക്കിടെ ഭയങ്കരമായ ഓരോ മൂളൽ കേരംക്കാം. അതോടെ തമ്പും അതിൽ കിടക്കുന്നവരുമെല്ലാം അഗാധതയിലേയ്ക്കു പാറിപ്പോകുമെന്ന് തോന്നിപ്പോയി. കടലിരണ്ടുത്തുവൽ കൊണ്ടുണ്ടാക്കിയ ഉറക്കസ്സഞ്ചികളിൽ, വസ്ത്രങ്ങളെല്ലാം ധരിച്ചുകൊണ്ടാണ് അവർ കിടന്നത്. ടെൻസിങ്ങ് ധ്രുവമാൻതോലുകൊണ്ടുള്ള തൻെറ ബൂട്ട്സ് ഊരിയില്ല. കാരണം അത് രക്തസഞ്ചാരത്തിന്ന് നല്ലതാണെന്ന് അയാരം കേട്ടിരുന്നു. ഹില്ലാരി ബൂട്ട്സ് ഊരിവെച്ചു. അവർ കുറെ നേരം ഇരുട്ടിൽ പിറേറ ദിവസത്തെ പരിപാടികളെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു. മണിക്കൂറുകരം കഴിഞ്ഞു. ടെൻസിങ്ങ് അല്പനേരമൊന്നു മയങ്ങീട്ടുണ്ടാവണം. ഉണരുമ്പൊഴെല്ലാം അയാരം ചെവിയോർത്തുനോക്കും. അദ്ധരാത്രിയോടുകൂടി കാററ് തീരേ ശമിച്ചു. പുലച്ചേ മൂന്നരമണിയ്ക്കുവർ എഴുന്നേററു. നാരങ്ങവെള്ളവും കാപ്പിയുമുണ്ടാക്കാൻ ടെൻസിങ്ങ് മഞ്ഞു തിളപ്പിച്ചു. ഇരുവരും പ്രാതൽ കഴിച്ചു. വെളിച്ചമായതോടുകൂടി അവർ തമ്പിൻെറ ഒരു ഭാഗം നീക്കി പുറത്തേയ്ക്കു നോക്കി. പതിനാറായിരം അടി താഴെ ഒരു പൊട്ടുപോലെ കണ്ടിരുന്ന ത്യാങ്ങ്

ബോച്ചേ വിഹാരം ടെൻസിങ്ങ് തൻെറ ചങ്ങാതിയ്ക്കു് കാട്ടിക്കൊടുത്തു. "എൻെറ അച്ഛനമ്മമാരുടെ ദൈവമേ, ഇന്നെങ്കിലും എന്നിൽ കനിഞ്ഞരുളണേ!" എന്നു ഹൃദയ പൂർവ്വം പ്രാർത്ഥിച്ചു.

നേരം പുലർന്നതോടെ അവരുടെ ദൃഷ്ടിയിൽ പെട്ടതു് അസുഖകരമായ ഒരു കാഴ്ചയാണു്. രാത്രി മുഴുവൻ പുറത്തിട്ടിരുന്ന ഹില്ലാരിയുടെ ബൂട്ട്സ് മരവിച്ചുപോയി. അവ രണ്ടു് കറുത്ത ഇരുമ്പിൻ കട്ടകളാണെന്നു തോന്നി. ഒരു മണിക്കൂറോളം അവയെ അടുപ്പിന്നു് മീതെ വെച്ചു ചൂടാക്കി, പിന്നെ പിടിച്ചുവലിച്ച് കൈ മടക്കികുത്തി നോക്കി. അങ്ങിനെ വളരെ നേരത്തെ അദ്ധ്വാനത്തിന്നു ശേഷം ഒരുവിധം മയപ്പെടുത്താൻ സാധിച്ചു. ഹില്ലാരിയ്ക്കു് ആശ്വാസമായി. അവർ പുറപ്പാടിന്നുള്ള മററൊരുക്കങ്ങളിൽ വ്യാപൃതരായി. ടെൻസിങ്ങിൻെറ ബൂട്ട്സ് സ്വിസ്സ്കാർ സമ്മാനിച്ചതാണു്; വിൻഡ്ജാക്കററും മററു പല ഉപകരണങ്ങളും ബ്രിട്ടീഷുകാരുടെ വകയും. സ്റ്റോക്കിങ്ങ്സ് ഓങ്ങ്ലാമു സ്വന്തം കൈകൊണ്ടു് തുന്നിയുണ്ടാക്കിയതാണു്; സ്വററർ മിസിസ് ഹെൻഡേർസൻ കൊടുത്തതും. തലയിൽ ധരിച്ച ഹെൽമെററ് ഏറംഡെൻമാൻ പണ്ടെപ്പൊഴോ നൽകിയതാണു്. കഴുത്തിൽ കെട്ടിയ ചുകന്ന കച്ച റെയ്മണ്ടു് ലാംബട്ട് കഴിഞ്ഞ കൊല്ലം സമ്മാനിച്ചതും.

രാവിലെ 6½ മണിയ്ക്കു് ഇരുവരും തമ്പിൽനിന്നു പുറത്തേക്കിഴഞ്ഞു കടന്നു. ആകാശം തെളിഞ്ഞിരുന്നു. കാററ് തീരെയില്ല. നാല്പതു റാത്തൽവീതം കനമുള്ള ജീവവായുയന്ത്രങ്ങളും ഇരുവരും പുറത്തേററി. അതു മാത്രമേ അവരെടുത്തുള്ളു. ഹില്ലാരിയുടെ ബൂട്ട്സ് അപ്പൊഴും

മരവിച്ച നിലയിലായിരുന്നത് കൊണ്ട് അയാറം ടെൻസിങ്ങിനെ പിന്തുടരുകയാണുണ്ടായത്. അവർ ക്യാമ്പിൽനിന്നു തെക്കുകിഴക്കൻ ശിഖരത്തിലേയ്ക്കും പിന്നെ അതിന്മേലൂടെ തെക്കൻ ശിഖരത്തിലേയ്ക്കും കയറിൻെറ സഹായത്തോടുകൂടി പോയി. കുറേ പോയപ്പോറം മുൻകൊല്ലം ടെൻസിങ്ങും ലാംബർട്ടും മടങ്ങിയ സ്ഥാനത്തെത്തി. ടെൻസിങ്ങ് അത് ഹില്ലാരിയ്ക്ക് കാട്ടിക്കൊടുത്തു. ഹില്ലാരിയുടെ കാലിന്നുണ്ടായിരുന്ന അസ്വാസ്ഥ്യം ഒരുവിധം സുഖപ്പെട്ടതോടുകൂടി അവർ കയറിന്മേലുള്ള സ്ഥാനം മാററി. മുമ്പിൽ ഹില്ലാരി നിന്നു, പിന്നിൽ ടെൻസിങ്ങും. സ്ഥാനം ഇങ്ങിനെ ഇടയ്ക്കിടെ മാറിക്കൊണ്ടിരുന്നു. കൊടുമുടി സമീപിച്ചപ്പോറം രണ്ട് ജീവവായുക്കുഴലുകറം കണ്ടെത്തി. അവ ബോർഡിലോണും ഇവാൻസും വിട്ടുപോയതാണ്. അവ നിറയെ വായുവുമുണ്ടായിരുന്നു. ആ കുഴലുകറം അവിടെത്തന്നെ വിട്ട് അവർ കയററം തുടന്നു.

തെക്കൻ ശിഖരത്തിൻെറ തൊട്ടു താഴെ വീതിയുള്ളൊരു മഞ്ഞിൻപരപ്പാണ്. അതുകൊണ്ട് ഇരുവശങ്ങളിലുമുള്ള അഗാധത അവർ കണ്ടില്ല. എന്നാൽ പിൻഭാഗം ഭയങ്കരമായ ഏററക്കുത്താണ്. ഒരു വെൺചുമരിലൂടെയായിരുന്നു അവരുടെ കയററം. മഞ്ഞിന്ന് ഉറപ്പുണ്ടായിരുന്നില്ല. കാൽവെയ്ക്കുമ്പോറം അത് ഉതിർന്നു വീണുകൊണ്ടിരുന്നു. ഏത് നിമിഷത്തിലാണ് താനും ചങ്ങാതിയും അഗാധതയിൽ ലയിച്ചുചേരുക എന്ന് ടെൻസിങ്ങ് ഭയപ്പെട്ടുകൊണ്ടിരുന്നു. ഇത്ര അപകടം പിടിച്ച ഒരു പർവ്വത വിഭാഗം അയാറം മുമ്പൊരിയ്ക്കലും കണ്ടിട്ടില്ല, കയറീട്ടില്ല. ഒമ്പത് മണിയായപ്പോഴെയ്ക്ക് അവർ

എങ്ങിനെയോ തെക്കൻ ശിഖരത്തിൻെറ മസ്തകത്തിലെത്തി. ബോർഡിലോണും ഇവാൻസും കയറിയത് ഇതുവരെയാണ്. ടെൻസിങ്ങും ഹില്ലാരിയും പത്തുമിനിട്ടു നേരം അവിടെ വിശ്രമിച്ചു.

അവർ മേലോട്ടു നോക്കി. ഇനിയുമുണ്ട് മുന്നൂറടി കൂടി കയറാൻ. അതു തനി ചെങ്കുത്താണ്. കയറാൻ പഴുതുമില്ല. ഈ അഗമ്യ ശൃംഗത്തോടു മല്ലിടുക എളുപ്പമല്ല.

അവരുടെ ഇടത്തുവശം പടിഞ്ഞാറൻചുരംവരെ 8,000 അടി ആഴമുള്ള താഴ്‌വാരമാണ്. വലത്തുഭാഗം ഒരു വമ്പിച്ച മഞ്ഞിൻ കമാനവും. മേലോട്ട് അല്പം ഉന്തിനില്ക്കുന്ന അതിൻെറ വക്കത്തു നിന്നു നേരെ നോക്കിയാൽ 10,000 അടി താഴെ കാങ്ങ്ഷങ്ങ് ഹിമാനി കാണാം.

അവർ പിന്നെയും കയറിത്തുടങ്ങി. പടവുകൾ വെട്ടിക്കുറച്ചു കയറിയാൽ കുറച്ചു നില്ക്കും. പിന്നെയും കയറും. ഭയാനകമായ ആ ഹിമഗോപുരം ചുററിക്കൊണ്ടാണ് അവർ കയറിയത്. കുറെ കയറിയപ്പോൾവമ്പിച്ചൊരു പ്രതിബന്ധം നേരിട്ടു. അവരുടെ വഴിയടച്ചുകൊണ്ടു വലിയൊരു പാറ പുറത്തേയ്ക്കു തള്ളിനില്ക്കുന്നു. വിമാനഫോട്ടോഗ്രാഫുകളിൽ ഇതവർ കണ്ടിരുന്നു. ത്യാങ്ങ് ബോച്ചേയിൽനിന്നു ദൂരദർശിനിയിലൂടെ നോക്കിയപ്പോഴും എന്തോ ഒന്നവിടെ മുഴച്ചുനില്ക്കുന്നത് കണ്ടിട്ടുണ്ട്. ഇത് കടന്ന് അപ്പുറമെത്താൻ ഒരു മാർഗ്ഗമേയുള്ളു. കുത്തനെ കയറി പാറയ്ക്കും അതിനോടുതൊട്ടുള്ള മഞ്ഞിൻകമാനത്തിനുമിടയിലുള്ള ഇടുങ്ങിയ ഒരൊഴിവിലൂടെ മറുവശം പററണം. ഹില്ലാരിയാണ് മുമ്പിൽ. അയാൾ വളരെ സാവധാനത്തിൽ സൂക്ഷ്മതയോടെ പററിപ്പിടിച്ചു കയറി മുകളിൽ പ്ളാററ്ഫോംപോലുള്ള പാറയിലെത്തിച്ചേർന്നു.

**ലോകത്തിൻെറ നെറുകയിൽ**

മഞ്ഞിൻകമാനത്തിന്റെ വക്കത്ത് ശക്തിയിൽ പിന്നോട്ട് ചവിട്ടിട്ട വേണ്ടിയിരുന്നു അയാൾക്ക് മേലോട്ട് ആക്കമെടുക്കാൻ. അടുത്ത് പിന്നിൽനിന്ന് ടെൻസിങ്ങ് അയാളെ ബലത്തിൽ താങ്ങിക്കൊടുത്തു. കാരണം, ചവിട്ടിയ കമാനത്തിന്റെ വക്ക് അടന്നുപോയാൽ അതോടു കൂടി എല്ലാം അവസാനിയ്ക്കും.

ഭാഗ്യവശാൽ അപകടമൊന്നും ഉണ്ടായില്ല. ഹില്ലാരി പാറയിൽനിന്നു കയർ താഴ്ത്തി ടെൻസിങ്ങിനെ വലിച്ചു കയററി. ഇരുവരും അവിടെ കുറച്ചു നേരം വിശ്രമിച്ചു. വീണ്ടും കയറി. പിന്നെയുള്ള വഴി അടുത്തടുത്തായി കുറെ മഞ്ഞിൻപൂഞ്ഞകളാണ്. അപകടംപിടിച്ച ഒട്ടേറെ കമാനങ്ങളുമുണ്ട്. അവർ മുകളിലേയ്ക്കു നേരിട്ടുള്ള ഹിമത്തിണ്ടു വിട്ട് അല്പമൊന്ന് ഇടത്തോട്ട് തെററി, ചാഞ്ഞ ഒരു മേടയിലൂടെ പോകയാണുണ്ടായത്. കൊടുമുടിയ്ക്ക് ഏതാണ്ട് നൂറടി താഴെ ഒരു മൊട്ടപ്പാറപ്പരപ്പാണ്. രണ്ടു തമ്പടിയ്ക്കാൻ സ്ഥലമുണ്ട്. ടെൻസിങ്ങ് അവിടെനിന്ന് രണ്ടു മൂന്ന് ചെറിയ കല്ലുകൾ പെറുക്കി കീശയിലിട്ടു. അല്പനിമിഷങ്ങൾക്കുള്ളിൽ ആ പാറയും അവരുടെ കീഴിലായി.

മഞ്ഞിൻപൂഞ്ഞകളുമായുള്ള മൽപ്പിടുത്തമായി പിന്നെ. എല്ലാം വലത്തോട്ടുന്തിനിൽക്കുകയാണ്. ഒന്നിന്നടുത്തെത്തിയാൽ അപ്പുറമെന്താണെന്ന് കാണുകയില്ല. ഇത്തരം അനേകം പൂഞ്ഞകൾ കടന്ന് ഒരൊഴിവുസ്ഥലത്തെത്തി. അവിടെനിന്നു ചുററുപാടും നോക്കിയാൽ തുറന്ന ആകാശവും പരന്ന മൈതാനങ്ങളും കാണാം. തിബത്തിന് നേക്കാണ് അവർ നോക്കിനിന്നത്. ഒരു പൂഞ്ഞ കൂടി കടക്കേണ്ടതുണ്ട്, അവസാനത്തേത്. അതിനുള്ള

വഴി എളുപ്പമാണ്. രണ്ടു പേക്ക് സുഖമായി നടന്നു പോകാം. ഏതാണ്ട് മുപ്പതടി നടന്ന് അവരിരുവരും ഒരു നിമിഷനേരം നിന്നു....പിന്നെയും കയറി. കൊടുമുടി ക്കല്പം താഴെ ടെൻസിങ്ങും ഹില്ലാരിയും നിന്നു. അവർ മേലോട്ടു നോക്കി. വീണ്ടും കയറി. രണ്ടു പേരെയും ബന്ധിച്ചിരുന്ന കയറിന്ന് മുപ്പതടി നീളമുണ്ട്. അതി ലധികഭാഗവും ടെൻസിങ്ങ് കുടക്കി പിടിച്ചിരുന്നതു കൊണ്ട് ഇരുവരും തമ്മിലുള്ള വിടവ് കഷ്ടിച്ച് ആറടി മാത്രം. സാവധാനത്തിലാണ് കയറിയത്. കൊടുമു ടിയുടെ അററത്ത് ആദ്യം ഹില്ലാരി കാൽ വെച്ചു. പി ന്നെ ടെൻസിങ്ങും. അവർ രണ്ടു പേരും എവറസ്റ്റിൻെറ നെറുകയിൽ നിൽക്കുകയാണ്. സ്വപ്നം യാഥാർത്ഥ്യമായി!

ഒന്നാമതവർ ചെയ്തത്, എല്ലാ മല കയററക്കാരും ചെയ്യുന്നതുപോലെ, കൈകൊടുക്കുകയായിരുന്നു. എന്നാൽ എവറസ്റ്റിന്ന് ഇതു മാത്രം മതിയോ? ടെൻസിങ്ങ് തല ക്കു ചുററും കൈ വീശിക്കൊണ്ട് ഹില്ലാരിയെ കെട്ടി പ്പിടിച്ചു. ഇരുവരും അല്പനേരം പുറത്ത് താളം പിടിച്ചു കൊണ്ടു നിന്നു. പിന്നെ പിടിവിട്ട് ചുററും നോക്കി. രാവിലെ 11½ മണിയായിരിക്കുന്നു. ആകാശം നീല വർണ്ണം. സൂര്യൻ എതാണ്ട് തലക്കുമീതെ എത്താറായി. തിബത്തിൽനിന്നു വീശുന്ന ചെറിയ കാററിൽ കൊടുമു ടിയിൽ അവിടവിടെ കാണുന്ന നനുത്ത മഞ്ഞിൽവെൺ നുരകരം പഞ്ഞിപോലെ പാറി താഴോട്ടു പോകുന്നു. വളരെ അകലെ റോങ്ങ്ബക്ക് വിഹാരവും, ഷെകാഡ് സോങ്ങ് ഗ്രാമവും, ഖാത്താ അടിവാരവും മററും വ്യക്ത മായി കാണുന്നുണ്ട്. അവക്കപ്പുറവും അവക്ക് ചുററുപാടും, നേപ്പാളിലും, തിബത്തിലും അങ്ങനിന്നിങ്ങോളം വ്യാ

പിച്ചുകിടക്കുന്ന ഹിമവാൻ, ലോട്ട്സേ, നപ്ത്സേ, മകാലു തുടങ്ങിയ മഹാശിഖരങ്ങൾ—എന്തിന് കാഞ്ചനജംഘപോലും—ചെറിയ മൺപുററുകൾപോലെ എത്രയോ താഴെ അകലെ കാണപ്പെടുന്നു. എവറസ്റ്റ് ഒരു പിടക്കോഴിയും മററു ശിഖരങ്ങൾ അതിൻെറ കുഞ്ഞുങ്ങളും!

അങ്ങിനെയൊരു കാഴ്ച ടെൻസിങ്ങ് ഇതുവരെ കണ്ടിട്ടില്ല. ഇനിയൊട്ടു കാണുകയുമില്ല. അചിന്ത്യം. അത്ഭുതാവഹം, ഭയാനകം! ഹില്ലാരി തൻെറ ക്യാമറ പുറത്തെടുത്തു. മരവിച്ചുപോകാതിരിയ്ക്കാൻ അയാളതു വസ്ത്രങ്ങൾക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചിരുന്നു. ടെൻസിങ്ങ് തൻെറ മഴു പൊക്കിപ്പിടിച്ചു. അതിന്മേൽ ഒരു ചരടിൽ നാലു പതാകകൾ പാറിക്കളിച്ചു, ഐക്യരാഷ്ട്രങ്ങൾ, ബ്രിട്ടൻ, നേപ്പാൾ, ഇന്ത്യ എന്നീ ക്രമത്തിലാണ് അവ തൂക്കിയത്. ഹില്ലാരി ടെൻസിങ്ങിൻെറ ഫോട്ടോ എടുത്തു. ടെൻസിങ്ങ് കീശയിൽനിന്ന് ഒരു ചെറിയ മിഠായിപ്പൊതി എടുത്ത് അതും മകൾ കൊടുത്ത ഒരു ചുമപ്പുനീലപ്പെൻസിലും ശിഖരത്തിൻെറ ഒത്ത നടുവിൽ മഞ്ഞു മാന്തി കുഴിച്ചിട്ടു. അതു കണ്ട് ഹില്ലാരി ശീലകൊണ്ടുണ്ടാക്കിയ പൂച്ചയുടെ ഒരു ചെറിയ പ്രതിമ—അതു കേണൽ ഹണ്ട് അയാളെ ഏല്പിച്ചതാണ്—ടെൻസിങ്ങിനെറിഞ്ഞുകൊടുത്തു. അതും അവിടെ കുഴിച്ചുമൂടി.

അവർ കൊടുമുടി നെറുകയിൽ എത്തീട്ടു പതിനഞ്ചു മിനിട്ടോളമായി. തിരിച്ചുപോകാൻ വൈകി. കൊടികൾ കെട്ടിയ ചരടിൻെറ രണ്ടററവും ടെൻസിങ്ങ് മഞ്ഞിൽ ആഴത്തിൽ കുഴിച്ചുറപ്പിച്ചു. ഇരുവരും പതുക്കെ ഇറങ്ങിപ്പോരികയും ചെയ്തു.

# ലണ്ടനിലെ സ്വീകരണം

ഇരുവരും പതുക്കെ ഇറങ്ങി, ആവുന്നത്ര വേഗത്തിൽ താഴെ എത്തണമെന്നു് ആഗ്രഹിച്ചിട്ടും ഓരോ അടിവെപ്പും സൂക്ഷ്മതയോടെ വേണ്ടിവന്നു. രണ്ടുമൂന്നു ദിവസത്തെ അത്യദ്ധ്വാനവും അസാധാരണജീവിതവും അവരെ വല്ലാതെ അവശരാക്കിയിരുന്നു. മലകയറ്റക്കാർക്കു് സാധാരണ അപകടം പിണയാറു് മടക്കയാത്രയിലാണെന്നു് അവർക്കറിയാം. അവർ സൂക്ഷിച്ചു

നാലാം ക്യാമ്പിൽ നേതാവായ കേണൽ ഹണ്ടു് ഉൾപ്പെടെ സംഘത്തിലെ മിക്ക അംഗങ്ങളും കാത്തിരിപ്പുണ്ടു്. അടുത്തെത്തിയപ്പോൾ കേണൽ ഹണ്ടു് ഓടിച്ചെന്നു് ഇരുവരേയും ആശ്ലേഷിച്ചു. എല്ലാവരും അന്യോന്യം കെട്ടിപ്പിടിച്ചു. 'ഇതു വാസ്തവമാണോ?' 'ഇതു വാസ്തവമാണോ' എന്നു് അശ്രുപൂർണ്ണവിഴികളോടുകൂടി ഹണ്ടു് ചോദിച്ചുകൊണ്ടിരുന്നു. തിന്നും കുടിച്ചും നേരംപോക്കുകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും അവർ അധികനേരം കഴിച്ചുകൂട്ടി. അന്നു രാത്രി അവിടെ താമസിച്ചു. പിറേറന്നു കാലത്തു പുറപ്പെട്ടു. ടെൻസിങ്ങ് ഒരു ദിവസം കൊണ്ടു അടിവാരത്തെത്തി. അവിടെയും ഒരു രാത്രി കഴിച്ചുകൂട്ടി. പിറേറന്നു ഹിമാനികളും മലഞ്ചെരിവുകളും

കടന്നു മുപ്പത്തഞ്ചു നാഴിക അകലെ താമ്മേയിലെത്തിച്ചേൻറ അമ്മയെ കണ്ടു. അവിടെ അമ്മയും അനുജത്തിയുമൊന്നിച്ചു രണ്ടുദിവസം പാത്തശേഷം നൂറിൽപ്പരം ഷേപ്പാ പോർട്ടർമാരോടുകൂടി ത്യാങ്ങ്ബോച്ചേയിലേയ്ക്കു പുറപ്പെട്ടു. അവിടെ ടെൻസിങ്ങിനെ അനുമോദിച്ചുകൊണ്ടു ബ്രിട്ടീഷുപ്രധാനമന്ത്രി സർ വിൻസ്റ്റൺ ചർച്ചിൽ അയച്ച ഒരു കമ്പിസന്ദേശം വന്നുകിടക്കുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അനുമോദനക്കമ്പികരം കിട്ടിക്കൊണ്ടിരുന്നു. അപ്പൊഴെല്ലും അവിടെ എത്തിച്ചേൻറ സംഘാംഗങ്ങളൊരുമിച്ചു കാഠ്മാണ്ഡുവിലേയ്ക്കു പുറപ്പെട്ടു. വഴിനീളെ വമ്പിച്ച സ്വീകരണങ്ങളുണ്ടായി. പത്രപ്രതിനിധികളും ഫോട്ടോഗ്രാഫർമാരും അവരെ സദാ അലട്ടിക്കൊണ്ടിരുന്നു. എവറസ്റ്റാരോഹണം സംബന്ധിച്ച വത്തമാനങ്ങളുടെയും ഫോട്ടോഗ്രാഫുകളുടെയും ഉടമസ്ഥത സംഘത്തിനാണെന്നു അതിലെ അംഗങ്ങളെക്കൊണ്ടു നേതാവായ കേണൽ ഹണ്ട് കാലേക്കൂട്ടി എഴുതിവാങ്ങിയിരുന്നു. അതുകൊണ്ടു അവക്കു സ്വന്തനിലയിൽ യാതൊന്നും പറയാനോ പ്രവത്തിയ്ക്കാനോ സ്വാതന്ത്ര്യമില്ല. ടെൻസിങ്ങ് സംഘത്തിലെ ഔദ്യോഗികാംഗമല്ലാഞ്ഞതുകൊണ്ട് അദ്ദേഹത്തിന്നു പത്രപ്രതിനിധികളുമായി യഥേഷ്ടം കൂടിക്കാഴ്ചകരം നടത്താൻ കഴിഞ്ഞു. ഇതുവഴി ടെൻസിങ്ങിന്നു മുമ്പൊരിയ്ക്കലും സാധിച്ചിട്ടില്ലാത്തത്ര പണം സമ്പാദിയ്ക്കാനും സാധിച്ചു.

കാഠ്മാണ്ഡുവിലെത്തുന്നതിന്നു് അല്പം മുമ്പു ജനക്കൂട്ടം ടെൻസിങ്ങിനെ പിടികൂടി. സംഘത്തിൽനിന്നു ടെൻസിങ്ങിനെ വേർപെടുത്തി. അദ്ദേഹത്തെ ഉന്തിയും ത

ള്ളിയും വലിച്ചും പലവിധം ചോദ്യങ്ങൾ ചോദിച്ചും വല്ലാതെ കുഴക്കി. ജൂൺ 20—ാംനു നേപ്പാൾ താഴ്വാരത്തിലെത്തിയതോടുകൂടി അവർ അദ്ദേഹത്തെ ഒരു ജീപ്പിൽ കയററി ഘോഷയാത്ര നടത്തി. സംഘം കടന്നുപോയ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇങ്ങിനെ ആഘോഷങ്ങളുണ്ടായി. കാഠ്മാണ്ഡുവിൽനിന്നു മൂന്നു നാഴിക അകലെവെച്ചു ഭാര്യയും കുട്ടികളും ടെൻസിങ്ങൊന്നിച്ചു ചേൎന്നു. കാഠ്മാണ്ഡുവിൽ വമ്പിച്ച സ്വീകരണമുണ്ടായി. സംഘാംഗങ്ങളെ മല കയറുമ്പോൾ ധരിച്ച വൃത്തികെട്ട വസ്ത്രങ്ങൾപോലും മാററാനനുവദിയ്ക്കാതെ ത്രിഭുവനരാജാവിൻെറ കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോയി. രാജാവു സ്നേഹപൂൎവ്വം അവരെ സ്വീകരിച്ചു. അദ്ദേഹം ടെൻസിങ്ങിന്നു നേപ്പാൾഗവമ്മെണ്ടിൻെറ ഏററവുമുയൎന്ന ബഹുമതിയായ 'നേപ്പാൾതാരം' എന്ന കീൎത്തിമുദ്ര സമ്മാനിച്ചു. കേണൽ ഹണ്ടിന്നും ഹില്ലാരിയ്ക്കും അതിൽ താണ രണ്ടു മെഡലുകളും കൊടുത്തു. അവക്കു ബ്രിട്ടീഷു ''മഹാരാജ്ഞി നൈററ്ഹുഡ്'' (സർ) ബഹുമതി കല്പിച്ചു നൽകിയതായി കമ്പി വന്നു. ടെൻസിങ്ങിന്നു ഒരു ജോർജ്ജ്മെഡലും. കാഠ്മാണ്ഡുവിൽ അവർ ഒരാഴ്ചയോളം താമസിച്ചു.

ടെൻസിങ്ങ് കാഠ്മാണ്ഡുവിൽനിന്നു ത്രിഭുവനരാജാവിൻെറ സ്വകാര്യവിമാനത്തിൽ കല്കത്തയിലേയ്ക്കു പോയി. അദ്ദേഹവും കുടുംബവും മാത്രമേ അതിലുണ്ടായിരുന്നുള്ളു. കല്കത്തയിൽ ഗവമ്മേണ്ടു മന്ദിരത്തിലായിരുന്നു അവരുടെ താമസം. ആ അവസരത്തിൽ ലണ്ടനിലെ 'ഡയിലി എക്സ്പ്രസ്സി'ൻെറ വകയായി ടെൻസിങ്ങിന്നു

ലണ്ടനിലെ സ്വീകരണം

ഒരു യൂറോപ്പ് പര്യടനത്തിന്നു ക്ഷണം കിട്ടി. അതദ്ദേഹം നിരസിച്ചു, നേരെ ന്യൂഡൽഹിയ്ക്കു പുറപ്പെട്ടു. ആരോഹണസംഘത്തിലെ മററംഗങ്ങരം അപ്പൊഴെയ്ക്കും അവിടെ എത്തിയിരുന്നു. കാറ്മാണ്ഡുവിലും കൽക്കത്തയിലുമെന്നപോലെ ന്യൂഡൽഹിയിലും വമ്പിച്ച ആഘോഷമായിരുന്നു. വിമാനത്താവളത്തിൽ വലിയൊരു സ്വീകരണമുണ്ടായി. അത്ര വലിയൊരു ജനക്കൂട്ടത്തെ ടെൻസിങ്ങ് മുമ്പെങ്ങും കണ്ടിട്ടില്ല. സംഘാംഗങ്ങരം ഒന്നാമതു നേപ്പാരം പ്രതിനിധിമന്ദിരത്തിലേയ്ക്കു പോയി. അവിടെയാണ് അവക്കു താമസത്തിന്നേപ്പാടു ചെയ്തത്. പ്രധാനമന്ത്രി നെഹ്റുവിൻെറ സ്വീകരണം അന്നു വൈകുന്നേരം തന്നെ നടന്നു. ടെൻസിങ്ങിന്നു ഒരിക്കലും മറക്കാനാവാത്ത ഒരു സന്ദർഭമായിരുന്നു അതു. അദ്ദേഹത്തെ ജവഹർലാൽ നെഹ്റു പിതൃനിർവ്വിശേഷമായ വാത്സല്യത്തോടെ സ്വീകരിച്ചു. പിറേറ ദിവസം ടെൻസിങ്ങിനെ നെഹ്റു തൻെറ ആപ്പീസ്സിലേയ്ക്കു ക്ഷണിച്ചു. ടെൻസിങ്ങ് ലണ്ടൻ സന്ദശിയ്ക്കണമെന്നു അദ്ദേഹം ഉപദേശിച്ചു. ഭാര്യയേയും കുട്ടികളേയും കൂടെ കൊണ്ടുപോകാൻ സൌകര്യപ്പെടുത്താമെന്നും ഏററു. മാത്രമല്ല, ടെൻസിങ്ങിനെ അദ്ദേഹം വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. പെട്ടി തുറന്നു തൻെറ വസ്ത്രങ്ങരം ഓരോന്നായെടുത്തു സമ്മാനിയ്ക്കാൻതുടങ്ങി. ടെൻസിങ്ങിന്നു സ്വന്തമായി താഴപ്പോരം ധരിച്ച വസ്ത്രമേ ഉണ്ടായിരുന്നുള്ളു. കോട്ടുകരം, കാലുറകരം, ഷർട്ടുകരം എന്നുവേണ്ട പലതരം വസ്ത്രങ്ങരം നെഹ്റു എടുത്തുകൊടുത്തു. നെഹ്റു വളരെ വിലമതിച്ചിരുന്ന തൻെറ അച്ഛൻെറ ഒരുടുപ്പും അതിൽപ്പെട്ടിരുന്നു. ടെൻസിങ്ങി

ൻെറ ഭാര്യ ഓങ്ലാമുവിന്നു നെഹ്റു മനോഹരമായ ഒരു പോക്കററ്ബുക്കും ഒരു മഴക്കോട്ടും കൊടുത്തു. ഒടുവിൽ ടെൻസിങ്ങിന്നു ഒരു തോൽപ്പെട്ടിയും സമ്മാനിച്ചു. ഇത്രയുമായപ്പോഴേയ്ക്കു താനൊരു സാധു ഷേപ്പ്യയല്ല. വലിയ കച്ചവടക്കാരനോ, തന്ത്രവകുപ്പിലെ ഉദ്യോഗസ്ഥനോ ആണെന്നു ടെൻസിങ്ങിന്നു തോന്നിപ്പോയി. ഒന്നുമാത്രം അയാൾക്കു നെഹ്റു കൊടുത്തില്ല ; താൻ ധരിച്ചതുപോലുള്ള വെളുത്ത ഗാന്ധിത്തൊപ്പി.

അല്പദിവസത്തിന്നുള്ളിൽ ടെൻസിങ്ങിന്നു പാസ്പോർട്ട് കിട്ടി. അദ്ദേഹവും ഭാര്യയും രണ്ടു പുത്രിമാരും സെക്രട്ടറിയും വിമാനംവഴി യൂറോപ്പിലേയ്ക്കു പുറപ്പെട്ടു. കേണൽ ഹണ്ട് ഉൾപ്പെടെ പർവ്വതാരോഹണസംഘത്തിലെ അംഗങ്ങളും ആ വിമാനത്തിലുണ്ടായിരുന്നു. കറാച്ചി, ബാഗ്ദാദ്, കൈറോ, റോം വഴിയ്ക്കായിരുന്നു യാത്ര. റോമിൽവെച്ചു അവിടത്തെ ഇന്ത്യൻ, ബ്രിട്ടീഷ്പ്രതിനിധികൾ അവരെ സ്വാഗതംചെയ്തു. സൂറിച്ചിൽ കുറച്ചു നേരമേ വിമാനത്തിന്നു താമസമുള്ളവെങ്കിലും ടെൻസിങ്ങിനെ അനുമോദിയ്ക്കാൻ തൻെറ പഴയ പല സ്നേഹിതന്മാരും അവിടെ കാത്തുനിന്നിരുന്നു. ഹിമാലയത്തിൽ വെച്ചു പല അവസരങ്ങളിലായി പരിചയപ്പെട്ട സ്വിസ്സ് മലകയററക്കാരായിരുന്നു അവർ.

ലണ്ടനിൽ ടെൻസിങ്ങും കുടുംബവും താമസിച്ചത് ഇന്ത്യൻ സർവ്വീസസ് ക്ലബ്ബിലാണ്. അന്നത്തെ ഇന്ത്യൻ അമ്പാസഡറായിരുന്ന ബി. ജി. ഖെർ അവക്കു വേണ്ട എല്ലാ സൌകര്യങ്ങളും ശ്രദ്ധാപൂർവ്വം ചെയ്തുകൊടുത്തു. ഇംഗ്ലണ്ടിൽ വിമാനമിറങ്ങിയ ഉടനെ സംഘത്തിലെ മററം

ഗങ്ങളെല്ലാം അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്കു പോയി ടെൻസിങ്ങിന്നു അവിടെ വലിയ തിരക്കായി. സന്ദർശകരും പത്രപ്രതിനിധികളും സദാ വന്നു കണ്ടു കൊണ്ടിരുന്നു. ഇംഗ്ലണ്ടിൽ പല പ്രധാനസ്ഥലങ്ങളും അദ്ദേഹം സന്ദർശിച്ചു. റേഡിയോപ്രക്ഷേപണം നടത്തി, നടാടെ ടെലിവിഷനിൽ പ്രത്യക്ഷനാവുകയുംചെയ്തു. ഇങ്ങിനെ പതിനാറു ദിവസം ടെൻസിങ്ങ് ലണ്ടനിൽ കഴിച്ചുകൂട്ടി. പുത്രി പെംപൊവിന്നു പെട്ടെന്നു സുഖക്കേടുണ്ടാകയാൽ അവളെ ആസ്പത്രിയ്ക്കയച്ചു. ടെൻസിങ്ങും ഓങ് ലാമുവും രണ്ടാമത്തെ പുത്രി ത്രുമയും നാടകശാലകൾ, ഷാപ്പുകൾ തുടങ്ങി പല സ്ഥലങ്ങളും സന്ദർശിച്ചുകൊണ്ടിരുന്നു. പലരിൽനിന്നുമായി അവക്ക് എത്രയോ സമ്മാനങ്ങൾ ലഭിച്ചു. ഇങ്ങിനെ കണക്കിലേറെ സമ്മാനങ്ങൾ സ്വീകരിയ്ക്കുന്നതു ശരിയല്ലെന്ന അഭിപ്രായക്കാരനായിരുന്നു ടെൻസിങ്ങ്. ''എന്തുകൊണ്ടു വാങ്ങിക്കൂടാ?'' എന്നു ഓങ്ലാമുവും ത്രുമയും കൂടെക്കൂടെ ചോദിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവരൊരു ക്യാമറഷാപ്പിൽ കയറി. ഇഷ്ടമുള്ള ഒരു ക്യാമറ സമ്മാനമായെടുത്തുകൊള്ളാൻ ഷാപ്പുടമസ്ഥൻ അനുവാദം കൊടുത്തു. ഉടനെ ത്രുമ വിലപിടിച്ച ഒരു 'റോളിഫ്ലെക്സ്' എടുത്തു. ടെൻസിങ്ങ് അതനുവദിച്ചില്ല. വില കുറഞ്ഞതൊന്നെടുത്താൽമതിയെന്ന് അയാൾ കുട്ടിയെ നിർബ്ബന്ധിച്ചു. ഇതവൾക്ക് അശേഷം രസിച്ചില്ല. ഇന്ത്യയിൽ തിരിച്ചെത്തിയശേഷവും അവൾ അച്ഛൻ കാണിച്ച അല്പത്വത്തെക്കുറിച്ചു പലരോടും ആക്ഷേപിച്ചു പറഞ്ഞിരുന്നു.

കേണൽ ഹണ്ട് ഉൾപ്പെടെ ആരോഹണസംഘത്തിലെ മിക്ക അംഗങ്ങളും ടെൻസിങ്ങിനെയും കുടുംബത്തെ

യും അവരുടെ വീട്ടിലേയ്ക്കു ക്ഷണിച്ചു. അവരിൽ അധികംപേരുടെയും ഉദാരമായ ആതിഥ്യം അദ്ദേഹം സ്വീകരിച്ചു. പഴയ പല സ്നേഹിതന്മാരെയും കാണാനുള്ള സൌകര്യവും ഈ അവസരത്തിലുണ്ടായി. ഇംഗ്ലണ്ടിലായിരുന്നപ്പോഠം ടെൻസിങ്ങ് അധികവും യൂറോപ്യൻവസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. എന്നാൽ ഔദ്യോഗികസ്വീകരണാവസരങ്ങളിലൊക്കെ നെഹ്റു സമ്മാനിച്ച ഇന്ത്യൻവസ്ത്രങ്ങളേ ധരിച്ചിരുന്നുള്ളു.

കുടുംബങ്ങളെ കാണാൻ പോയിരുന്ന സംഘാംഗങ്ങളെല്ലാം തിരിച്ചെത്തി. എലിസബത്തു മഹാരാജ്ഞിയെ മുഖം കാണിയ്ക്കാൻ ഒരു ദിവസം നിശ്ചയിച്ചു. സംഘാംഗങ്ങഠം ബക്കിങ്ങാംകൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. അവരെ കാണാൻ വഴിനീളെ ജനക്കൂട്ടം തിങ്ങിക്കൂടിയിരുന്നു. രാജ്ഞിയെ കാണുന്നതിന്നുമുമ്പു രാജധാനിയുടെ മുററത്തു വെച്ചു അവക്കു ഒരു ചായസല്ക്കാരമുണ്ടായി. അവിടെയും ഒരു വമ്പിച്ച ആഠംക്കൂട്ടം കൂടിയിരുന്നു. സല്ക്കാരത്തിന്നു ശേഷം അവരെ രാജധാനിയിലെ വിശാലമായ സ്വീകരണമുറിയിലേയ്ക്കു കൊണ്ടുപോയി. അവിടെ രാജ്ഞിയും എഡിൻബറോപ്രഭുവും പരിവാരസമേതം ഹാജരായി. സംഘാംഗങ്ങളോടുകൂടി അവരുടെ കുടുംബങ്ങളുമുണ്ടായിരുന്നു. രാജ്ഞിയും പ്രഭുവും സംഘാംഗങ്ങഠംക്കു മെഡലുകളും മററു സമ്മാനങ്ങളും നല്കി. ടെൻസിങ്ങിൻെറ നേരെ രാജ്ഞി വലിയ താല്പര്യം പ്രദശിപ്പിച്ചു; മലകയററത്തെക്കുറിച്ചു പലതും ചോദിച്ചു. സ്വീകരണത്തിന്നു ശേഷം അവക്കു എഡിൻബറോപ്രഭുവിൻെറ വക ഒരു വിരുന്നുണ്ടായി. ആ അവസരത്തിൽ സംഘാംഗങ്ങഠം തങ്ങഠം

ലണ്ടനിലെ സ്വീകരണം

ക്കു ലഭിച്ച മെഡലുകളും മററു ബഹുമതി ചിഹ്നങ്ങളും ധരിച്ചുകൊണ്ടാണ് ഹാജരായത്. പിറേറന്നും അതിൻെറ പിറേറന്നും തന്ത്രപ്രതിനിധികളുടേയും മററും വക സല്ക്കാരങ്ങൾ നടന്നു. അവയിൽ കണ്ട നിറപ്പകിട്ടും ആർഭാടവും ടെൻസിങ്ങിന്നു വല്ലാത്തൊരമ്പരപ്പുണ്ടാക്കി. ഇംഗ്ലീഷുകാരുടെ ഔദാര്യവും സ്നേഹപൂർണ്ണമായ പെരുമാററവും ആരുടെയും ഹൃദയത്തെ വശീകരിക്കുത്തക്കതാണ്.

ഒടുവിൽ ലണ്ടനോടു യാത്രപറയേണ്ട സമയമെത്തി. സംഘാംഗങ്ങളിൽ മിക്കവരും ടെൻസിങ്ങിനെ യാത്രയയക്കുവാൻ വിമാനത്താവളത്തിൽ ഹാജരായി. മടക്കയാത്രയിൽ രണ്ടാഴ്ച സ്വിററ്സർലണ്ടിൽ താമസിക്കുണമെന്നു നിശ്ചയിച്ചതനുസരിച്ചു ടെൻസിങ്ങ് സ്യൂറിച്ചിൽ ഇറങ്ങി. അദ്ദേഹം അവിടെ സ്വിസ്സ് ആൽപൈൻ ഗവേഷണസംഘത്തിൻെറ അതിഥിയായിരുന്നു. രാത്രി അവിടെ വിശ്രമിച്ചു പിറേറന്നു രാവിലെ ചില സ്നേഹിതരൊന്നിച്ചു ആൽപ്സ് പർവ്വതത്തിലേക്കു പോയി. ലോകവിശ്രുതിയാർജ്ജിച്ച ആ പർവ്വതനിരകൾ കാണുക മാത്രമല്ല, അതിലൊരു കൊടുമുടി കയറുകയും ചെയ്തു. സ്വിസ്സ് ഫൌണ്ടേഷൻെറ അദ്ധ്യക്ഷനായ മിസ്റ്റർ ഏണസ്റ്റ് ഫ്യൂസാണ് ഇതിന്നുവേണ്ട ഏർപ്പാടെല്ലാം ചെയ്തത്. അദ്ദേഹവും പത്നിയും ടെൻസിങ്ങൊന്നിച്ചുണ്ടായിരുന്നു. അവർ ഒന്നാമതു റോസൻ റോവിലെ പർവ്വതസങ്കേതത്തിലേക്കാണ് പോയത്. അവിടെ പേരുകേട്ട ആർനോൾഡ് ഗ്ലാററ് ഹാർസ് ഒരു മലകയററക്കൂറം നടത്തുന്നുണ്ട്. അവിടെവെച്ചു ടെൻസിങ്ങ് ഡമിലിസ്റ്റോക്കു കൊടുമുടി കയറി. പിന്നെ പർവ്വതവണ്ടി വഴി ജങ്ങ്ഫ്രോവിലേക്കു

പോയി. പിറേറന്നു രാവിലെ ജങ്ങ്ഫ്രോജോക്ക് കൊടുമുടിയും കയറി. ടെൻസിങ്ങൊന്നിച്ച പ്രസിദ്ധ സ്വിസ്സ് മലകയററക്കാരനായ റെയ്മണ്ട് ലാമ്പർട്ടുമുണ്ടായിരുന്നു. സ്വിററ്സർലണ്ടിലെ പർവ്വതപ്രാന്തങ്ങളും തൻെറ നാടായ സോളോഖുംബുവും തമ്മിലുള്ള സാമ്യം ടെൻസിങ്ങിനെ ആശ്ചര്യപ്പെടുത്തി. അവിടെ പർവ്വതാരോഹണത്തിൽ താല്പര്യമുള്ള അസംഖ്യം ജനങ്ങളെ അദ്ദേഹം കണ്ടു. പുരുഷന്മാരും സ്ത്രീകളും വൃദ്ധന്മാരും കുട്ടികളുമെല്ലാം ഒരു പോലെ മലകയററത്തിൽ ഉത്സാഹം കാണിച്ചു.

ടെൻസിങ്ങ് ഒരു ദിവസം ഫ്രഞ്ചതിർത്തിയിലുള്ള ചാമോണിക്സിൽ താമസിച്ചു. അവിടെവെച്ചു നന്ദാദേവി ആരോഹണസംഘത്തിലെ അംഗങ്ങളായിരുന്ന പലരേയും കണ്ടു. 1951-ൽ അവരുടെകൂടെ ടെൻസിങ്ങുമുണ്ടായിരുന്നു. 1950-ൽ അന്നപൂർവ്വശിഖരത്തെ ആക്രമിച്ച സംഘത്തിലെ നേതാവായിരുന്ന മോറിസ്സ് ഹെർസോഗിനെയും കണ്ടു പരിചയം പുതുക്കാൻ കഴിഞ്ഞു. മോണ്ട് ബ്ലാങ്ക്കൊടുമുടി അകലെനിന്നു നോക്കാനേ കഴിഞ്ഞുള്ളു. ടെൻസിങ്ങ് ചമോനിക്സിലെത്തിയ ആ ദിവസം ആ മല നിറയെ ആളുകളായിരുന്നു, അടിവാരം തൊട്ട് ഏതാണ്ട് കൊടുമുടിവരെ. അതൊരു പർവ്വതമോ, അല്ല, വല്ല, റെയിൽവേസ്റ്റേഷനോ എന്നുകൂടി തോന്നിപ്പോയി.

അങ്ങിനെ രണ്ടാഴ്ച പോയതറിഞ്ഞില്ല. ടെൻസിങ്ങും കുടുംബവും സ്നേഹിതന്മാരോടു വിടവാങ്ങി; വിമാനംവഴി ഇന്ത്യയിലേയ്ക്കു പുറപ്പെട്ടു. എവറസ്റ്റു കയറി, ഇന്ത്യയിലും യൂറോപ്പിലും ജൈത്രയാത്ര നടത്തി, പ്രധാന

ലണ്ടനിലെ സ്വീകരണം

മന്ത്രിമാരാലും മഹാരാജ്ഞിമാരാലും സ്വീകരിയ്ക്കപ്പെട്ട ഇതാ ടെൻസിങ്ങ് സ്വന്ത നാട്ടിലേയ്ക്കു മടങ്ങുകയായി. വീണ്ടും ഡൽഹിയിലെത്തി പ്രധാനമന്ത്രി നെഹ്റുവിനേയും പ്രസിഡണ്ട് രാജേന്ദ്രപ്രസാദിനേയും കണ്ടു യൂറോപ്പിൽ തനിയ്ക്കുണ്ടായ അനുഭവങ്ങൾ അറിയിച്ചശേഷം ഡാർജിലിങ്ങിലേയ്ക്കു പോയി. അവിടെ പുതുതായി പണിയിച്ച ബംഗ്ലാവിൽ ടെൻസിങ്ങ് താമസമുറപ്പിച്ചു. ഇന്നും പർവ്വതാരോഹണസംരംഭങ്ങളിൽ സദാ ജാഗരൂകനായി കഴിയുകയാണദ്ദേഹം. ഇയ്യിടെ നടത്തിയ റഷ്യൻ പര്യടനത്തിന്നിടയിൽ ടെൻസിങ്ങ് കോക്കസ്സസ്സിലെ ഏററവും പൊക്കമുള്ള എൽബ്രൂസ്സ് കൊടുമുടി ഒരു സംഘം റഷ്യക്കാരൊന്നിച്ചു കയറി. ലോകപ്രസിദ്ധമായ എവറസ്റ്റാരോഹണം കഴിഞ്ഞു പത്തു കൊല്ലത്തിന്നുശേഷം 1963 മാച്ച് 8–ാംനു-യാണ് ഈ നേട്ടമുണ്ടായത്.